**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിരുന്നോ; എങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;ഇതിൽ ഉൾപ്പെടുത്തിയ ശിപാർശകൾ എന്തെല്ലാം ; ഇവയിൽ സർക്കാർ ഇതിനോടകം നടപ്പിലാക്കിയവ എന്തെല്ലാം ; അറിയിക്കുമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി 07.11.2022 തീയതിയിലെ സ.ഉ.(സാധാ) നം. 2717/2022/തസ്വഭവ ഉത്തരവ് പ്രകാരം പരാതി പരിഹാര സെൽ രൂപീകരിച്ചിരുന്നു. സെല്ലിന്റെ 25.01.2024 ൽ ചേർന്ന യോഗ നടപടിക്കുറിപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. സെല്ലിന്റെ ശിപാർശകളിന്മേൽ ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാരിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക വകുപ്പ് സംയോജനത്തിന്റെ ഭാഗമായി തരംതാഴ്ത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സ്പെഷ്യൽ റൂൾസ് 12(2)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് വിലയിരുത്തലുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വകുപ്പ് സംയോജനത്തിന്റെ ഭാഗമായി, മുൻ ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക, സീനിയർ സെക്രട്ടറി തസ്തികയുമായി ഏകീകരിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുകയും, സെല്ലിന്റെ ശിപാർശ ലഭ്യമാക്കിയിട്ടുമുണ്ട്. പ്രസ്തുത വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്. |
| (സി) | ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയെ വീണ്ടും പ്രൊമോഷൻ തസ്തികയായി പുനഃസ്ഥാപിക്കണമെന്ന് ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (സി) | വകുപ്പ് സംയോജനത്തിന്റെ ഭാഗമായി, മുൻ ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക, സീനിയർ സെക്രട്ടറി തസ്തികയുമായി ഏകീകരിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുകയും, സെല്ലിന്റെ ശിപാർശ ലഭ്യമാക്കിയിട്ടുമുണ്ട്. പ്രസ്തുത വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

**25/01/2024 ന് രാവിലെ 10.15 ന് പ്രിൻസിപ്പൽ ഡയറക്ടറുടെ ചേംബറിൽ ചേർന്ന ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി നിലവിൽ വന്ന വിശേഷാൽ ചട്ടങ്ങളിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെൽ യോഗ നടപടിക്കുറിപ്പ്**

ഹാജർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് – അദ്ധ്യക്ഷൻ
2. ഡയറക്ടർ (റൂറൽ ), തദ്ദേശ സ്വയംഭരണ വകുപ്പ് – സഹാദ്ധ്യക്ഷൻ
3. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് – സഹാദ്ധ്യക്ഷൻ
4. ശ്രീ എം.പി അജിത് കുമാർ, അഡീഷണൽ ഡയറക്ടർ (ഡി.ഇ) – കൺവീനർ
5. ശ്രീമതി കെ വനജകുമാരി, അഡീഷണൽ ഡയറക്ടർ (സി.& എസ്.എസ്) – അംഗം
6. ശ്രീമതി ത്രേസ്യാമ്മ ആന്റണി, ജോയിന്റ് ഡയറക്ടർ (സി.ആർ) – അംഗം
7. ശ്രീ കെ ഹരികുമാർ, ജോയിന്റ് ഡയറക്ടർ (എസ്.പി.എൽ) – അംഗം
8. ശ്രീ എം.എ മാസും, സീനിയർ ടൌൺ പ്ലാനർ – അംഗം
9. അഡ്വ കെ.റ്റി ജോർജ്ജ്, കില ലീഗൽ കൺസൾട്ടന്റ്

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ്, സബോർഡിനേറ്റ് വിഭാഗം ജീവനക്കാർക്കായി 27/10/2022 ലെ യഥാക്രമം 74/2022/തസ്വഭവ, 75/2022/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന വിശേഷാൽ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരും സർവ്വീസ് സംഘടനകളും, സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെല്ലിന്റെ രണ്ടാം യോഗം 25/01/2024 ന് രാവിലെ 10.15 ന് പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഓരോ മുൻ വകുപ്പുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ സെൽ പരിഗണനയ്ക്കെടുക്കുകയും വിശദമായ ചർച്ചകൾക്കു ശേഷം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

തീരുമാനങ്ങൾ

- ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യ / മുനിസിപ്പൽ കോമൺ സർവ്വീസ്, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ്, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ മുൻ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.
- സെല്ലിന്റെ തീരുമാനങ്ങളിന്മേൽ നടപടിയെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സെക്ഷനുകൾ ആയത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് നൽകേണ്ട ശിപാർശകൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
- മിനിട്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ടി വിവരം പരാതിക്കാരെ അറിയിക്കേണ്ടതുമാണ്. (നടപടി – ഡി.ഇ.ഡി സെക്ഷൻ)

യോഗം 7.30 PM ന് അവസാനിച്ചു.

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്

M. G. RAJAMANICKAM IAS
PEN: 42[illegible]
PRINCIPAL DIRECTOR
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar P.O, Tvpm - 695003

# 1. ഗ്രാമവികസന വകുപ്പ്

| തീരുമാനം നം | ക്രമ നം. | പരാതിക്കാർ | പരാതികൾ | പരാതികളിന്മേലുള്ള പരാതി പരിഹാര സെല്ലിന്റെ ശിപാർശ | നടപടി സ്വീകരിക്കേണ്ട സെക്ഷൻ |
|---|---|---|---|---|---|
| 1 | 1 | 1. വിജിൽ ജോസ്<br>2. ആനന്ദ് വി.എസ്<br>3. ഷമീർഖാൻ | • ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ ETC ലക്ചറർമാരെ ഉൾപ്പെടുത്തുക.<br>• BDO, Assistant Engineer, Veterinary Surgeon എന്നീ തസ്തികകളിലേക്ക് ETC ലക്ചറർമാർക്ക് inter-transferability അനുവദിക്കുക.<br>• ബൈ-ട്രാൻസ്ഫർ നിയമനം നിർത്തലാക്കിയതുവഴി BDO തസ്തികയിലേക്കുള്ള നിയമനത്തിന് അധികമായി ലഭ്യമായ അനുപാതം ETC ലക്ചറർമാർക്ക് അനുവദിച്ച് പുനർ വിന്യസിക്കുക. | മുൻ ഗ്രാമ വികസന വകുപ്പിലെ ETC ലക്ചറർമാരെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തസ്തികയിലെ അവസാന ഉദ്യോഗസ്ഥനും വിരമിക്കുന്നതു വരെ മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്ന് ഏകീകൃത വകുപ്പിന്റെ Subordinate Service Special Rule, Special Provision 12(3)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി തസ്തികകൾക്ക് സംയോജനത്തിന് മുമ്പ് ഗ്രാമ വികസന വകുപ്പിൽ നിലനിന്നിരുന്ന പഴയ വിശേഷാൽ ചട്ടമാണ് ബാധകമായി വരുന്നത് (G.O.(P) No.18/2010/LSGD Dated 22.01.2010).<br><br>കൂടാതെ, ETC, Lecturer Grade II, I എന്നീ തസ്തികകളുടെയും Block Panchayath Secretary തസ്തികയുടെയും യോഗ്യത, നിയമന രീതി, ജോലി സ്വഭാവം എന്നിവ വ്യത്യസ്തമാണ്. ആയതിനാൽ ടി തസ്തികകൾ interchangeable ആക്കുന്നത് സാധിക്കില്ല. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ജോലി നോക്കി പ്രായോഗിക പരിചയം നേടിവരുന്ന ഉദ്യോഗസ്ഥർക്കാണ് സ്ഥാനക്കയറ്റം മുഖേന Block Panchayath Secretary തസ്തികയിലേക്ക് നിയമനം നൽകുന്നത്. വിവിധ Academic | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | | വിഷയങ്ങളിലെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന Lecturer തസ്തികകളിലേക്ക് Block Panchayath Secretary മാരെ നിയമിക്കാൻ സാധിക്കുന്നതുമല്ല. ആയതിനാൽ പ്രസ്തുത തസ്തികകളിൽ inter-changeable തത്ത്വം നടപ്പിലാക്കുന്നത് സാധ്യമല്ല. സമാനമായി Assistant Engineer, Veterinary Surgeon എന്നീ തസ്തികകളിലേക്കുള്ള inter-changeability യും പരിഗണിക്കേണ്ടതില്ല.<br><br>Lecturer Grade II, (Agriculture, Rural Economics, Social Education, Extension Education, Home Science എന്ന വിഭാഗങ്ങളിൽ) എന്നീ തസ്തികകളിൽ 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് Grade I ആയി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ടി തസ്തികയിലെ മുൻ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (G.O.(P) No.18/2010/LSGD Dated 22.01.2010). നിലവിൽ സോഷ്യൽ എഡ്യൂക്കേഷൻ, റൂറൽ എക്കണോമിക്സ്, ഹോം സയൻസ് വിഭാഗങ്ങളിലെ Lecturer Grade II ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ETC ജീവനക്കാർക്ക് മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്നതിനാൽ നിലവിൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരും 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയവരുമായ എല്ലാ Lecturer Grade II ജീവനക്കാർക്ക് Grade I തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് (അപ്രകാരം | |

| | | | | | |
|---|---|---|---|---|---|
| | | | | ഒഴിവുണ്ടാകുന്ന ലക്ചറർ ഗ്രേഡ് 2 തസ്തികകളിൽ തുടർന്ന് നിയമനം നടത്തേണ്ടതില്ല എന്ന വ്യവസ്ഥയിൽ) സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കേണ്ടതാണ്. | |
| 2 | 2 | ഡോക്ടർ ജൂന എൽ പോൾ, ETC ലക്ചറർ | • ETC ലക്ചറർമാരെ ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തുക.<br>• BDO മാരെ ETC ലക്ചറർമാരായി നിയമിക്കുന്നതിന് സമാനമായി ETC ലക്ചറർമാരെ BDO മാരായും മാറ്റി നിയമിക്കുക.<br>• ETC പ്രിൻസിപ്പൽ തസ്തിക ലക്ചറർ മാരുടെ പ്രമോഷൻ തസ്തികയായി നിശ്ചയിക്കുക. | മുൻ ഗ്രാമ വികസന വകുപ്പിലെ ETC ലക്ചറർ മാരെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തസ്തികയിലെ അവസാന ഉദ്യോഗസ്ഥനും വിരമിക്കുന്നതു വരെ മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്ന് ഏകീകൃത വകുപ്പിന്റെ Subordinate Service Special Rule, Special Provision 12(3)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി തസ്തികകൾക്ക് സംയോജനത്തിന് മുമ്പ് ഗ്രാമ വികസന വകുപ്പിൽ നിലനിന്നിരുന്ന പഴയ വിശേഷാൽ ചട്ടമാണ് ബാധകമായി വരുന്നത് (G.O.(P) No.18/2010/LSGD Dated 22.01.2010). എന്നാൽ ശ്രീമതി ജൂന എൽ പോൾ ഫയൽ ചെയ്ത OA 1435/2022 മേലുള്ള വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടിയാളുടെ വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങൾ പരാതി പരിഹാര സെല്ല് പരിഗണനയ്ക്കുന്നതിനുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ചുവടെ കാണിച്ച പ്രകാരമുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കാവുന്നതാണ്.<br><br>ETC, Lecturer Grade II, I എന്നീ | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | | തസ്തികകളുടെയും Block Panchayath Secretary തസ്തികയുടെയും യോഗ്യത, നിയമന രീതി, ജോലി സ്വഭാവം എന്നിവ വ്യത്യസ്തമാണ്. ആയതിനാൽ ടി തസ്തികകൾ interchangeable ആക്കുന്നത് സാധിക്കില്ല. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ജോലി നോക്കി പ്രായോഗിക പരിചയം നേടിവരുന്ന ഉദ്യോഗസ്ഥർക്കാണ് സ്ഥാനക്കയറ്റം മുഖേന Block Panchayath Secretary തസ്തികയിലേക്ക് നിയമനം നൽകുന്നത്. വിവിധ Academic വിഷയങ്ങളിലെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന Lecturer തസ്തികകളിലേക്ക് Block Panchayath Secretary മാരെ നിയമിക്കാൻ സാധിക്കുന്നതുമല്ല. | |
| 3 | 3 | സിന്ധു ഡി, ലക്ചറർ ഗ്രേഡ് I | • ETC പ്രിൻസിപ്പൽ തസ്തിക ലക്ചറർ മാരുടെ പ്രമോഷൻ തസ്തികയായി നിശ്ചയിക്കുക. | ലക്ചറർ തസ്തിക അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ നിന്നും വേറിട്ട് നിൽക്കുന്നതും, വ്യത്യസ്തമായ ജോലി സ്വഭാവം ഉള്ളതുമാണ് നിവേദനത്തിൽ സൂചിപ്പിച്ചിരിക്കും പ്രകാരം ലക്ചറർ തസ്തിക നേരിട്ട് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയോടൊപ്പം അപ്ഗ്രേഡ് ചെയ്ത് equate ചെയ്യുവാൻ സാധിക്കില്ല.<br><br>Block Panchayath Secretary തസ്തികയിലേക്കുള്ള inter-changeability അനുവദിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ Block Panchayath Secretary തസ്തികയുടെ 2-ാം സ്ഥാനക്കയറ്റ തസ്തികയായ Deputy Director തസ്തിക (ETC Principal) യിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും സാധ്യമല്ല. | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | | Lecturer Grade II, (Agriculture, Rural Economics, Social Education, Extension Education, Home Science എന്ന വിഭാഗങ്ങളിൽ) എന്നീ തസ്തികകളിൽ 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് Grade I ആയി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ടി തസ്തികയിലെ മുൻ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (G.O.(P) No.18/2010/LSGD Dated 22.01.2010). നിലവിൽ സോഷ്യൽ എഡ്യൂക്കേഷൻ, റൂറൽ എക്കണോമിക്സ്, ഹോം സയൻസ് വിഭാഗങ്ങളിലെ Lecturer Grade II ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ETC ജീവനക്കാർക്ക് മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്നതിനാൽ നിലവിൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരും 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയവരുമായ എല്ലാ Lecturer Grade II ജീവനക്കാർക്ക് Grade I തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനും (അപ്രകാരം ഒഴിവുണ്ടാകുന്ന ലക്ചറർ ഗ്രേഡ് 2 തസ്തികകളിൽ തുടർന്ന് നിയമനം നടത്തേണ്ടതില്ല എന്ന വ്യവസ്ഥയിൽ) സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കേണ്ടതാണ്. | |
| 4 | 4 | 1. ഷെമീർ ഖാൻ<br>2. സമീറ ആർ, ETC ലക്ചറർ | സ്റ്റേറ്റ് സർവ്വീസിലെ ലക്ചറർ Grade I തസ്തികയുടെ യോഗ്യത ബിരുദവും സബോർ | നിലവിൽ Grade II ലക്ചറർ തസ്തികയുടെ യോഗ്യത ബിരുദാനന്തരബിരുദവും Grade I തസ്തികയുടെ യോഗ്യത ബിരുദവുമാണ്. Grade II തസ്തിക subordinate service-ലും Grade I | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | ഡിനേറ്റ് സർവ്വീസിലെ ലക്ചറർ Grade II തസ്തികയുടെ യോഗ്യത ബിരുദാനന്തരബിരുദവുമായി നിശ്ചയിച്ചിട്ടുള്ളത്, തുല്യ ജോലിയിൽ തുല്യ വേതനം നിഷേധിക്കപ്പെടുന്നത് എന്നിവ. | തസ്തിക state service-ലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ Grade I തസ്തികകളിലേക്ക് നിലവിലെ ഉദ്യോഗസ്ഥർ വിരമിക്കുന്ന മുറയ്ക്ക് തസ്തികകൾ കില ഏറ്റെടുക്കുന്നതാണെന്ന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകളിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റേതായി ഇനി നിയമനം നടക്കുന്നതല്ല. ആയതിനാൽ അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്തേണ്ടതില്ല.<br><br>Lecturer Grade II, (Agriculture, Rural Economics, Social Education, Extension Education, Home Science എന്ന വിഭാഗങ്ങളിൽ) എന്നീ തസ്തികകളിൽ 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് Grade I ആയി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ടി തസ്തികയിലെ മുൻ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (G.O.(P) No.18/2010/LSGD Dated 22.01.2010). നിലവിൽ സോഷ്യൽ എഡ്യൂക്കേഷൻ, റൂറൽ എക്കണോമിക്സ്, ഹോം സയൻസ് വിഭാഗങ്ങളിലെ Lecturer Grade II ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ETC ജീവനക്കാർക്ക് മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്നതിനാൽ നിലവിൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരും 5 വർഷം റഗുലർ സർവ്വീസ് പൂർത്തിയാക്കിയവരുമായ എല്ലാ Lecturer Grade II ജീവനക്കാർക്ക് Grade I തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് (അപ്രകാരം | |

| | | | | | |
|---|---|---|---|---|---|
| | | | | ഒഴിവുണ്ടാകുന്ന ലക്ചറർ ഗ്രേഡ് 2 തസ്തികകളിൽ തുടർന്ന് നിയമനം നടത്തേണ്ടതില്ല എന്ന വ്യവസ്ഥയിൽ) സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കേണ്ടതാണ്.<br><br>മുൻ ഗ്രാമ വികസന വകുപ്പിലെ ETC ലക്ചറർമാരെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ടി തസ്തികയിലെ അവസാന ഉദ്യോഗസ്ഥനും വിരമിക്കുന്നതുവരെ മുൻ വിശേഷാൽ ചട്ടങ്ങളാണ് ബാധകമെന്ന് ഏകീകൃത വകുപ്പിന്റെ Subordinate Service Special Rule, Special Provision 12(3)–ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി തസ്തികകൾക്ക് സംയോജനത്തിന് മുമ്പ് ഗ്രാമ വികസന വകുപ്പിൽ നിലനിന്നിരുന്ന പഴയ വിശേഷാൽ ചട്ടമാണ് ബാധകമായി വരുന്നത് (G.O.(P) No.18/2010/LSGD Dated 22.01.2010).<br><br>ETC, Lecturer Grade II, I എന്നീ തസ്തികകളുടെയും Block Panchayath Secretary തസ്തികയുടെയും യോഗ്യത, നിയമന രീതി, ജോലി സ്വഭാവം എന്നിവ വ്യത്യസ്തമാണ്. ആയതിനാൽ ടി തസ്തികകൾ interchangeable ആക്കുന്നത് സാധിക്കുന്നതല്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ സർവ്വീസ് പരിചയം കണക്കിലെടുത്താണ് ഒരു Block Panchayath Secretary തസ്തിക Senior | |

| | | | | | |
|---|---|---|---|---|---|
| | | | | Lecturer തസ്തികയുമായി പരസ്പരം മാറി നിയമനം നൽകുന്നതിന് മാറ്റിവച്ചിട്ടുള്ളത്. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ജോലി നോക്കി പ്രായോഗിക പരിചയം നേടിവരുന്ന ഉദ്യോഗസ്ഥർക്കാണ് സ്ഥാനക്കയറ്റം മുഖേന BDO തസ്തികയിലേക്ക് നിയമനം നൽകുന്നത്. വിവിധ Academic വിഷയങ്ങളിലെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന Lecturer തസ്തികകളിലേക്ക് Block Panchayath Secretary മാരെ നിയമിക്കാൻ സാധിക്കുന്നതുമല്ല. ആയതിനാൽ പ്രസ്തുത തസ്തികകളിൽ inter-changeable തത്ത്വം നടപ്പിലാക്കുന്നത് സാധ്യമല്ല. സമാനമായി Assistant Engineer, Veterinary Surgeon എന്നീ തസ്തികകളിലേക്കുള്ള inter-changeability -യും പരിഗണിക്കാവുന്നതല്ല. | |
| 5 | 5 | ഗ്രാമവികസന വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ നിവേദനം | ഓഫീസ് അറ്റൻഡന്റുമാർക്ക് വി.ഇ.ഒ ഗ്രേഡ് II/ക്ലാർക്ക് തസ്തികകളിലെ ആകെ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല പ്രമോഷൻ അനുവദിക്കുന്നത് | ഏകീകൃത വകുപ്പ് വിശേഷാൽ ചട്ട പ്രകാരം VEO Gr.II തസ്തിക ക്ലാർക്ക് തസ്തികയ്ക്ക് തുല്യമാക്കി re-designate ചെയ്തിട്ടുണ്ട്. ആയതിനാൽ VEO Gr.II, ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണത്തിന്റെ 10% ഒഴിവുകൾ, ഓഫീസ് അറ്റൻഡന്റുമാരുടെ വകുപ്പ്തല പ്രൊമോഷന് അനുവദിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.<br><br>മുൻ ഗ്രാമവികസന വകുപ്പിൽ 342 എൽ.ഡി ക്ലർക്ക് തസ്തികകളും 983 ഗ്രേഡ്2 വി.ഇ.ഒ തസ്തികകളും ഉൾപ്പെടെ ആകെ 1325 തസ്തികകളാണ് ഉണ്ടായിരുന്നത്. ഇവയിൽ ക്ലർക്ക് തസ്തികയുടെ 10 ശതമാനം | ഡി.ഇ.എഫ് |

| | | | | | |
|---|---|---|---|---|---|
| | | | | ഒഴിവുകളാണ് ഓഫീസ് അറ്റൻഡന്റുമാരുടെ വകുപ്പ് തല പ്രൊമോഷന് പരിഗണിച്ചിരുന്നത്. എന്നാൽ പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഗ്രേഡ്2 വി.ഇ.ഒ തസ്തിക ക്ലർക്ക് തസ്തികയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്. അപ്രകാരം ക്ലർക്ക് തസ്തികകൾ 983 എണ്ണം കൂടി വർദ്ധിക്കുന്നതാണ്. എന്നാൽ വകുപ്പ് സംയോജനത്തിന് ശേഷം വിശേഷാൽ ചട്ടങ്ങൾ പ്രകാരം പുനർ നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് മുൻ ഗ്രാമവികസന വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് വകുപ്പ്തല സ്ഥാനക്കയറ്റം ഉണ്ടായിരുന്നുമില്ല. ആയതിനാൽ ടി 983 ക്ലർക്ക് തസ്തികകൾ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റേതായി പരിഗണിക്കേണ്ടി വരുന്നതാണ്. ആയതിനാൽ പ്രസ്തുത തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾക്ക് ആനുപാതികമായി വകുപ്പ്തല സ്ഥാനക്കയറ്റത്തിനായി മാറ്റി വയ്ക്കുന്ന ഒഴിവുകൾ നികത്തുന്നതിൽ ഓരോ മുൻ വകുപ്പുകളിലും ഉണ്ടായിരുന്ന ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 തസ്തികകളുടെ എണ്ണത്തിന് ആനുപാതികമായി അനുപാതം നിശ്ചയിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ആയതിലേയ്ക്കുള്ള സർക്കാർ ഉത്തരവുണ്ടാകുന്നതിന് പ്രൊപ്പോസൽ നൽകാവുന്നതാണ്. | |
| 6 | 6 | ശ്രീകാന്ത് ടി.ബി, | അക്കൗണ്ട്സ് ഓഫീസർ | തദ്ദേശ സ്വയംഭരണ വകുപ്പ് | ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | സീനിയർ സൂപ്രണ്ട് | തസ്തിക അസിസ്റ്റന്റ് ഡയറക്ടറായി ഉയർത്തുന്നത് | സംയോജനത്തെ തുടർന്ന് പുറപ്പെടുവിച്ച സ്റ്റേറ്റ് സർവ്വീസ് ഉദ്യോഗസ്ഥരുടെ വിശേഷാൽ ചട്ടപ്രകാരം ഗ്രാമവികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് കേഡറിൽ നിലവിലുണ്ടായിരുന്ന അക്കൗണ്ട്സ് ഓഫീസർ തസ്തിക സീനിയർ സെക്രട്ടറി (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് തരംതാഴ്ത്തപ്പെട്ടിരുന്നു. പ്രസ്തുത അക്കൗണ്ട്സ് ഓഫീസർ തസ്തിക ഏകീകരണത്തിനു മുമ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയോടൊപ്പം സമാന ശമ്പള സ്കെയിലും interchangeable ഉം ആയിരുന്നു. integrated service വന്നില്ലായിരുന്നുവെങ്കിൽ ഒരു ഉദ്യോഗസ്ഥനു കിട്ടുമായിരുന്ന സീനിയോറിട്ടി, പ്രമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ഖണ്ഡിക 12(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.<br><br>മുൻ ഗ്രാമ വികസന വകുപ്പിൽ സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഹയർ ഡിപിസി മുഖേന സ്ഥാനക്കയറ്റം നൽകിയാണ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തിവന്നിരുന്നത്. പുതിയ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥരിൽ സീനയറായിരുന്ന ശ്രീമതി ഷീബ ഐ. യെ | |

| | | | | | |
|---|---|---|---|---|---|
| | | | | അസിസ്റ്റന്റ് ഡയറക്ടറായി നിയമിക്കുകയും (സ.ഉ.(സാധാ) നം. 817/2023/LSGD തീയതി 04.04.2023) ശ്രീമതി ഷീബ ഐ. 31.05.2023 ന് വിരമിച്ചതിനെ തുടർന്ന് തൊട്ടടുത്ത് സീനിയറായ<br>ശ്രീ. ദുർഗ്ഗാദാസിനെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിച്ചിട്ടുമുണ്ട്. മുൻ ഗ്രാമ വികസന വിഭാഗത്തിൽ സീനിയർ സൂപ്രണ്ടായ ശ്രീ.ശ്രീകാന്ത് ടി.ബി-യാണ് അസിസ്റ്റന്റ് ഡയറക്ടർ (മുൻ അക്കൗണ്ട്സ് ഓഫീസർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഇപ്പോൾ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥൻ. എന്നാൽ ടി തസ്തിക (അക്കൗണ്ട്സ് ഓഫീസർ) തരംതാഴ്ത്തിയതിനാൽ ശ്രീ.ശ്രീകാന്ത് ടി.ബി യ്ക്ക് സ്ഥാനക്കയറ്റം നൽകാൻ കഴിഞ്ഞിട്ടില്ല. ഇത് സ്പെഷ്യൽ റൂളിലെ ഖണ്ഡിക 12(1)(2) പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യം ഗ്രാമ വികസന വകുപ്പിൽ ഏറ്റവും സീനിയറായ സീനിയർ സൂപ്രണ്ടിന് (തുടർന്ന് താഴെ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ടിയിരുന്ന അനുബന്ധ സ്ഥാനക്കയറ്റങ്ങളും) നിഷേധിക്കുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. ആയതിനാൽ മുൻ ഗ്രാമ വികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ഉയർത്തുന്നതിനും ഏറ്റവും സീനിയറായ ഉദ്യോഗസ്ഥന് ടി തസ്തികയിലേക്ക് നിയമനം നൽകി സർക്കാർ ഉത്തരവാകണമെന്നും ശിപാർശ ചെയ്ത് സർക്കാരിലേക്ക് പ്രപ്പോസൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട | |

| | | | | | |
|---|---|---|---|---|---|
| | | | | സെക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 7 | 7 | 1. ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ<br>2. മലപ്പുറം ജില്ലയിലെ ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ | 1) ബ്ലോക്കു പഞ്ചായത്തുകളിലെ Head Clerk തസ്തിക Junior Superintendent ആയി ഉയർത്തുക.<br>2) ഗ്രാമ വികസന വകുപ്പിലെ deployed ക്ലാർക്കുമാരുടെ തസ്തിക കേഡർ സ്ട്രെങ്ത്തിലേക്ക് കൊണ്ടുവരിക.<br>3) കഴിഞ്ഞ ശമ്പള കമ്മീഷൻ BDO തസ്തികയിലേക്ക് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് 8% കൂടി ബൈ ട്രാൻസ്ഫർ നിയമനത്തിന് മാറ്റിവക്കുന്നതിന് ശിപാർശ ചെയ്തത് നടപ്പിലാക്കുക.<br>4) ഗ്രാമ വികസന വകുപ്പിൽ സ്ഥാനക്കയറ്റ സാധ്യത മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവായതിനാൽ inter-transferability തത്ത്വപ്രകാരം മറ്റു ഓഫീസുകളിലേക്ക് സ്ഥലംമാറിപോകുന്ന | 1. ബ്ലോക്കു പഞ്ചായത്തുകളിലെ Head Clerk തസ്തിക Junior Superintendent ആയി ഉയർത്തുന്നത് സംബന്ധിച്ച് - തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 28.01.2023-ലെ LSGD/ERA1/257/2022 കത്തിൽ നിർദ്ദേശിച്ച പ്രകാരം ടി വിഷയത്തിന്മേൽ പ്രത്യേക ശിപാർശ ക്രമ നം. XXVI പ്രകാരം സമർപ്പിക്കുന്നുണ്ട്.<br><br>2. ആവശ്യം പരിഗണിച്ച് ആവശ്യമെങ്കിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും സർക്കാരിലേയ്ക്ക് അനുകൂല ശിപാർശ സമർപ്പിക്കേണ്ടതാണ്.<br><br>3. അനുകൂല സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>4. G.O.(P) No.**74/2022/LSGD Dated 27.10.2022** വിശേഷാൽ ചട്ടം 12(1) പ്രകാരം 27.10.2022 -ന് സർവ്വീസിലുണ്ടായിരുന്ന മുൻ വകുപ്പുകളിലെ ജീവനക്കാർക്ക് അതാത് വകുപ്പുകളിലെ സീനിയോറിറ്റി സംരക്ഷിക്കപ്പെടുമെന്നും തുടർന്നും KSR Rule 27 Part II ചട്ടപ്രകാരം സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു.<br>12(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | ജീവനക്കാർ തങ്ങളെക്കാൾ വർഷങ്ങളോളം ജൂനിയറായ ഉദ്യോഗസ്ഥരുടെ കീഴിൽ ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുക.<br>5) വിശേഷാൽ ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള ഇന്റർ സെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ സർവ്വീസ് സീനിയോറിറ്റി കൂടുതലുള്ള ഉദ്യോഗസ്ഥർ ജൂനിയറെക്കാൾ താഴെ വരുന്നതാണ്. ആയതിനാൽ പ്രമോഷൻ ലഭിക്കുന്ന ഓരോ തസ്തികയിലും നിയമന തീയതി കണക്കാക്കി ജീവനക്കാരുടെ സീനിയോറിറ്റി നിലനിർത്തുക. | എന്നിവയ്ക്ക് ടി ജീവനക്കാർക്ക് ഏകീകൃത വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. വിശേഷാൽ ചട്ടങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി തത്വത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തി വരുന്നത്. ആവശ്യം പരിഗണിക്കേണ്ടില്ല.<br><br>5. 12(1)(2)-ലെ സ്പെഷ്യൽ പ്രൊവിഷൻ നിലവിലിരിക്കെ മുൻ വകുപ്പുകളിലെ ജീവനക്കാരുടെ സീനിയോറിറ്റിയിൽ മാറ്റം വരുത്തുന്നതിന് സാധിക്കുന്നതല്ല. ആയതിനാൽ റൂൾ (3)-ൽ പരാമർശിക്കുന്ന ഇന്റർ-സെ സീനിയോറിറ്റി ലിസ്റ്റ് എന്നതിന് പ്രസക്തി ഇല്ലാത്തതാണ്. 27.10.2022-ന് ശേഷം വിവിധ രീതികളിലൂടെ ഒരു തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ഇന്റർസെ സീനിയോറിറ്റി ആണ് ചട്ടം 3(3) ൽ പറഞ്ഞിരിക്കുന്നത്. ആയതിനാൽ 27/10/2022 ന് മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്നവരുടെ ഇന്റർസെ സീനിയോറിറ്റി തയാറാക്കുന്ന | |

| | | | | | |
|---|---|---|---|---|---|
| | | | | വിഷയത്തിന് പ്രസക്തി ഇല്ല. | |
| 8 | 8 | ശ്രീ.രാഹുൽ കെ.ആർ, ശ്രീമതി സനിമ കുമാരി പി.എസ്, ശ്രീ.അജിത് കുമാർ ജി എന്നീ വി.ഇ.ഒ. മാർ സമർപ്പിച്ച 15.03.2023-ലെ അപേക്ഷ | ഏകീകൃത വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ 3(6)(v) പ്രകാരം PSC അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകുക. | 27.10.2022-ന് ഏകീകൃത വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് സർവ്വീസിലുള്ള ജീവനക്കാർക്ക് മുൻ വകുപ്പുകളിൽ പ്രസ്തുത തസ്തികൾക്കായി നിലവിലുണ്ടായിരുന്ന സീനിയോറിറ്റി, സ്ഥാനക്കയറ്റം എന്നിവ സംരക്ഷിക്കപ്പെടും എന്ന് Special Provision 12(1)(2) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ അപേക്ഷകർക്ക് വിശേഷാൽ ചട്ടങ്ങൾ നിലവിൽവരുന്നതിനുമുമ്പ് pre-service training യോഗ്യത ടെസ്റ്റ് പാസ്സായ തീയതി അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. പരാതി പരിഹാര സെല്ലിന് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് സാധിക്കുന്നതല്ല. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയോറിറ്റി സെൽ (GEA Section) ന് കൈമാറി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. | ജി.ഇ.എ |
| 9 | 9 | 1. ജോബി ജോർജ്, HA<br>2. അഖിലേഷ് ടി.എസ്, ഹെഡ് ക്ലാർക്ക്, കൃഷ്ണ പ്രസാദ് വി.കെ., ഹെഡ് | ജീവനക്കാരുടെ സ്ഥാനക്കയറ്റം - വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിലെ അസമത്വം | G.O.(P) No.**74/2022/LSGD Dated 27.10.2022** വിശേഷാൽ ചട്ടം 12(1) പ്രകാരം 27.10.2022 -ന് സർവ്വീസിലുണ്ടായിരുന്ന മുൻ വകുപ്പുകളിലെ ജീവനക്കാർക്ക് അതാത് വകുപ്പുകളിലെ സീനിയോറിറ്റി സംരക്ഷിക്കപ്പെടുമെന്നും തുടർന്നും KSR Rule 27 Part II ചട്ടപ്രകാരം സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. | ഡി.ഇ.ബി |

| | | | | | | |
|---|---|---|---|---|---|---|
| | | അക്കൗണ്ടന്റ് എന്നിവർ<br>3. ബിനുകുമാർ പി, സീനിയർ ക്ലാർക്ക്<br>4. സുസ്മിത എസ് ദത്തൻ, സീനിയർ ക്ലാർക്ക്<br>5. ശ്രീപ്രിയ എസ്., യു.ഡി. ടൈപ്പിസ്റ്റ്<br>6. സുനിൽ കെ.പി<br>7. മായാഗോപാൽ, ഹെഡ് ക്ലാർക്ക്<br>8. അജിത പി, സീനിയർ ക്ലാർക്ക്<br>9. മണികണ്ഠൻ ഐ., ഹെഡ് അക്കൗണ്ടന്റ്<br>10. രഞ്ജു പി ശങ്കർ, ഹെഡ് ക്ലാർക്ക്<br>11. എസ്.ജെ.ശ്രീകുമാർ, ഹെഡ് ക്ലാർക്ക്<br>12. ജോയൻ കെ.ജെ, ഹെഡ് ക്ലാർ | | | 12(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് ടി ജീവനക്കാർക്ക് ഏകീകൃത വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.<br>അതനുസരിച്ച് ഓരോ മുൻ വകുപ്പുകളിലും ഓരോ കാറ്റഗറിയിലെ തസ്തികകൾക്കും നിലവിലുണ്ടായിരുന്ന സീനിയോറിറ്റി ലിസ്റ്റിലെ ക്രമം അനുസരിച്ചായിരിക്കും ഓരോ ജീവനക്കാരനും സ്ഥാനക്കയറ്റം ലഭിക്കുന്നത്.<br>വിശേഷാൽ ചട്ടം 12(1)(2) വ്യവസ്ഥകൾ പ്രകാരം ഏകീകരണത്തിനുശേഷവും 27.10.2022-ന് സർവ്വീസിൽ ഉണ്ടായിരുന്ന ഓരോ കാറ്റഗറിയിലേയും അവസാന ജീവനക്കാരനും സ്ഥാനക്കയറ്റം ലഭിക്കുകയോ വിരമിക്കുകയോ ചെയ്യുന്നത് വരെ ടി സ്ഥിതി തുടരുന്നതാണ്. വിശേഷാൽ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി തത്വം പാലിക്കേണ്ടതുമാണ്. ആവശ്യം നിരസിക്കാവുന്നതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | ക്ക്<br>13. അഖിലേഷ് ടി.എസ്, ഹെഡ് ക്ലാർക്ക്, വി.കെ.കൃഷ്ണപ്രസാദ്, ഹെഡ് അക്കൗണ്ടന്റ് എന്നിവർ<br>14. രഞ്ജു പി ശങ്കർ, ഹെഡ് ക്ലാർക്ക്, അഖില വാസുദേവൻ, സീനിയർ ക്ലാർക്ക് എന്നിവർ<br>15. ഫ്രാങ്ക് ഹോബ്സൺ എം.പി, ഹെഡ് ക്ലാർക്ക്<br>16. രഞ്ജിത് എസ് ധരൻ, ഹെഡ് ക്ലാർക്ക്, അനിൽ കുമാർ കെ., സീനിയർ ക്ലാർക്ക്, ദീപ റ്റി.ഡി, ഹെഡ് അക്കൗണ്ടന്റ്, പി.ഹരികുമാർ, ക്ലാർക്ക്, പ്രദീപ് എം, ക്ലാർക്ക്, | | | |

| | | | | | |
|---|---|---|---|---|---|
| | | പ്രിയാജോൺ എന്നിവർ<br>17. ശരീഫ് പി.കെ., സീനിയർ ക്ലാർക്ക് | | | |
| 10 | 10 | 1. ബീന എസ്. തുടങ്ങിയ വനിതാ ബ്ലോക്ക് സെക്രട്ടറിമാർ<br>2. സജിന സത്താർ തുടങ്ങിയ വനിതാ ബ്ലോക്ക് സെക്രട്ടറിമാർ | ജില്ലാ വനിതാക്ഷേമ ഓഫീസർ, APO (WD) എന്നീ തസ്തികകൾ സെക്രട്ടറി (BDO) പ്രൊമോഷൻ ആയി നിലനിർത്തുക. | സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുമ്പ് വനിതാ BDO-മാരിലെ ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥക്കാണ് DWWO/APO (WD) എന്ന തസ്തികയിലേക്ക് (തസ്തിക മാറ്റം പ്രകാരം) സ്ഥാനക്കയറ്റം നൽകിയിരുന്നത്. എല്ലാ ജില്ലകളിലും 14 DWWO, 14 APO (WD) എന്ന സമാന കേഡറിൽ 28 തസ്തികകളിലേക്കാണ് അപ്രകാരം DPC യുടെ അംഗീകാര പ്രകാരം നിയമനം നടന്നുവന്നിരുന്നത്.<br><br>എന്നാൽ ഏകീകൃത വിശേഷാൽ ചട്ടങ്ങൾ പ്രകാരം ടി തസ്തികകൾ സീനിയർ സെക്രട്ടറി കേഡറിൽ ഉൾപ്പെടുത്തി സമാന തസ്തികകളുമായി inter-transferable ആക്കിയിട്ടുണ്ട്. സെക്രട്ടറി, സീനിയർ സെക്രട്ടറി എന്നീ തസ്തികകളിലെ grade promotion-നുള്ള ratio 1:3 എന്ന് നിലനിർത്തിയിട്ടുമുണ്ട്.<br><br>പുതിയ വിശേഷാൽ ചട്ടങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ (എംപവർമെന്റ്) മാത്രമാണ് വനിതാ ഉദ്യോഗസ്ഥർക്കായി നീക്കിവച്ചിട്ടുള്ളത്. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന വനിതാ ഉദ്യോഗസ്ഥരെയോ, വനിതാ ഉദ്യോഗസ്ഥർ നിലവിലില്ലെങ്കിൽ അസിസ്റ്റന്റ് | ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | | | ഡയറക്ടർ തസ്തികയിലെ വനിതാ ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം നൽകിയോ നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>സീനിയർ BDO മാരായിരുന്ന വനിതകൾക്ക് മുൻ വകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന DWWO/APO എന്നീ 27 തസ്തികകളിലേക്ക് സ്ഥാനക്കയറ്റം (Grade Promotion) നഷ്ടപ്പെടുന്നുണ്ട്. ടി തസ്തികകളെല്ലാം പൊതുവായി ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തുമ്പോൾ മുൻ ഗ്രാമവികസന വകുപ്പിലെ സെക്രട്ടറി കേഡറിലുള്ള മുഴുവൻ തസ്തികകളുടെയും എണ്ണത്തിന്റെ 1/3 -ൽപെടുന്ന സീനിയർ സെക്രട്ടറി തസ്തികയിലേക്ക് Grade Promotion -ന് അർഹതയുള്ള സെക്രട്ടറിമാരുടെ പൊതു വിഭാഗ ത്തിലേക്ക് വനിതാ ബി.ഡി.ഒ-മാരും വന്നുചേരുകയാണ്. എന്നാൽ മുൻ വിശേഷാൽ ചട്ടപ്രകാരം വനിതാ ജീവനക്കാർ ക്ക് പൊതു സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി ബാധകമാക്കാതെ തന്നെ Grade Promotion അനുവദിച്ചിരുന്നു. കൂടാതെ ടി 27 തസ്തികകൾ 1/3 പേർക്ക് (9 എണ്ണം) 2019 Pay revision ഉത്തരവ് പ്രകാരം ratio promotion ഉം അനുവദിച്ചിരുന്നു.<br><br>എന്നാൽ വിശേഷാൽ ചട്ടം G.O.(P) No.**74/2022/LSGD**-ന്റെ 12(2) പ്രകാരം 27.10.2022-ന് മുമ്പ് സർവ്വീസിലുള്ള എല്ലാ കാറ്റഗറിയിലേയും ഉദ്യോഗസ്ഥർക്കും സീനിയോറിറ്റി, സ്ഥാനക്കയറ്റം, ബൈ ട്രാൻ | |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥർ നിയമനം എന്നിവക്ക് റൂൾ നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന എല്ലാ അവകാശങ്ങളും തുടർന്നും ലഭിക്കുന്നതായിരിക്കും എന്ന വ്യവസ്ഥ പ്രകാരം മേൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് 27.10.2022-ന് BDO തസ്തികകൾ നിലവിലുണ്ടായിരുന്ന വനിതാ ജീവനക്കാർക്ക് മുൻ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ലഭ്യമായിരുന്ന ആനുകൂല്യം തുടർന്നും നൽകുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവുണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നു. | |
| 11 | 11 | അനീഷ് ബി മോഹനൻ | കമ്മ്യൂണിക്കേഷൻ ഓഫീസർ/അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികകളിലെ നിയമനം, നിയമന യോഗ്യത | നിലവിൽ സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലേക്ക് യോഗ്യതയുള്ള LSGI സെക്രട്ടറിമാരിൽ നിന്ന് നിയമനം നടത്തണമെന്നും അത്തരം ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ Deputation നിയമനം നടത്തണമെന്നാണ് വിശേഷാൽ ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിലേക്ക് LSG വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിലെ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നൽകുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. സമാനമായ രീതിയിൽ അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലേക്ക് അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലെ യോഗ്യരായ ഉദ്യോഗസ്ഥരിൽ | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | | നിന്നും നിയമനം നടത്തണമെന്ന ചട്ടം അത്തരം ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സബോർഡിനേറ്റ് വിഭാഗത്തിലെ മറ്റ താഴ്ന്ന തസ്തികകളിലെ യോഗ്യരായ ജീവനക്കാരെ കൂടി സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>സമാനമായി അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള നിശ്ചിത യോഗ്യതയുള്ള അസിസ്റ്റന്റ് സെക്രട്ടറിതല ഉദ്യോഗസ്ഥർ ഇല്ലാതെവരുന്ന സാഹചര്യത്തിൽ ടി തസ്തികയിലേക്ക് അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ feeder തസ്തികയായ ഹെഡ് ക്ലാർക്ക്/സീനിയർ ക്ലാർക്ക്/ക്ലാർക്ക് തസ്തികയിലെ യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസറുടെയും അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസറുടെയും നിയമനത്തിൽ നിലവിലുള്ള വ്യവസ്ഥകൾ തുടരുന്നതാണ് അഭികാമ്യം . സബോർഡിനേറ്റ് സർവ്വീസ് ൽ യോഗ്യതയുള്ള ഒരാളെ വർക്കിംഗ് അറേഞ്ച്മെന്റ് ൽ സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലോ അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലോ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | | | സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ, അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ എന്നീ തസ്തികകൾക്ക് അധിക യോഗ്യതയായി പബ്ലിക് റിലേഷൻസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിലേക്ക് PSC നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയായ 2 വർഷം ഏതെങ്കിലും ഗവൺമെന്റ് പബ്ലിസിറ്റി സ്ഥാപനം / വകുപ്പ്/ സ്വകാര്യ സ്ഥാപനം/ ന്യൂസ് പേപ്പർ, ന്യൂസ് ഏജൻസി എന്നിവിടങ്ങളിലെ പ്രവർത്തി പരിചയം, പ്രസ് ബുള്ളറ്റിനുകളും press publicity handouts എന്നിവ തയ്യാറാക്കുന്നതിനുള്ള കഴിവ് എന്നിവ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം പരിഗണിക്കുന്ന പക്ഷം ടി യോഗ്യതയില്ലാത്ത ധാരാളം ജീവനക്കാർക്ക് ടി തസ്തികകളിലേക്ക് അപേക്ഷിക്കുന്ന തിനുള്ള അവസരം നഷ്ടപ്പെടുമെന്ന തിനാൽ അധിക യോഗ്യതകൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കേണ്ടതില്ല. | |
| 12 | 12 | സ്വരാജ് റസ്സൽ, രതീഷ് ആർ.എസ്, ജയകുമാർ എൻ.ജെ, മനാസ് രാജ് ആർ.എസ് എന്നിവർ | സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള എല്ലാ സീനിയോറിറ്റി ലിസ്റ്റുകളും KSSR പ്രകാരമുള്ള സീനിയോറിറ്റി ചട്ടങ്ങൾക്ക് വിധേയമായി സംരക്ഷിച്ച് നിലനിർത്തുമെന്ന വ്യവസ്ഥ സംയോജിത സ്പെഷ്യൽ റൂളിൽ ഉൾ | G.O.(P) No.**74/2022/LSGD Dated 27.10.2022** വിശേഷാൽ ചട്ടം 12(1) പ്രകാരം 27.10.2022 -ന് സർവ്വീസിലുണ്ടായിരുന്ന മുൻ വകുപ്പുകളിലെ ജീവനക്കാർക്ക് അതാത് വകുപ്പുകളിലെ സീനിയോറിറ്റി സംരക്ഷിക്കപ്പെടുമെന്നും തുടർന്നും KSR Rule 27 Part II ചട്ടപ്രകാരം സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു.<br>1 2(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം | ജി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | | പ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കണം. | എന്നിവയ്ക്ക് ടി ജീവനക്കാർക്ക് ഏകീകൃത വിശേഷാൽ ചട്ടം നിലവിൽവരുന്നതിന് മുമ്പുണ്ടായിരുന്ന അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.<br>പരാതിയിൽ പറഞ്ഞ രണ്ട് ആവശ്യങ്ങളും മേൽപറഞ്ഞ വിശേഷാൽ ചട്ടങ്ങളിലെ 12(1), (2) ക്ലോസുകൾ പ്രകാരം ഉറപ്പാക്കിയിട്ടുള്ളതാണ്. | |
| 13 | 13 | ആനിയമ്മ ഐസക്ക് | വിശേഷാൽ ചട്ടങ്ങൾ നം.LSGD(ERA)-GO(P)75/2022/LSGD dated 27/10/2022-ൽ Group V-ൽ 13-ാം പേജ് 27 പാരഗ്രാഫിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I സമാന തസ്തികയായി റെക്കാർഡ് കീപ്പർ തസ്തികയായി കാണുന്നു. ടി തസ്തിക ഗ്രൂപ്പ്-I (general wing) 10-ാം പേജിൽ 3-ാം കോളത്തിൽ ഉൾപ്പെട്ടിട്ടുള്ള Store Keeper/VEO Gr-II etc. ക്ലാർക്ക് തസ്തികയിൽ ഉള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തി അനോമലി പരിഹരിച്ചുതരണം. | ഗ്രാമവികസന വകുപ്പിൽ നിലവിൽ ഉണ്ടായിരുന്ന റെക്കോർഡ് കീപ്പർ തസ്തിക ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയുടെ പ്രൊമോഷൻ തസ്തിക ആയിരുന്നു. ടി തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്ന ആനിയമ്മ ഐസക്കിനെ 09/11/2017-ലെ 12726/EsttD4/2017/CRD നമ്പർ പ്രകാരം റെക്കോർഡ് കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ഏകീകൃത വകുപ്പിന്റെ സർക്കാർ ഉത്തരവ് 75 വിശേഷാൽ ചട്ടങ്ങൾ പ്രകാരം റെക്കോർഡ് കീപ്പർ തസ്തിക ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആയത് വിശേഷാൽ ചട്ടങ്ങളിലെ റൂൾ 12(2) പ്രകാരം ജീവനക്കാർക്ക് ലഭിക്കേണ്ട സീനിയോറിറ്റി, പ്രൊമോഷൻ എന്നിവ സംരക്ഷിക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ മുൻ ഗ്രാമവികസന വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 27/10/2022 -ന് മുമ്പ് സർവ്വീസിൽ | ഡി.ഇഎഫ് |

| | | | | | |
|---|---|---|---|---|---|
| | | | | ഉണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും പ്രൊമോഷൻ/ വിരമിക്കുന്നതുവരെ റെക്കോർഡ് കീപ്പർ തസ്തിക ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയുടെ പ്രൊമോഷൻ തസ്തികയായി നിലനിർത്തുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടാകണമെന്ന് ശിപാർശ ചെയ്ത് സർക്കാരിലേക്ക് പ്രപ്പോസൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനെ ചുമതലപ്പെടുത്താവുന്നതാണ്. | |
| 14 | 14 | നൈസാം ഇ | 1) ഇന്റർ-ട്രാൻസ്ഫറബിലിറ്റി ഒഴിവാക്കുക.<br>2) സബോർഡിനേറ്റ് സർവീസിൽ നിയമിക്കപ്പെട്ട് സ്റ്റേറ്റ് സർവീസിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് റൂൾ 12 ന്റെ സംരക്ഷണം ഉറപ്പാക്കുക.<br>3) ബൈ ട്രാൻസ്ഫർ നിയമനം - PSC വഴിയുള്ളത് 20% മായി നിജപ്പെടുത്തുക, ബിപിഒ തസ്തിക സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുക.<br>4) വനിതാ ബിഡിഒ മാരുടെ സ്ഥാനക്കയറ്റം<br>5) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ സീനിയർ ജൂനിയർ റേഷ്യോ 1:3 ആക്കിയത് | 1.G.O.(P) No.**74/2022/LSGD Dated 27.10.2022**<br>വിശേഷാൽ ചട്ടം 12(1) പ്രകാരം 27.10.2022 - ന് സർവ്വീസിലുണ്ടായിരുന്ന മുൻ വകുപ്പുകളിലെ ജീവനക്കാർക്ക് അതാത് വകുപ്പുകളിലെ സീനിയോറിറ്റി സംരക്ഷിക്കപ്പെടുമെന്നും തുടർന്നും KSR Rule 27 Part II ചട്ടപ്രകാരം സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു.<br>12(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് ടി ജീവനക്കാർക്ക് ഏകീകൃത വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. വിശേഷാൽ ചട്ടങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി തത്വത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് | 1.& 2 ജി.ഇ.എ<br>3. നടപടിയില്ല<br>4. &5 ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | | 1:2 എന്ന് പുനഃസ്ഥാപിക്കുക | ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തി വരുന്നത്. ആവശ്യം പരിഗണിക്കേണ്ടില്ല.<br><br>2. 27/10/2022–ന് ശേഷം സ്റ്റേറ്റ് സർവീസിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ തുടർന്നുള്ള സീനിയോറിറ്റി, പ്രൊമോഷൻ എന്നിവ അവരുടെ മുൻവകുപ്പിൽ ഉണ്ടായിരുന്ന സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആണോ അതോ സ്റ്റേറ്റ് സർവീസിൽ 27/10/2022–ന് ശേഷം പ്രവേശിക്കുന്ന ഉദ്യോഗസ്ഥരുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച് ആവശ്യമെങ്കിൽ സർക്കാരിന്റെ സ്പഷ്ടീകരണം വാങ്ങി ജി.ഇ.എ സെക്ഷൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.<br><br>3. പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരം LSGI സെക്രട്ടറി തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നിർത്തലാക്കുകയും നേരിട്ടുള്ളതും നിയമനത്തിനും പ്രൊമോഷൻ വഴിയുള്ള നിയമനത്തിനും 40:60 എന്ന അനുപാതം നിശ്ചയിച്ചിട്ടുമുണ്ട്. ബൈ ട്രാൻസ്ഫർ/ബൈ പ്രൊമോഷൻ രീതിയിലുള്ള സ്ഥാന ക്കയറ്റത്തിന് മുമ്പ് നിശ്ചയിച്ചിട്ടുണ്ടായിരുന്ന 33 1/3% ന്റെ സ്ഥാനത്ത് 60% പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിന് | |

| | | | | | |
|---|---|---|---|---|---|
| | | | | നീക്കിവച്ചിട്ടുള്ള സാഹചര്യത്തിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതിന്റെ 20% വകുപ്പിലെ ബിരുദ യോഗ്യതയുള്ള ജീവനക്കാർക്കായി മാറ്റിവയ്ക്കണം എന്ന ആവശ്യം പരിഗണിക്കേണ്ടതില്ല. പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിന് വിവിധ കേഡർ തസ്തികകൾക്ക് അനുപാതം നിശ്ചയിക്കുന്നത് അനോമലി കമ്മിറ്റിയുടെ പരിധിയിൽ വരുന്നവയല്ല. കൂടാതെ MGNREGS പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട Ex-cadre തസ്തികകളായ BPO/JPC എന്നിവ Ex-cadre തസ്തികകളാണ്. ടി തസ്തികകളിലെ നിയമനം സംബന്ധിച്ച് നിയമനാധികാരിയായ സർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്. ബന്ധപ്പെട്ട സെക്ഷനുകളിൽ അപേക്ഷയിലെ ആവശ്യത്തിന്മേലുള്ള തുടർനടപടി ആവശ്യമെങ്കിൽ ആയത് സ്വീകരിക്കു ന്നതിന് നിർദ്ദേശം നൽകുന്നു.<br><br>4. സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുമ്പ് വനിതാ BDO-മാരിലെ ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥക്കാണ് DWWO/APO (WD) എന്ന തസ്തികയിലേക്ക് (തസ്തിക മാറ്റം പ്രകാരം) സ്ഥാനക്കയറ്റം നൽകിയിരുന്നത്. എല്ലാ ജില്ലകളിലും 14 DWWO, 14 APO (WD) എന്ന സമാന കേഡറിൽ 28 തസ്തികകളിലേക്കാണ് അപ്രകാരം DPC യുടെ അംഗീകാര പ്രകാരം | |

| | | | | | |
|---|---|---|---|---|---|
| | | | | നിയമനം നടന്നുവന്നിരുന്നത്.<br><br>എന്നാൽ ഏകീകൃത വിശേഷാൽ ചട്ടങ്ങൾ പ്രകാരം ടി തസ്തികകൾ സീനിയർ സെക്രട്ടറി കേഡറിൽ ഉൾപ്പെടുത്തി സമാന തസ്തികകളുമായി inter-transferable ആക്കിയിട്ടുണ്ട്. സെക്രട്ടറി, സീനിയർ സെക്രട്ടറി എന്നീ തസ്തികകളിലെ grade promotion-നുള്ള ratio 1:3 എന്ന് നിലനിർത്തിയിട്ടുമുണ്ട്.<br>പുതിയ വിശേഷാൽ ചട്ടങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ (എംപവർമെന്റ്) മാത്രമാണ് വനിതാ ഉദ്യോഗസ്ഥർക്കായി നീക്കിവച്ചിട്ടുള്ളത്. ഡെപ്യൂട്ടി ഡയറക്ടർ<br><br>തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന വനിതാ ഉദ്യോഗസ്ഥരെയോ, വനിതാ ഉദ്യോഗസ്ഥർ നിലവിലില്ലെങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ വനിതാ ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം നൽകിയോ നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>സീനിയർ BDO മാരായിരുന്ന വനിതകൾക്ക് മുൻ വകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന DWWO/APO എന്നീ 27 തസ്തികകളിലേക്ക് സ്ഥാനക്കയറ്റം (Grade Promotion) നഷ്ടപ്പെടുന്നുണ്ട്. ടി തസ്തികകളെല്ലാം പൊതുവായി ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തുമ്പോൾ മുൻ ഗ്രാമവികസന വകുപ്പിലെ സെക്രട്ടറി കേഡറിലുള്ള മുഴുവൻ തസ്തികകളുടെയും എണ്ണത്തിന്റെ 1/3 -ൽപെടുന്ന സീനിയർ | |

| | | | | | |
|---|---|---|---|---|---|
| | | | | സെക്രട്ടറി തസ്തികയിലേക്ക് Grade Promotion -ന് അർഹതയുള്ള സെക്രട്ടറിമാരുടെ പൊതു വിഭാഗത്തിലേക്ക് വനിതാ ബി.ഡി.ഒ-മാരും വന്നുചേരുകയാണ്. എന്നാൽ മുൻ വിശേഷാൽ ചട്ടപ്രകാരം വനിതാ ജീവനക്കാർക്ക് പൊതു സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി ബാധകമാക്കാതെ തന്നെ Grade Promotion അനുവദിച്ചിരുന്നു. കൂടാതെ ടി 27 തസ്തികകൾ 1/3 പേർക്ക് (9 എണ്ണം) 2019 Pay revision ഉത്തരവ് പ്രകാരം ratio promotion ഉം അനുവദിച്ചിരുന്നു.<br>എന്നാൽ വിശേഷാൽ ചട്ടം G.O.(P) No.**74/2022/LSGD**-ന്റെ 12(2) പ്രകാരം 27.10.2022-ന് മുമ്പ് സർവ്വീസിലുള്ള എല്ലാ കാറ്റഗറിയിലേയും ഉദ്യോഗസ്ഥർക്കും സീനിയോറിറ്റി, സ്ഥാനക്കയറ്റം, ബൈ ട്രാൻസ്ഫർ നിയമനം എന്നിവക്ക് റൂൾ നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന എല്ലാ അവകാശങ്ങളും തുടർന്നും ലഭിക്കുന്നതായിരിക്കും എന്ന വ്യവസ്ഥപ്രകാരം മേൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് 27.10.2022-ന് BDO തസ്തികകൾ നിലവിലുണ്ടായിരുന്ന വനിതാ ജീവനക്കാർക്ക് മുൻ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ലഭ്യമായിരുന്ന ആനുകൂല്യം തുടർന്നും നൽകുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവുമെന്ന് ശിപാർശ ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>5. 2019-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | |

| | | | | | |
|---|---|---|---|---|---|
| | | | | തസ്തികകളിലെ senior Junior Ratio 1:2 ആയി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. 27/10/2022 ന് മുമ്പ് ടി തസ്തികകളിൽ തുടരുന്ന ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്. | |
| 15 | 15 | ജോർജ്ജ് വർഗ്ഗീസ്, സീനിയർ ക്ലാർക്ക് | 1) ഇന്റഗ്രേഷനു ശേഷമുള്ള തസ്തിക അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി/ സീനിയർ സൂപ്രണ്ട് എന്നാക്കണം.<br>2) ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് കണ്ടിജന്റ് ജീവനക്കാർ എന്നതിനു പകരം ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർ എന്നാക്കുക.<br>3) റൂൾ 12 സ്പെഷ്യൽ പ്രൊവിഷൻസിൽ KSR, KS&SSR, SSR, KCS(CCA) ചട്ടം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണെന്നുള്ള പൊതു വ്യവസ്ഥകൾ കൂടി ചട്ടത്തിൽ ഉൾ | 1) അസിസ്റ്റന്റ് സെക്രട്ടറിയുടെ കാറ്റഗറിയിൽ മുൻ വകുപ്പുകളിലുണ്ടായിരുന്ന സമാന തസ്തികകൾ എല്ലാംതന്നെ (ജൂനിയർ സൂപ്രണ്ട് ഉൾപ്പെടെ) ഉൾപ്പെടുത്തിയിട്ടുണ്ട്. Pay Revision ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടിന്റെ കാറ്റഗറിയിൽ പെടുന്ന അസിസ്റ്റന്റ് സെക്രട്ടറിമാർക്കും 1/3 ഭാഗം ഹയർ ഗ്രേഡ് അനുവദിച്ചുവരുന്നുണ്ട്. ഇതിലേക്കായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ല. സമാനരീതിയിൽ സീനിയർ സൂപ്രണ്ടിന്റെ കാറ്റഗറിയിൽ പെടുന്ന സെക്രട്ടറിമാർക്കും 1/3 ഭാഗം ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. സമാന തസ്തികകളിലുള്ള മറ്റു ജീവനക്കാർക്കും ആനുകൂല്യം ലഭിച്ചു വരുന്നുണ്ട്. ആവശ്യം പരിഗണിക്കേണ്ടതില്ല.<br>2) സ്പെഷ്യൽ റൂൾ 5(29) പ്രകാരം ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II -ലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് കുറഞ്ഞത് 4 വർഷം സർവീസുള്ള കണ്ടിജന്റ് ജീവനക്കാർക്ക് അർഹതയുള്ള താണ് എന്നാണ് രേഖപ്പെടുത്തി യിട്ടുള്ളത്. 5(29)-ലെ (ii) കണ്ടിജന്റ് ജീവനക്കാരിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ എന്നതിനുപകരം ഫുൾ ടൈം കണ്ടിജന്റ് | 1.ഡി.ഇ.ബി<br>2. ഡി.ഇ.എഫ്<br>3. നടപടിയില്ല<br>4. & 5 ഡി.ഇ.ഡി |

| | | | | | |
|---|---|---|---|---|---|
| | | | പ്പെടുത്തണം.<br>4) Obligatory departmental test ഉൾപ്പെടുത്തുക.<br>5) സ്റ്റേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിൽ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള 60:40 എന്ന അനുപാതത്തിനോടൊപ്പ ം തസ്തികാനുപാതമായ കൃത്യമായ എണ്ണം ഉൾ പ്പെടുത്തുക. | ജീവനക്കാർ എന്ന് ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് ശിപാർശ ബന്ധപ്പെട്ട സെക്ഷൻ സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്.<br>3) സർക്കാർ ജീവനക്കാർക്കായിട്ടുള്ള പൊതു ചട്ടങ്ങളും പെരുമാറ്റ ചട്ടങ്ങളും പ്രത്യേകമായി നിലനിൽക്കുന്നവയാണ്. സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തേണ്ടതില്ല.<br>4) 27/10/2022 ന് വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ MOP അക്കൌണ്ട് ടെസ്റ്റുകൾ എന്നിവയ്ക്ക് പുറമേ മുൻ വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന എല്ലാ യോഗ്യത ടെസ്റ്റുകളും പാസ്സാകേണ്ടതാണ്. ടി ജീവനക്കാർ ക്കായി അക്കൌണ്ട് ടെസ്റ്റ്, MOP എന്നിവയ്ക്ക് പുറമേയുള്ള മറ്റു പേപ്പറുകളുടെ എണ്ണം ചുരുക്കി ഒരു പൊതു സിലബസ് രൂപീകരിച്ച് പി.എസ്.സി യെ കൊണ്ട് പരീക്ഷ നടത്തുന്നതിന് അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർ പ്പിക്കുന്നതിന് ഡി.ഇ.ഡി സെക്ഷനെ ചുമതലപ്പെടുത്തി . 27/10/2022 ന് വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് മുൻ വകുപ്പുകളിൽ പ്രവേശിച്ചവരും 27/10/2022 ന് ശേഷം മുൻ വകുപ്പുകളിലേയ്ക്ക് പി.എസ്.സി അഡ്വൈസ് ലഭിച്ച് നിയമിതരായവരുമായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യത നേടുന്നതിന് അവരെ അഡ്വൈസ് ചെയ്ത മുൻ വകുപ്പുകളിൽ നിർബന്ധമായിരുന്ന | |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഡിപാർട്ട്മെന്റൽ ടെസ്റ്റ് പേപ്പറുകൾ പാസ്സായാൽ മതിയാകുന്നതാണ്. എന്നാൽ ടി ഉദ്യോഗസ്ഥർ പ്രസ്തുത എല്ലാ പേപ്പറുകളും 2025 ജൂലൈ മാസത്തിൽ പി.എസ്.സി നടത്തുന്ന ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പരീക്ഷയിലോ അതിനു മുമ്പോ ഹാജരായി യോഗ്യത നേടേണ്ടതാണ്. അല്ലാത്ത പക്ഷം 27.10.2022 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ബാധകമായ എല്ലാ യോഗ്യത ടെസ്റ്റുകളും ടി ജീവനക്കാരും പാസ്സാക്കേണ്ടതാണ്.<br><br>5) 27/10/2022 ന് വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ബാധകമായ obligatory departmental test ന് ഒരു പൊതു സിലബസ് രൂപീകരിച്ച് പി.എസ്.സി യെ കൊണ്ട് പരീക്ഷ നടത്തുന്ന വിഷയം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. അക്കാര്യത്തിൽ തീരുമാനമാകുന്നതു വരെ നിലവിൽ വിവിധ മുൻ വകുപ്പുകളിൽ വകുപ്പുതല സ്ഥാനക്കയറ്റത്തിന് നിർബന്ധമായിരുന്ന എല്ലാ ടെസ്റ്റുകളും സ്ഥാനക്കയറ്റത്തി നുള്ള യോഗ്യതയായി പരിഗണിക്കുന്നതാണ്.<br>എന്നാൽ 27/10/2022 ന് സർവ്വീസിലുള്ളതും വകുപ്പ തല പരീക്ഷകൾ പാസ്സാകാത്ത തുമായ ജീവനക്കാർക്ക് യോഗ്യതാ ടെസ്റ്റിനായി അക്കൌണ്ട് ടെസ്റ്റുകൾ നിർബന്ധമാക്കുകയും മറ്റുള്ളവയ്ക്കായി കിലയുടെ ആഭിമുഖ്യത്തിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | ഒരു സിലബസ് രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിൽ തീരുമാനമെടുത്ത് സർക്കാർ അനുമതിയോടെ പി.എസ്.സി യെ അറിയിക്കുന്നതിനും ബന്ധപ്പെട്ട സെക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 16 | 16 | രഞ്ജിനി ജി എസ്, ഓഫീസ് അറ്റൻ ഡന്റ് | ലീഗൽ അസിസ്റ്റന്റ് LSGD തസ്തികയിലേക്ക് By transfer appointment ആയി സീനിയർ ക്ലാർക്ക് കാറ്റഗറിയിൽ നിന്നും അവരുടെ അഭാവത്തിൽ ക്ലാർക്ക് കാറ്റഗറിയിൽ നിന്നും യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനും അവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനത്തിനുമാണ് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ടി തസ്തികയുടെ feeder കാറ്റഗറിയിലേക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയെ കൂടി ഉൾ പ്പെടുത്തണമെന്നാണ് അപേക്ഷ. | ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത ഏഴാം ക്ലാസ്സ് പാസ്സ് എന്നതാണ്. കൂടാതെ ഡിഗ്രി യോഗ്യതയുള്ളവർ പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല എന്ന് പി.എസ്.സി നോട്ടിഫിക്കേഷനുകളിൽ പരാമർശിക്കുന്നുണ്ട്. സബോർഡിനേറ്റ് സർ വ്വീസ് ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യതയായി ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമബിരുദമാണ് നിശ്ചയിച്ചിട്ടുള്ളത്.<br><br>ലീഗൽ അസിസ്റ്റന്റ് തസ്തിക, സീനിയർ ക്ലർക്കിന്റെ സമാന തസ്തികയാണ്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകാത്ത സാഹചര്യത്തിൽ അപേക്ഷ പരിഗണിക്കേണ്ടതില്ല | നടപടി ഇല്ല. |
| 17 | 17 | ഏകീകൃത തദ്ദേശസ്വയംഭര | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ | മുൻ ഗ്രാമവികസന വകുപ്പിൽ കോൺ ഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ | ഡി.ഇ.ഇ |

| | | | | | |
|---|---|---|---|---|---|
| | | ണ വകുപ്പിലെ ടൈപ്പിസ്റ്റുമാർ | സ്ഥാനക്കയറ്റം എൽ.ഡി ടൈപ്പിസ്റ്റിന് മാത്രമായി നിജപ്പെടുത്തിയത് | നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് ഏറ്റവും സീനിയർ ആയ യു.ഡി, സീനിയർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരിലെ യോഗ്യരായ ഉദ്യോഗസ്ഥരെയാണ് നിയമിച്ചു വന്നിരുന്നത്.<br>എന്നാൽ പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വഴിയുള്ള നിയമനം എൽ.ഡി ടൈപ്പിസ്റ്റുമാരിലെ യോഗ്യരായ ഉദ്യോഗസ്ഥർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ 27900-63700 എന്നതാണ്. എന്നാൽ യു.ഡി ടൈപ്പിസ്റ്റിന്റെ ശമ്പള സ്കെയിൽ (35600-75400) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിലിനേക്കാൾ ഉയർന്നതാണ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴിയുള്ള നിയമനമാണ് നൽകേണ്ടത്. എന്നാൽ 12(2) പ്രകാരം 27/10/2022 -ന് മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന സീനിയോറിറ്റി, പ്രൊമോഷൻ, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് മുൻ വകുപ്പിൽ ഉണ്ടായിരുന്ന അതേ അവകാശം പുതിയ വകുപ്പിലും ഉണ്ടായിരിക്കും എന്നതിനാൽ ഈ അപേക്ഷ പരിഗണിച്ച് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുള്ള നിയമനത്തിന് 27/10/2022 ന് മുൻപ് സർ | |

| | | | | | |
|---|---|---|---|---|---|
| | | | | വ്വീസിൽ ഉണ്ടായിരുന്ന എൽ.ഡി ടൈപ്പിസ്റ്റ് മുതൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വരെയുള്ള എല്ലാ തസ്തികകളിലേയും യോഗ്യരായ ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സർക്കാർ ശിപാർശ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കേണ്ടതാണ്.. | |
| 18 | 18 | മായ എം.എസ്, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, രേഖ പി.നായർ, എക്സ്റ്റൻഷൻ ഓഫസർ (Housing) എന്നിവർ | • ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള അനുപാതം<br>• ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലുൾപ്പെട്ട മുൻ വകുപ്പുകളിലെ ജീവനക്കാരുടെ അനുപാതം | 1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് എക്സ്റ്റൻഷൻ മിനിസ്റ്റീരിയൽ വിഭാഗത്തിന് റേഷ്യോ നിശ്ചയിക്കുന്നതിന് സ്പെഷ്യൽ റൂൾ പരാതി പരിഹാര സെല്ലിന്റെ പരിധിയിൽപ്പെടുന്നതല്ല.<br>2. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു മ്പോൾ വിവിധ മുൻ വകുപ്പുകളിലെ ജീവനക്കാർക്ക് അനുപാതം നിശ്ചയിക്കു ന്നത് തസ്തിക സൃഷ്ടിക്കു മ്പോൾ തന്നെ സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരമാണ്. ഗ്രീവൻസ് സെല്ലിന്റെ പരിധിയിൽപ്പെടുന്ന വിഷയമല്ല. പരിഗണിക്കേണ്ടതില്ല. | 1. & 2 നടപടി ഇല്ല |
| 19 | 19 | 1. രതീഷ് ഡി, VEO Gr I<br>2. വിനയകുമാർ വി, VEO Gr I<br>3. ശ്രീമതി രജനി | 1) അപേക്ഷിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്<br>2) 12(1) 12(2) | 1) 12 (1) എന്ന സ്പെഷ്യൽ പ്രൊവിഷനിൽ മുൻ വകുപ്പുകളിലെ 27.10.2022-ന് മുമ്പ് സർവീസിലുണ്ടായിരുന്ന ജീവനക്കാരുടെ സീനിയോറിറ്റി സംരക്ഷിക്കുമെന്നും KSSR Rule 27 Part II പ്രകാരം തുടർന്നുള്ള | നടപടി ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | പി.എസ്, ശ്രീ.പ്രദീപ് ജി, VEO Gr I എന്നിവർ<br>4. ശ്രീ. അജിമോൻ പി.ഡി, ശ്രീ.രാഗേഷ് കുമാർ, VEO Gr I എന്നിവർ<br>5. ഏബ്രഹാം പി.എസ്, VEO Gr I<br>6. അനീഷ് ആർ, VEO Gr I<br>7. ചാരിതാർത്ഥ് യു.എൻ, VEO Gr I | എന്നിവയിലെ KSR Rule 27 Part II എന്ന വ്യവസ്ഥ ഒഴിവാക്കുക | സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br>അപ്രകാരം ജീവനക്കാർക്ക് മുൻ വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി അനുസരിച്ചാണ് സ്ഥാനക്കയറ്റം നൽകിവരുന്നത്. അതിനാൽ ത്തന്നെ 5(V)-ൽ പരാമർശിച്ചിട്ടുള്ള റിലേറ്റീവ് സീനിയോറിറ്റി പ്രകാരമുള്ള സ്ഥാനക്കയറ്റം 27.10.2022-ന് ശേഷം ഒരേ കാറ്റഗറിയിലെ വിവിധ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്.<br>2) KS&SSR 27 -ലെ പ്രൊവിഷൻ എന്നത് എല്ലാ കാറ്റഗറിയിലേയും ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് അർഹത നിശ്ചയിക്കുന്ന പൊതു വ്യവസ്ഥകളാണ്. അത് നിലവിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തെ ബാധിക്കുന്നതോ വിശേഷാൽ ചട്ടങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നതിന് കാരണമോ ആകുന്നില്ല.<br>പരിഗണിക്കേണ്ടതില്ല | |
| 20 | 20 | ഗ്രാമവികസന വകുപ്പ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ | 1) വിവിധ വിഭാഗങ്ങളിലെ ജീവനക്കാർ തമ്മിലുള്ള ജൂനിയർ സീനിയർ അനോമലി പരിഹരിക്കുന്നതിനും പൂർണ്ണമായ ഏകീകരണത്തിനും വേണ്ടി | 1. വിശേഷാൽ ചട്ടം 12 (1) (2) ക്ലോസുകൾ പ്രകാരം നിലവിലെ ജീവനക്കാരുടെ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സാധ്യമല്ല. പരിഗണിക്കേണ്ടതില്ല. | 1, 2 & 3 നടപടിയില്ല<br>4. ഡി.ഇ.ബി<br>5. നടപടിയില്ല<br>6.ഡി.ഇഎഫ് |

| | | | | | |
|---|---|---|---|---|---|
| | | | കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലെ വിവിധ കാറ്റഗറികളിൽപ്പെട്ട ജീവനക്കാരുടെ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.<br>2) ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാകുന്നതു വരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പോസ്റ്റിലേക്ക് ഒഴിവുവരുന്ന ബൈട്രാൻസ്ഫർ തസ്തികകൾ/സ്റ്റോപ്പ് ഗ്യാപ് തസ്തികകൾ ഗ്രാമ വികസന വകുപ്പ് മിനിസ്റ്റീരിയൽ വിഭാഗത്തിന് അനുവദിച്ചു നൽകി പ്രൊമോഷനിലെ അസമത്വം കുറയ്ക്കാൻ നടപടിയുണ്ടാകണം.<br>3) പതിനൊന്നാം ശമ്പള കമ്മീഷൻ ഗ്രാമവികസന വകുപ്പ് മിനിസ്റ്റീരിയൽ വിഭാഗത്തിന് ശിപാർശ ചെയ്ത ബി.ഡി.ഒ തസ്തികയിലെ ബൈട്രാൻസ്ഫർ വിഹിതം 8% ൽ | 2. വിശേഷാൽ ചട്ടം 12 (2) ക്ലോസ് പ്രകാരം നിലവിലെ ജീവനക്കാർക്ക് ലഭ്യമായിവരുന്ന സീനിയോറിറ്റി, സ്ഥാനക്കയറ്റം തുടങ്ങിയവയുമായി ബന്ധപ്പെട്ട അവകാശങ്ങൾ സംരക്ഷിച്ചിട്ടുണ്ട്.<br><br>3. ജി.ഒ(പി) 26/2024 തീയതി 15/03/2024 ഉത്തരവ് പ്രകാരം അനുപാതം നിശ്ചയിച്ചിട്ടുണ്ട്. | |

| | | | | | |
|---|---|---|---|---|---|
| | | | നിന്ന് 16 2/3 ആയി ഉയർത്താൻ നടപടി സ്വീകരിക്കണം.<br>4) ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>5) GO(Rt) 166/2017/LSGD Dated 20.01.2017 പ്രകാരം ശിപാർശ ചെയ്യപ്പെട്ട ബ്ലോക്ക് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിലെ തസ്തികകൾ ഗ്രാമ വികസന വകുപ്പ് മിനിസ്റ്റീരിയൽ വിഭാഗത്തിന് അനുവദിച്ചു നൽകാൻ നടപടിയുണ്ടാകണം.<br>6) വി.ഇ.ഒ തസ്തികകൾ കൂടി പരിഗണിച്ച് ഗ്രാമവികസന വകുപ്പ് ഓഫീസ് അറ്റൻഡന്റുമാരുടെ ബൈട്രാൻസ്ഫർ വിഹിതം പുനർ നിർണ്ണയിക്കാൻ നടപടിയുണ്ടാകണം. | 4. തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 28.01.2023-ലെ LSGD/ERA1/257/2022 കത്തിൽ നിർദ്ദേശിച്ച പ്രകാരം ടി വിഷയത്തിന്മേൽ പ്രത്യേക ശിപാർശ ക്രമ നം. 26 പ്രകാരം സമർപ്പിക്കുന്നുണ്ട്.<br><br>5. പരിഗണിക്കേണ്ടതില്ല<br><br>6. ഏകീകൃത വകുപ്പ് വിശേഷാൽ ചട്ട പ്രകാരം VEO Gr.II തസ്തിക ക്ലാർക്ക് തസ്തികയ്ക്ക് തുല്യമാക്കി re-designate ചെയ്തിട്ടുണ്ട്. ആയതിനാൽ VEO Gr.II, ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണത്തിന്റെ 10% ഒഴിവുകൾ, ഓഫീസ് അറ്റൻഡന്റുമാരുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | വകുപ്പ്തല പ്രൊമോഷന് അനുവദിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.<br><br>മുൻ ഗ്രാമവികസന വകുപ്പിൽ 342 എൽ.ഡി ക്ലർക്ക് തസ്തികകളും 983 ഗ്രേഡ്2 വി.ഇ.ഒ തസ്തികകളും ഉൾപ്പെടെ ആകെ 1325 തസ്തികകളാണ് ഉണ്ടായിരുന്നത്. ഇവയിൽ ക്ലർക്ക് തസ്തികയുടെ 10 ശതമാനം ഒഴിവുകളാണ് ഓഫീസ് അറ്റൻഡന്റുമാരുടെ വകുപ്പ തല പ്രൊമോഷന് പരിഗണിച്ചിരുന്നത്. എന്നാൽ പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഗ്രേഡ്2 വി.ഇ.ഒ തസ്തിക ക്ലർക്ക് തസ്തികയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്. അപ്രകാരം ക്ലർക്ക് തസ്തികകൾ 983 എണ്ണം കൂടി വർദ്ധിക്കുന്നതാണ്. എന്നാൽ വകുപ്പ് സംയോജനത്തിന് ശേഷം വിശേഷാൽ ചട്ടങ്ങൾ പ്രകാരം പുനർ നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് മുൻ ഗ്രാമവികസന വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് വകുപ്പ്തല സ്ഥാനക്കയറ്റം ഉണ്ടായിരുന്നുമില്ല. ആയതിനാൽ ടി 983 ക്ലർക്ക് തസ്തികകൾ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെതായി പരിഗണിക്കേണ്ടി വരുന്നതാണ്. ആയതിനാൽ പ്രസ്തുത തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾക്ക് ആനുപാതികമായി വകുപ്പതല സ്ഥാനക്കയറ്റത്തിനായി മാറ്റി വയ്ക്കുന്ന | |

| | | | | | |
|---|---|---|---|---|---|
| | | | | ഒഴിവുകൾ നികത്തുന്നതിൽ ഓരോ മുൻ വകുപ്പുകളിലും ഉണ്ടായിരുന്ന ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 തസ്തികകളുടെ എണ്ണത്തിന് ആനുപാതികമായി അനുപാതം നിശ്ചയിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ആയതിലേയ്ക്കുള്ള സർക്കാർ ഉത്തരവുണ്ടാകുന്നതിന് പ്രൊപ്പോസൽ നൽകാവുന്നതാണ്. | |
| 21 | 21 | വി.എസ്.സുബി, സീനിയർ എക്സ്റ്റൻഷൻ ഓഫീസർ | 1) റൂൾ 12-ന്റെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തൽ പുതിയ clause ഉൾ പ്പെടുത്തണം.<br>2) PSC വഴിയുള്ള നേരിട്ടുള്ള നിയമനം 20% മായി നിജപ്പെടുത്തി 20% വകുപ്പിലെ ബിരുദ യോഗ്യതയുള്ള സബോർഡിനേറ്റ് സർ വീസിലെ ജീവനക്കാരിൽ നിന്നും PSC വഴി ബൈട്രാൻ സ്ഫർ നിയമനം വഴി നികത്തുന്നതിന് മാറ്റിവയ്ക്കുക.<br>3) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ | 1. 27/10/2022-ന് ശേഷം സ്റ്റേറ്റ് സർ വീസിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ തുടർന്നുള്ള സീനിയോറിറ്റി, പ്രൊമോഷൻ എന്നിവ അവരുടെ മുൻ വകുപ്പിൽ ഉണ്ടായിരുന്ന സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആണോ അതോ സ്റ്റേറ്റ് സർവീസിൽ 27/10/2022-ന് ശേഷം പ്രവേശിക്കുന്ന ഉദ്യോഗസ്ഥരുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച് ആവശ്യമെങ്കിൽ സർ ക്കാരിന്റെ സ്പഷ്ടീകരണം വാങ്ങി ജി.ഇ.എ സെക്ഷൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.<br>2. ജി.ഒ(പി) 26/2024 തീയതി 15/03/2024 ഉത്തരവ് പ്രകാരം അനുപാതം നിശ്ചയിച്ചിട്ടുണ്ട്.<br>3. ജി.(ഒ) പി നം. 26/2024 തീയതി | 1. ജി.ഇ.എ<br>2& 3 നടപടിയില്ല<br>4. ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | | സ്റ്റേറ്റ് സർവ്വീസ് വിഭാഗം ജീവനക്കാർ ക്കായി നിലവിൽവന്ന വിശേഷാൽ ചട്ടപ്രകാരം സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനാനുപാതത്തിൽ 4:1 അനുപാതത്തിൽ വരത്തക്കവിധം Joint BDO, HC/JS മാരിൽ നിന്നുള്ള സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനാനുപാതം യഥാക്രമം 53 2/3%, 13% ആയി വർധിപ്പിച്ച നിയമനാനുപാതം (Direct:Joint BDO:HC/JS) 33 1/3% : 53 2/3% : 13% ആയി ക്രമപ്പെടുത്തി ഒരു ക്ലോസ് കൂടി ഉൾ പ്പെടുത്തണം.<br>4) DWWO/APO (WD) തസ്തിക degrade ചെയ്ത് സീനിയർ സെക്രട്ടറിയ്ക്ക് തുല്യമാക്കിയത് സംബന്ധിച്ച് | 15.03.2024 ഉത്തരവ് പ്രകാരം അനുപാതം നിശ്ചയിച്ചിട്ടുണ്ട്.<br>4. ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (സീനിയർ ഗ്രേഡ്) മാരിൽ വനിതകൾക്ക മാത്രം ലഭിച്ചുകൊണ്ടിരുന്ന പ്രൊമോഷൻ തസ്തികയാണ് DWWO/APO (WD) – 26 എണ്ണം. എന്നാൽ നിലവിലെ സ്പെഷ്യൽ റൂളിൽ ടി തസ്തിക സീനിയർ സെക്രട്ടറി (ഹയർ ഗ്രേഡ്) ആയി തരംതാഴ്ത്തിയിരിക്കുന്നു. റൂൾ 12(2) പ്രകാരം എല്ലാ ജീവനക്കാർക്കും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സീനിയോറിറ്റി, പ്രൊമോഷൻ എന്നിവ സംരക്ഷിക്കും എന്ന് പ്രതിപാദിച്ചിട്ടുള്ള സാഹചര്യത്തിൽ DWWO/APO (WD) തസ്തിക നിലവിലെ സീനിയർ സെക്രട്ടറി (ഹയർ ഗ്രേഡ്), അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകൾക്ക് ഇടയിലായി മുൻപ് നിലവിലുണ്ടായിരുന്ന പ്രകാരം നിലനിർത്തുന്നതിന് ശിപാർശ സർ ക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 22 | 22 | ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ | 1) നിലവിൽ സർ ക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ | 1) തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 28.01.2023-ലെ LSGD/ERA1/257/ 2022 കത്തിൽ നിർ ദ്ദേശിച്ച പ്രകാരം ടി വിഷയത്തിന്മേൽ പ്രത്യേക ശിപാർശ ക്രമ നം. 26 പ്രകാരം | 1. ഡി.ഇ.ബി<br>2. നടപടിയില്ല |

| | | | | | |
|---|---|---|---|---|---|
| | | പ്രതിനിധീകരിക്കുന്ന അംഗീകൃത സംഘടനയായ Kerala Rural Development Employees Organisation | അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലകളും ഓഫീസ് പ്രവർത്തനങ്ങളുടെ മേൽനോട്ടവും കൈകാര്യം ചെയ്യുന്ന നിലവിലെ ഹെഡ് ക്ലാർക്ക് തസ്തിക അസിസ്റ്റന്റ് സെക്രട്ടറിയുടെ നിലവാരത്തിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നത് സംബന്ധിച്ച്.<br>2) പതിനൊന്നാം ശമ്പള കമ്മീഷൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉണ്ടായിരുന്ന 8 1/3% പ്രാതിനിധ്യം 16 2/3 ആയി ഉയർത്തിയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് | സമർപ്പിക്കുന്നുണ്ട്.<br>2) ജി.ഒ(പി) 26/2024 തീയതി 15/03/2024 ഉത്തരവ് പ്രകാരം അനുപാതം നിശ്ചയിച്ചിട്ടുണ്ട്.. | |
| 23 | 23 | കേരള സ്റ്റേറ്റ് | 1) ബ്ലോക്ക് | 1. പരിഗണിക്കേണ്ടതില്ല. | 1 &2 നടപടിയില്ല |

| | | | | | |
|---|---|---|---|---|---|
| | | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസേഴ്സ് അസോസിയേഷൻ | പഞ്ചായത്ത് സെക്രട്ടറി തസ്തികയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയും ഏകീകരിച്ചത് സംബന്ധിച്ച്<br>2) തസ്തികയുടെ സ്വഭാവവും ജൂറിസ്ഡിക്ഷനും പരിഗണിക്കാതെ ഇന്റർ ട്രാൻസ്ഫർ അനുവദിക്കുന്നു.<br>3) തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് ഏകീകരിച്ചപ്പോൾ ഗ്രാമവികസന വകുപ്പിൽ ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയ്ക്കും മറ്റ് പ്രൊമോഷൻ തസ്തികകൾക്കും ഇതര സമാന തസ്തികകൾക്ക് അനുവദിക്കപ്പെട്ട അപ്ഗ്രഡേഷൻ പരിഗണന ലഭിച്ചിട്ടില്ല. | 2. പരിഗണിക്കേണ്ടതില്ല.<br>3. പോസ്റ്റ് അപ്ഗ്രഡേഷനും അനുപാതം നിശ്ചയിക്കലും പരാതി പരിഹാര സെല്ലിന്റെ പരിഗണനയിൽപ്പെടുന്ന വിഷയമല്ല. പരാതി പരിശോധിച്ച് ആവശ്യമായ തുടർനടപടി ബന്ധപ്പെട്ട സെക്ഷൻ സ്വീകരിക്കേണ്ടതാണ്.<br>4. Ex cadre തസ്തികകളിലേക്കുള്ള പ്രൊമോഷൻ നിയമനങ്ങൾ അതാത് സമയത്ത് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾക്കനുസരിച്ചാണ് നടന്നുവരുന്നത്. പരിഗണിക്കേണ്ടതില്ല | 3. ഡി.ഇ.എ<br>4. നടപടിയില്ല |

| | | | | | |
|---|---|---|---|---|---|
| | | | 4) ഗ്രാമവികസന വകുപ്പിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ സേവനം ചെയ്തുവരുന്ന വിവിധ മിഷൻ/പദ്ധതി കോഡിനേറ്റർ തസ്തികകളിലെ നിയമനം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽവന്ന സ്പെഷ്യൽ റൂളിലോ തുടർന്നുവന്ന ഉത്തരവുകളിലോ വ്യക്തതയില്ലാതെ തുടരുന്നു. | | |
| 24 | 24 | 1. ശ്രീനിവാസൻ ജി, VEO Gr I<br>2. സുമേഷ് പി സി, ഹാഷ്മിരാജ്, ദിനൽരാജ് വി.എച്ച്., സന്ദീപ് വി.റ്റി., ജയശ്രീ കെ.വി. എന്നീ VEO - മാർ<br>3. പ്രജിഷകുമാരി ടി.എസ്., VEO | 1) അപേക്ഷിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്<br>2) 12(1) 12(2) എന്നിവയിലെ KSR Rule 27 Part II എന്ന വ്യവസ്ഥ ഒഴിവാക്കുക | 1) വിശേഷാൽ ചട്ടങ്ങളിലെ 12(1) എന്ന സ്പെഷ്യൽ പ്രൊവിഷനിൽ മുൻ വകുപ്പുകളിലെ 27.10.2022-ന് മുമ്പ് സർവീസിലുണ്ടായിരുന്ന ജീവനക്കാരുടെ സീനിയോറിറ്റി സംരക്ഷിക്കുമെന്നും KSSR Rule 27 Part II പ്രകാരം തുടർന്നുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br>പ്രസ്തുത ജനറൽ റൂളിലെ പ്രൊവിഷൻ സ്പെഷ്യൽ റൂളിൽ നിന്ന് ഒഴിവാക്കണമെന്നാണ് | 1.ഡി.ഇസി |

| | | | | | |
|---|---|---|---|---|---|
| | | Gr I<br>4. ബിനീഷ് ബി, VEO Gr-I<br>5. ദിലീപ് എസ്, VEO Gr-I | | ആവശ്യപ്പെട്ടിരിക്കുന്നത്.<br><br>എന്നാൽ 12(1) 12(2) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ജീവനക്കാർക്ക് മുൻ വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി അനുസരിച്ചാണ് സ്ഥാനക്കയറ്റം നൽകിവരുന്നത്. മുൻ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകളും KS&SSR 27 -ലെ ജനറൽ പ്രൊവിഷനും അനുസരിച്ചാണ് ടി സ്ഥാനക്കയറ്റങ്ങൾ നൽകുന്നത്. അതിനാൽത്തന്നെ 5(V)-ൽ പരാമർശിച്ചിട്ടുള്ള റിലേറ്റീവ് സീനിയോറിറ്റി പ്രകാരമുള്ള സ്ഥാനക്കയറ്റം 27.10.2022-ന് ശേഷം ഒരേ കാറ്റഗറിയിലെ വിവിധ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് മാത്രമാണ് ബാധകമാകുന്നത്.<br><br>2) KS&SSR 27 -ലെ ജനറൽ പ്രൊവിഷൻ എന്നത് എല്ലാ കാറ്റഗറിയിലേയും ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് അർഹത നിശ്ചയിക്കുന്ന പൊതു വ്യവസ്ഥകളാണ്. അത് നിലവിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തെ ബാധിക്കുന്നതോ വിശേഷാൽ ചട്ടങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നതിന് കാരണമോ ആകുന്നില്ല.<br><br>അപേക്ഷ പരിഗണിക്കേണ്ടതില്ല. | |

| | | | | | |
|---|---|---|---|---|---|
| 25 | 25 | കെ.കെ.ശശി, ക്ലാർക്ക് | പൊതു സർവ്വീസ് രൂപീകരിച്ചതിനുശേഷം, നിലവിൽ 50 വയസ് പൂർത്തിയായ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നാളിതുവരെ ഇറങ്ങിയിട്ടില്ലാത്തതിനാൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് | സീനിയോറിറ്റി ലിസ്റ്റ് കൈകാര്യം ചെയ്യുന്ന സെക്ഷൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | **ജി.ഇ.എ** |
| 26 | 26 | | ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉയർത്തേണ്ടതിന്റെ അനിവാര്യതയും തൻമൂലം സർക്കാരിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയും സംബന്ധിച്ച റിപ്പോർട്ട് | ബ്ലോക്ക് പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതും കൂടുതൽ കാര്യക്ഷമവും ആക്കുകയെന്ന ലക്ഷ്യത്തോടെ "സാംഖ്യ" എന്ന പുതിയ കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് 2013-ൽ അന്ന് നിലവിലുണ്ടായിരുന്ന 1 സീനിയർ ക്ലാർക്ക് തസ്തിക ഹെഡ് ക്ലാർക്ക് തസ്തികയ്ക്ക് സമാനമായ 27800-59400 എന്ന ശമ്പള സ്കെയിലിലുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയായി ഉയർത്തിയത് ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്കുമാരുടെ ചുമതലകളെയും ഉത്തരവാദിത്വ ബാഹുല്യത്തെയും ഏതെങ്കിലും വിധത്തിൽ ലഘൂകരിക്കുന്നതിന് കാരണമായിട്ടില്ലായെന്ന് കാണാവുന്നതാണ്.<br><br>ഗ്രാമവികസന വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, ഹെഡ് | **ഡി.ഇ.ബി** |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൗണ്ടന്റ് എന്നീ തസ്തികകളുടെ നിലവിലെ പാറ്റേൺ ചുവടെ ചേർക്കും വിധമാണ്.<br><br>1. ജൂനിയർ സൂപ്രണ്ടുമാർ – 10 എണ്ണം<br>2. ഹെഡ് ക്ലാർക്കുമാർ – 169 എണ്ണം<br>3. ഹെഡ് അക്കൗണ്ടന്റുമാർ – 152 എണ്ണം<br><br>ആകെയുള്ള 169 ഹെഡ് ക്ലാർക്കുമാരിൽ 152 പേർ ബ്ലോക്ക് പഞ്ചായത്തുകളിലും 14 പേർ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിലും ഗ്രാമവികസന കമ്മീഷണറേറ്റ്, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തളിപ്പറമ്പ് വികസന പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ ഒന്നുവീതം ഹെഡ് ക്ലാർക്കുമാരും ആണ് ഉള്ളത്.<br><br>ബ്ലോക്ക് പഞ്ചായത്തുകളിലെ 1 സീനിയർ ക്ലാർക്ക് തസ്തിക ഹെഡ് അക്കൗണ്ടന്റ് തസ്തികയായി ഉയർത്തിയതിനുശേഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലുള്ള നിലവിലെ സ്റ്റാഫ് പാറ്റേൺ 1 പി.റ്റി.എസ്, 1 ഡ്രൈവർ, 1 ഓഫീസ് അറ്റൻഡന്റുമാർ, 1 ടൈപ്പിസ്റ്റ്, 3 ക്ലാർക്ക്/സീനിയർ ക്ലാർക്ക്, പുനർവിന്യാസം മുഖേന നിയമിക്കപ്പെട്ട 1 ക്ലാർക്ക്, 1 ഹെഡ് ക്ലാർക്ക്, 1 ഹെഡ് അക്കൗണ്ടന്റ് എന്നിങ്ങനെയാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കഴിഞ്ഞാൽ ബ്ലോക്ക് ഓഫീസുകളിലെ എക്സ്റ്റൻഷൻ വിഭാഗം | |

| | | | | | |
|---|---|---|---|---|---|
| | | | | ജീവനക്കാർ ഉൾപ്പെടെയുള്ള 30-ലേറെ വരുന്ന ജീവനക്കാരുടെ ഹാജർ, ശമ്പളം തുടങ്ങി ഓഫീസ് അഡ്മിനിസ്ട്രേഷൻ ചുമതല പൂർണ്ണമായും ഹെഡ് ക്ലാർക്കിൽ നിക്ഷിപ്തമാണ്. കൂടാതെ വകുപ്പുതല ഫണ്ടുകൾ, റി-കൺസിലിയേഷൻ, ബഡ്ജറ്റ് തയ്യാറാക്കൽ, ക്യാഷ് ചെസ്റ്റിന്റെ ചുമതല എന്നിവയും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം, നിർവ്വഹണം, പദ്ധതിയേതര പ്രവർത്തനങ്ങൾ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനും നടത്തിപ്പിനും ഭരണസമിതിയെ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കൽ എന്നീ ചുമതലകളും ഹെഡ് ക്ലാർക്കുമാർ നിർവ്വഹിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രീയയിലും തിരഞ്ഞടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീ, യാത്രാബത്ത, പ്രതിമാസ ഹോണറേറിയം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും ഹെഡ് ക്ലാർക്കുമാരാണ്.<br><br>അക്കൗണ്ടന്റ് ജനറൽ, പെർഫോമൻസ് ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ഓഡിറ്റ്, വിവിധ വർഷങ്ങളിലെ ലോക്കൽ ഫണ്ട് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് എന്നിങ്ങനെ ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ ഓഡിറ്റ് ഫയലുകൾക്ക് മറുപടി തയ്യാറാക്കലും തുടർ നടപടികൾ സ്വീകരിക്കലും, ബ്ലോക്ക് | |

| | | | | | |
|---|---|---|---|---|---|
| | | | | പഞ്ചായത്തുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നടക്കുന്ന കേസുകൾ കൈകാര്യം ചെയ്യൽ, നിയമസഭാ ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകൽ എന്നിവ കൂടാതെ ബ്ലോക്ക് ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും സുതാര്യ കേരളം പരിപാടിയുടെ അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും ബ്ലോക്ക് പഞ്ചായത്തിലെ സി.എം.ഒ പോർട്ടലിന്റെ ചുമതല, ഹെഡ് ക്ലാർക്കുമാർ പ്രവർത്തിച്ചുവരുന്നു. 2013-ൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ ഹെഡ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചതുമൂലം ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്കുമാരുടെ ജോലിഭാരവും ഉത്തരവാദിത്വങ്ങളും കാര്യമായി കുറഞ്ഞിട്ടില്ലെന്ന് കാണാവുന്നതാണ്.<br><br>മുൻ ഗ്രാമവികസന കമ്മീഷണറേറ്റിൽ 2010 വരെ നിലനിന്നിരുന്ന സെക്രട്ടറിയേറ്റ് തസ്തികകളിലെ സെക്ഷൻ ഓഫീസർമാരുടെ തസ്തികകളാണ് പിന്നീട് ഗ്രാമവികസന വകുപ്പിന് ജൂനിയർ സൂപ്രണ്ട് തസ്തികകളായി മാറ്റി അനുവദിച്ചതെന്നും കേവലം 10 ജൂനിയർ സൂപ്രണ്ട് തസ്തികകൾ മാത്രം ഉള്ളതിനാലാണ് മുകളിൽ പരാമർശിച്ച രീതിയിൽ 20 ലേറെ വർഷത്തെ സേവന ദൈർഘ്യമുള്ള ജീവനക്കാർ ഹെഡ് ക്ലാർക്കുമാരായി ഉയർന്ന ശമ്പളത്തിൽ തുടരേണ്ടിവരുന്നതെന്നും കാണാവുന്നതാണ്.<br><br>ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ | |

| | | | | | |
|---|---|---|---|---|---|
| | | | | പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ കൂടാതെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെ കോടിക്കണക്കിനു രൂപയുടെ വിനിമയം സംബന്ധിച്ച ഫയലുകൾ എല്ലാംതന്നെ പരിശോധിച്ച് നടപ്പിലാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്കുമാർ വളരെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. എന്നാൽ ഈ ഫയലുകൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മുമ്പാകെ എത്തുന്നതിനുമുമ്പുള്ള പരിശോധയ്ക്ക് താരതമ്യേന ഉയർന്ന പദവിയിലുള്ള ഒരു ഇന്റർമീഡിയറ്റ് ഓഫീസർ നിലവിലില്ല. കൂടാതെ വകുപ്പിലെ ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് ജീവനക്കാർക്ക് നിലവിൽ പ്രൊമോഷൻ തസ്തികയായി കേവലം 10 ജൂനിയർ സൂപ്രണ്ട് തസ്തിക മാത്രമാണുള്ളത്. അതേസമയം ബ്ലോക്ക് പഞ്ചായത്തുകളുടെ അത്രതന്നെ എണ്ണം ജീവനക്കാരോ പ്രവർത്തന പരിധിയോ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്. തന്മൂലം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായപ്പോൾ 25 വർഷത്തിലേറെ സർവ്വീസുള്ള ക്ലറിക്കൽ ജീവനക്കാർ സമാന വകുപ്പുകളിലെ 15 വർഷത്തിൽ താഴെ സർവ്വീസുള്ള ഒരേ പി.എസ്.സി ലിസ്റ്റിൽ നിന്നുള്ളതോ, അതിനുശേഷമുള്ള ലിസ്റ്റിൽ നിന്നുള്ളതോ ആയ ജീവനക്കാരുടെ കീഴിൽ സേവനം ചെയ്യേണ്ടതായ സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വകുപ്പുസംയോജനം | |

| | | | | | |
|---|---|---|---|---|---|
| | | | | പ്രാബല്യത്തിൽ വരികയും, ടി ഹെഡ് ക്ലാർക്കുമാർ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യേണ്ടതുമായ സാഹചര്യം സംജാതമായ സ്ഥിതിയിൽ താഴ്ന്ന ശമ്പള സ്കെയിലിൽ വേതനം ലഭ്യമാകുന്ന ജീവനക്കാരുടെ കീഴിൽ ഉയർന്ന ശമ്പളം ലഭ്യമാകുന്ന മുൻ ഗ്രാമവികസന വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ജോലി ചെയ്യേണ്ടതായി വരുന്നു. ഉയർന്ന ശമ്പളം വാങ്ങുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ കുറഞ്ഞ ഉത്തരവാദിത്തവും, താഴ്ന്ന ശമ്പളം വാങ്ങുന്ന ജീവനക്കാർ കൂടുതൽ ഉത്തരവാദിത്തവും എടുക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു.<br><br>മുൻ ഗ്രാമവികസന വകുപ്പിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി ഉയർത്തുന്നത് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും സാധ്യമാക്കുന്നതാണ്.<br><br>അധിക സാമ്പത്തിക ബാദ്ധ്യത<br><br>മുൻ ഗ്രാമവികസന വകുപ്പിൽ ആകെയുള്ള 169 ഹെഡ് ക്ലാർക്ക് തസ്തികകളിൽ 152 എണ്ണം ബ്ലോക്ക് പഞ്ചായത്തുകളിലാണുള്ളത്. കൂടാതെ ഓരോ ബ്ലോക്ക് പഞ്ചായത്തിനും ഒരു ഹെഡ് അക്കൗണ്ടന്റ് എന്ന നിരക്കിൽ ആകെ 152 ഹെഡ് അക്കൗണ്ടന്റുമാരുമുണ്ട്. ഈ രണ്ടു തസ്തികകളും ജൂനിയർ സൂപ്രണ്ട് തസ്തികയുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | 43400-91200 എന്ന ശമ്പള സ്കെയിലിന് തൊട്ടു താഴെയുള്ള 33300-83000 എന്ന ശമ്പള സ്കെയിലിൽ ഇന്റർചെയ്ഞ്ചെബിൾ തസ്തികകളാണ്.<br><br>ബ്ലോക്ക് പഞ്ചായത്തുകളിലെ 152 ഹെഡ് ക്ലാർക്ക് തസ്തികകൾ മാത്രം ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിലേയ്ക്ക് ഉയർത്തുന്ന സാഹചര്യത്തിൽ മുൻ ഗ്രാമവികസന വകുപ്പിലെ ഹെഡ് ക്ലാർക്ക് - ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയറായ 152 പേർ ജൂനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്നതാണ്. ഇങ്ങനെ സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്നവരിൽ മൂന്നാമത് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കപ്പെട്ട് ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിന് തത്തുല്യമായ 43400-91200 എന്ന ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളം വാങ്ങുന്നവരാണ്.<br><br>ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തപ്പെടുമ്പോൾ ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്നവരിൽ വളരെ കുറഞ്ഞ എണ്ണം ഉദ്യോഗസ്ഥർക്കു മാത്രമേ KSSR Part-1 Rule 28 ന്റെ ആനുകൂല്യം നൽകി ശമ്പള നിർണ്ണയം നടത്തേണ്ടിവരുന്നുള്ളൂ. ടി ഉദ്യോഗസ്ഥർക്ക് അർഹമായ 2 ഇൻക്രിമെന്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | അനുവദിക്കുന്നതുമൂലം അടിസ്ഥാന ശമ്പളത്തിൽ ഉണ്ടാകുന്ന പ്രതിമാന വർദ്ധനവ് വളരെ ചെറിയ തുകയായിരിക്കും. ഫലത്തിൽ ഇതുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്ന് വ്യക്തമാണ്.<br><br>അതിനാൽ ഗ്രാമവികസന വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള 169 ഹെഡ് ക്ലാർക്കുമാരിൽ ബോക്ക് പഞ്ചായത്തുകളിലെ 152 ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നതിനും ബാക്കിയുള്ള 17 ഹെഡ് ക്ലാർക്ക് തസ്തികകൾ അതേപടി നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള 152 ഹെഡ് അക്കൗണ്ടന്റ് തസ്തികകളും അതേപടി നിലനിറുത്താവുന്നതാണ്. നിലവിൽ ഇന്റർ ചെയ്ഞ്ചബിൾ ആയിട്ടുള്ള ഹെഡ് ക്ലാർക്ക്-ഹെഡ് അക്കൗണ്ടന്റ് തസ്തികയുടെ അടുത്ത പ്രൊമോഷൻ തസ്തികയായി പ്രസ്തുത ജൂനിയർ സൂപ്രണ്ട് തസ്തികയെ നിശ്ചയിക്കാവുന്നതും നിലവിൽ മുൻ ഗ്രാമവികസന വിഭാഗത്തിലെ ഏറ്റവും സീനിയറായ 152 ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റുമാരെ ജൂനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കാവുന്നതുമാണ്. ഇതുമൂലം പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുകയില്ലെന്നും, മറിച്ച്, നിലവിലുള്ള ഹെഡ് ക്ലാർക്ക് | |

| | | | | | |
|---|---|---|---|---|---|
| | | | | തസ്തികകൾ അവയുടെ ചുമതലാ ബാഹുല്യവും ഉത്തരവാദിത്വങ്ങളും പരിഗണിച്ച് ഉയർത്തപ്പെടുക മാത്രമാണ് ചെയ്യുന്നതെന്നും കാണാവുന്നതാണ്.<br><br>ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ അനിവാര്യത പരിഗണിച്ചും ബ്ലോക്ക് പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉയർത്തുന്നതുമൂലം ഉണ്ടാകുന്ന അധിക പ്രതിമാസ സാമ്പത്തിക ബാദ്ധ്യത വളരെ പരിമിതമായ തുക മാത്രമായതിനാലും ഗ്രാമവികസന വകുപ്പിലെ 152 ബ്ലോക്ക് പഞ്ചായത്തുകളിലെയും ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്താവുന്നതും ബാക്കി 17 ഹെഡ് ക്ലാർക്ക് തസ്തികകളും ബ്ലോക്ക് പഞ്ചായത്തുകളിലെ 152 ഹെഡ് അക്കൗണ്ടന്റ് തസ്തികകളും അതേപടി നിലനിർത്താവുന്നതും ഈ ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് തസ്തികകളുടെ സ്ഥാനക്കയറ്റ തസ്തികയായി ജൂനിയർ സൂപ്രണ്ട് തസ്തികയെ നിശ്ചയിക്കാവുന്നതുമാണെന്ന് ശിപാർശ ചെയ്യുന്നു. | |
| 27 | 27 | സെൽവരത്നം, എസ്.കെ സ്റ്റാൻലി, സീനിയർ | മുൻ ഗ്രാമവികസന വകുപ്പിലെ സീനിയർ സൂപ്രണ്ടുമാർക്ക് അസിസ്റ്റന്റ് | മുൻ ഗ്രാമവികസന വിഭാഗത്തിൽ ഏറ്റവും സീനിയറായ ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | സൂപ്രണ്ട് | ഡയറക്ടർ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ എന്നീതസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് | ആയി നിയമിക്കപ്പെടാൻ രേഖാമൂലം സന്നദ്ധത നൽകുന്നവരെയാണ് സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു വന്നിരുന്നത്. സമാന തസ്തികകളായ സീനിയർ സൂപ്രണ്ട്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകൾക്ക് പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുകളായിരുന്നു തയാറാക്കിയിരുന്നത്. സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും അക്കൌണ്ട്സ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്കും സീനിയർ സെക്രട്ടി തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കും ആണ് സ്ഥാനക്കയറ്റം നൽകിയിരുന്നത്.<br><br>എന്നാൽ വകുപ്പ് ഏകീകരണത്തെതുടർന്ന് സീനിയർ സൂപ്രണ്ട്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകരിക്കുകയും ഇൻറർ ട്രാൻസ്ഫറബിലിറ്റി വ്യവസ്ഥ പ്രകാരം പരസ്പരം മാറ്റി നിയമിക്കുകയും ചെയ്തു വരുകയുമാണ്. ടി സാഹചര്യത്തിൽ മുൻ ഗ്രാമവികസന വകുപ്പിൽ സ്ഥാനക്കയറ്റത്തിന് മുൻപ് നൽകി വന്നിരുന്ന സന്നദ്ധതാ പത്രം അപ്രസക്തമാകുന്നതാണ്. ആയതിനാൽ സീനിയർ സൂപ്രണ്ട്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റുകൾ | |

| | | | | | |
|---|---|---|---|---|---|
| | | | | പ്രമോഷൻ തസ്തികകളായ അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ജില്ലാ വനിതാക്ഷേമ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് പ്രസ്തുത ഏകീകൃത സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് അർഹത അനുസരിച്ച് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്നതിന് ബന്ധപ്പെട്ട സെക്ഷനെ ചുമതലപ്പെടുത്തുന്നു. | |

M. G. RAJAMANICKAM IAS
PEN: 428158
PRINCIPAL DIRECTOR
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar P.O, Tvpm - 695003

# 2. പഞ്ചായത്ത് വകുപ്പ്

| തീരുമാനം നം | ക്രമ നം. | പരാതിക്കാർ | പരാതികൾ | പരാതികളിന്മേലുള്ള പരാതി പരിഹാര സെല്ലിന്റെ ശിപാർശ | നടപടി സ്വീകരിക്കേണ്ട സെക്ഷൻ |
|---|---|---|---|---|---|
| 28 | 1 | കേരള പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർസ് യൂണിയൻ സമർപ്പിച്ച ആക്ഷേപം | പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ കേഡറിൽ ആകെ 16 തസ്തികകൾ മാത്രമാണ് ഉള്ളത്. വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ഗ്രേഡ് 2 എന്നിവരെ യഥാക്രമം മുൻസിപ്പൽ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ഗ്രേഡ് 2 എന്നീ തസ്തികളുമായാണ് ഏകീകരിച്ചിട്ടുള്ളത്. മുൻസിപ്പൽ കോമൺ സർവീസിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ നഗരസഭകളിൽ നിർവഹിക്കുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും | പഞ്ചായത്ത് വകുപ്പിൽ ആകെയുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തികളുടെ എണ്ണം 16 ആണ്. ഇവരിൽ 2:1 അനുപാതത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 എന്നീ ഗ്രേഡുകൾ റേഷ്യോ പ്രമോഷൻ വഴി അനുവദിക്കുകയാണ് ചെയ്യുന്നത്. മുൻസിപ്പൽ കോമൺ സർവീസിലെ എൻട്രി കേഡർ തസ്തികയായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയിരിക്കുമ്പോൾ പഞ്ചായത്ത് വകുപ്പിൽ ആയത് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആണ് . മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ടിന്റെയും പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെയും Scale of Pay സമാനമാണ്. (31100-66800). ടി സാഹചര്യത്തിലാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽചട്ടങ്ങളിൽ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നെ മുൻസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നോടൊപ്പം ക്രമപ്പെടുത്തി ഏകീകരിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ന്റെ ശമ്പള സ്കെയിൽ ( 35600-75400) മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ന്റെ ശമ്പള സ്കെയിലിനെ സ്കെയിലിന് (37400 - 79000) താഴെയായിരുന്നു. വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി 25.06.2022 തീയതിയിലെ സ.ഉ(കൈ) നം. 134/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലെഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ന്റെ ശമ്പള സ്കെയിൽ 37400-79000 | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | തന്നെയാണ് പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാരും നിർവഹിച്ചു വരുന്നത് എന്നതിനാൽപുതിയ വിശേഷങ്ങൾ ചട്ടങ്ങളിൽ പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നിവയുടെ ഗ്രേഡ് ഉയർത്തി മുൻസിപ്പാലിറ്റികളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടേതിന് തുല്യമാക്കി ക്രമപ്പെടുത്തി ൽ Senior Public Health Inspector എന്ന Category യിൽ ഉൾപ്പെടുത്തണം. | ആക്കി ഉയർത്തി ആണ് മുൻസിപ്പൽ കോമൺ സർവീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നോടൊപ്പം ഏകീകരിച്ചിട്ടുള്ളത്.<br>Special Rules for the Local Self Government Department Subordinate service Rules, 2022 ' ചട്ടം 12 പ്രകാരം ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് പഞ്ചായത്ത് വകുപ്പ്, നഗരസൂത്രണ വകുപ്പ്, നഗരകാര്യ വകുപ്പ്, മുൻസിപ്പൽ കോമൺ സർവീസ്, ഗ്രാമ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം എന്നീ വകുപ്പുകളിൽ ജോലി ചെയ്തിരുന്ന ഒരു ജീവനക്കാരന്റെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, സബോർഡിനേറ്റ് സർവീസിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം എന്നിവ സംബന്ധിച്ച എല്ലാ അവകാശങ്ങളും സംരക്ഷിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച രീതിയിലുള്ള ഏകീകരണത്താൽനിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല.<br>മേൽ സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നിവയുടെ ഗ്രേഡ് വീണ്ടും ഉയർത്തി മുൻസിപ്പാലിറ്റികളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടേതിന് തുല്യമാക്കി ക്രമപ്പെടുത്തി Senior Public Health Inspector എന്ന Category യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണനാർഹമല്ല എന്ന് കാണുന്നു. | |
| 29 | 2 | കേരള പഞ്ചായത്ത് ലൈബ്രറിയൻസ് അസോസിയേഷൻ സമർപ്പിച്ച ആക്ഷേപം | 1994 ലെ പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ലൈബ്രറിയൻ തസ്തികയിൽ 2:3:4:6 എന്ന അനുപാതത്തിൽ ലൈബ്രേറിയൻ ഗ്രേഡ് 1, ലൈബ്രേറിയൻ ഗ്രേഡ് 2, | എട്ടാം ശമ്പളം കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ LD ക്ലാർക്കിന്റെ സമാന സ്കെയിൽ ഓഫ് പെയിൽ ഉൾപ്പെട്ടിരുന്ന ലൈബ്രറിയൻ ഗ്രേഡ് 4 ന്റെ പേ സ്കെയിൽ UD ക്ലാർക്കിന്റെ സ്കെയിനൊപ്പവും സമാനമായ രീതിയിൽ മറ്റ് ഗ്രേഡുകളുടെ സ്കെയിൽ ഓഫ് പേയും ഉയർത്തിയാണ് 5:3:2 എന്ന അനുപാതം നിശ്ചയിച്ച് മൂന്നാക്കി ചുരുക്കിയിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് വകുപ്പിലെ | ഡി.ഇ.ഇ |

| | | | | | |
|---|---|---|---|---|---|
| | | | ലൈബ്രേറിയൻ ഗ്രേഡ് 3, ലൈബ്രേറിയൻ ഗ്രേഡ് 4 എന്നിങ്ങനെ നാല് കാറ്റഗറി നിലവിലുണ്ടായിരുന്നു. എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിൽ ലൈബ്രേറിയൻ ഗ്രേഡ് 4 നെ ലൈബ്രേറിയൻ എന്നും, ലൈബ്രേറിയൻ ഗ്രേഡ് 3 ,ലൈബ്രേറിയൻ ഗ്രേഡ് 2 എന്നിവ സംയോജിപ്പിച്ച് ലൈബ്രേറിയൻ (സീനിയർ ഗ്രേഡ്) എന്നും ലൈബ്രേറിയൻ ഗ്രേഡ് 1 നെ ലൈബ്രേറിയൻ (സെലക്ഷൻ ഗ്രേഡ്) എന്നും പുനർനാമകരണം ചെയ്തിട്ടുള്ളതും ഇവരുടെ അനുപാതം 5:3:2 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷനിൽ ലൈബ്രേറിയൻ (സ്പെഷ്യൽ ഗ്രേഡ്) എന്ന ഗ്രേഡ് പുതുതായി നിർദേശിച്ചിരുന്നെങ്കിലും ആയത് സൃഷ്ടിക്കപ്പെട്ടിരുന്നില്ല. പഞ്ചായത്ത് വകുപ്പിൽ നിന്നും വിഭിന്നമായി മുൻസിപ്പൽ കോമൺ സർവീസിൽ ലൈബ്രേറിയൻ ഗ്രേഡ് 1,2,3,4 എന്നിങ്ങനെ നാല് ഗ്രേഡുകൾ നിലവിലുണ്ട്. ഏകീകൃത | ലൈബ്രറേറിയന്റെ ശമ്പള സ്കെയിൽ മുനിസിപ്പൽ കോമൺ സർവീസിലെ ലൈബ്രറേറിയൻ ഗ്രേഡ് 4 ന് തുല്യവും പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ (സീനിയർ ഗ്രേഡ് ) ന്റെ ശമ്പള സ്കെയിൽ മുനിസിപ്പൽ കോമൺ സർവീസിലെ ലൈബ്രേറിയൻ ഗ്രേഡ് 3 ന് തുല്ല്യവും പഞ്ചായത്ത് വകുപ്പിലെ ലൈബ്രറേറിയൻ (സെലക്ഷൻ ഗ്രേഡ്) ന്റെ ശമ്പള സ്കെയിൽ മുനിസിപ്പൽ കോമൺ സർവീസിലെ ലൈബ്രറിയിൽ ഗ്രേഡ് 2 ന് സമാനവുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇവരെ സമാന കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. നിലവിലെ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളത് ലൈബ്രേറിയൻ തസ്തികയിലെ ഗ്രേഡുകൾ പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടാണ്. ടി വിഭജനം നടത്തിയിട്ടുള്ളത് എട്ടാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമാണ്<br><br>1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലെ ഗ്രൂപ്പ് III-ാം വിഭാഗത്തിലാണ് ലൈബ്രേറിയൻമാർ ഉൾപ്പെട്ട് വന്നിരുന്നത്. ലൈബ്രേറിയൻ ഗ്രേഡ്-I സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട് വരുന്ന തസ്തികയാണ്. മുൻസിപ്പൽ കോമൺ സർവ്വീസിലെ ലൈബ്രേറിയൻ ഗ്രേഡ് - I തസ്തികയും ഒരു നോൺ ഗസ്റ്റഡ് തസ്തികയായിരുന്നു എന്നത് പരിഗണിക്കാവുന്നതാണ്. മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ നിലവിലെ അവസ്ഥയിൽ പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ സെലക്ഷൻ ഗ്രേഡിൽ ഉൾപ്പെട്ട് വരുന്നതും, സർവ്വീസ് കാലയളവ് മുൻസിപ്പൽവിഭാഗത്തിൽ നിന്നുള്ള ലൈബ്രേറിയൻ GR-I നെക്കാൾ അധികരിച്ചോ സമാന നിലയിലോ ഉള്ള വ്യക്തിക്ക് അർഹതപ്പെട്ട ശമ്പള നിരക്ക് നഷ്ടപ്പെടാവുന്ന സാഹചര്യം ഉണ്ടാകാനിടയുണ്ട്. മാത്രമല്ല എട്ടാം ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള ശമ്പള പുനഃക്രമീകരണ ഉത്തരവ് | |

| | | | | | |
|---|---|---|---|---|---|
| | | | പൊതുസർവീസ് രൂപീകരണത്തിന്റെ ഭാഗമായി നിലവിൽ വന്ന ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ പഞ്ചായത്ത് വകുപ്പിലെ ലൈബ്രറിയൻ തസ്തികയെ മുൻസിപ്പൽ കോമൺ സർവീസിലെ ലൈബ്രറിയൻ ഗ്രേഡ് 4 ന് ഒപ്പവും,ലൈബ്രേറിയൻ (സീനിയർ ഗ്രേഡ്) നെ മുൻസിപ്പൻ കോമൺ സർവീസിലെ ലൈബ്രറിയിൽ ഗ്രേഡ് മൂന്നിന് ഒപ്പവും ലൈബ്രറിയൻ (സെലക്ഷൻ ഗ്രേഡ്) നെ മുൻസിപ്പൽ കോമൺ സർവീസിലെ ലൈബ്രറിയിൽ ഗ്രേഡ് 2 ന് ഒപ്പവുമാണ് ഇന്റഗ്രേറ്റ് ചെയ്തിരിക്കുന്നത്. മുൻസിപ്പൽ കോമൺ സർവീസിലെ ലൈബ്രറേറിയൻ ഗ്രേഡ് 1 മാത്രമാണ് Special Rules for the Local Self Government Department State service , 2022 ൽ ലൈബ്രറിയിൽ ഗ്രേഡ് 1 & കൾച്ചറൽ ഓഫീസർ ആയി മാറ്റപ്പെട്ടത്. ആയതിനാൽ പഞ്ചായത്ത് വകുപ്പിലെ ലൈബ്രറേറിയന്മാരെ 4 ഗ്രേഡുകളിലായി | പ്രകാരം പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻമാരുടെ ഗ്രേഡുകളിൽ വന്നിട്ടുള്ള പുനഃക്രമീകരണം 1994 ലെ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളുകളിൽ വരുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയന്മാരെ 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ പരാമർശിക്കും പ്രകാരം 2:3:4:6 റേഷ്യോവിൽ നാല് ഗ്രേഡുകളായി പുനഃ ക്രമീകരിക്കാവുന്നതും ലൈബ്രേറിയൻ ഗ്രേഡ് 4 നെ മുൻസിപ്പൽ കോമൺ സെർവീസിലെ ഗ്രേഡ് 4 തസ്തികയുമായും പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് 3 നെ മുൻസിപ്പൽ കോമൺ സെർവീസിലെ ഗ്രേഡ് 3 തസ്തികയുമായും പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് 2 നെ മുൻസിപ്പൽ കോമൺ സെർവീസിലെ ഗ്രേഡ് 2 തസ്തികയുമായും ഏകോപിപ്പിച്ച G.O (P) No.75/2022/LSGD dtd 27/10/2022 നമ്പർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഏകീകൃത തദ്ദേശ സ്വയം ഭരണ പൊതു സെർവിസിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതും പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് 1 നെ മുൻസിപ്പൽ കോമൺ സെർവീസിലെ ഗ്രേഡ് 1 കൾച്ചറൽ ഓഫീസർ തസ്തികയുമായും ഏകോപിപ്പിച്ച G.O (P) No.74/2022/LSGD dtd 27/10/2022 നമ്പർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതും പരിഗണിക്കാവുന്നതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | | പുനക്രമീകരിച്ച് ഗ്രേഡ് ഒന്നിനെ മുൻസിപ്പൽ കോമൺ സർവീസിലെ ഗ്രേഡ് വൺ കൾച്ചറൽ ഓഫീസർ തസ്തികയോടൊപ്പം ഉൾപ്പെടുത്തണം എന്നതാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യം | | |
| 30 | 3 | കേരള എൻജിഒ അസോസിയേഷൻ സമർപ്പിച്ച ആക്ഷേപം | (എ) G.0 (M.S) No.206/2011/ LSGD dtd 05.09.2011 നമ്പർ ഉത്തരവ് പ്രകാരം ഫസ്റ്റ് ഗ്രേഡ് സെക്രട്ടറിമാരുടെ എണ്ണമായിരുന്ന 541 ന്റെ 40 ശതമാനമായ 220 ആയി നേരിട്ടുള്ള നിയമനം നിജപ്പെടുത്തിയിരുന്നു.ഏകീകൃത പൊതു സർവീസിലെ സ്പെഷ്യൽ റൂൾസ് പ്രകാരം 40% നേരിട്ട് ശുപാർശ ചെയ്തിരിക്കുന്നത് താഴ്ന്ന വിഭാഗം ജീവനക്കാരുടെ സ്ഥാന കയറ്റത്തിനുള്ള അവസരം നഷ്ടപ്പെടുന്നതിന് കാരണമാകുമെന്നതിനാൽ ആയത് പരിശോധിക്കേണ്ടതാണ്. | Special Rules for the Local Self Government Department State service , 2022,Special Rules for the Local Self Government Department Subordinate service Rules, 2022 എന്നീ വിശേഷാൽ പട്ടങ്ങളിൽ ചട്ടം 12 പ്രകാരം ഏകീകരണത്തിന് മുമ്പ് വ്യത്യസ്ത വകുപ്പുകളിലായി ജോലി ചെയ്തിരുന്ന എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും നിലവിലെ സേവന വ്യവസ്ഥകൾ സംരക്ഷിക്കപ്പെടുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. Special Rules for the Local Self Government Department State service , 2022 ൽ നിയമന രീതിയും യോഗ്യതകളും പ്രതിപാദിക്കുന്ന ചട്ടം 5 ൽ Group I- General wing ലെ category 5 ലെ സെക്രട്ടറി തസ്തികയിലെ നേരിട്ടുള്ള നിയമനം, സ്ഥാനക്കയറ്റം വഴിയുള്ള നിയമനം എന്നിവ 40: 60 എന്ന അനുപാതത്തിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. ആയതിലെ Note 2 ൽ "Existing ratio prior to the commencement of these rules will continue till the last person in the above departments at the time of commencement of these rules is promoted subject to sub rules (1 ) and (2) of Rule 12 " എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 05.09.2011 തീയതിയിലെ G.O (MS) No.206/2011/LSGD നമ്പർ ഉത്തരവ് പ്രകാരംസെക്രട്ടറി തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം 220 എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് ബഹു. കേരള ഹൈക്കോടതി | ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | | | | 19.03.2018 തീയതിയിലെ OP (KAT ) No.296/2014 നമ്പർ വിധിന്യായത്തിൽ ശരി വെച്ചിട്ടുള്ളതാണ്.<br><br>1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലെ ഗ്രൂപ്പ് I വിഭാഗത്തിൽ കാറ്റഗറി 1 ആയി ഉൾപ്പെട്ടിരുന്ന സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയും, കോമൺ കാറ്റഗറിയിൽപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയും കൂട്ടിച്ചേർത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/PAU സൂപ്പർവൈസർ എന്നും 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിലെ ഗ്രൂപ്പ് I ലെ കാറ്റഗറി 2 ആയ ജൂനിയർ സൂപ്രണ്ടും കാറ്റഗറി -3 ആയ സെക്രട്ടറി ഗ്രാമപഞ്ചായത്ത് തസ്തികയും കൂട്ടിച്ചേർത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്ത്/ജൂനിയർ സൂപ്രണ്ട് എന്നും സ.ഉ(ms)265/10/LSGD dated:1 8/11/2010 പ്രകാരം പുനർനാമകരണം ചെയ്തു. സ.ഉ(p)No.85/11/Fin dated:26/2/2011 പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ ശമ്പള നിരക്കും സെക്രട്ടറി ഗ്രാമപഞ്ചായത്തിൻെറ ശമ്പള നിരക്കും ഏകീകരിച്ച് 18740-33680 എന്ന പുതുക്കി നിരക്കിൽ അനുവദിച്ചു. ആയതിനെ തുടർന്ന് സ.ഉ(ms)206/2011/LSGD dated: 05/09/2011 പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയും സെക്രട്ടറി ഗ്രാമപഞ്ചായത്ത് തസ്തികയും ഏകോപിപ്പിച്ച് സെക്രട്ടറി ഗ്രാമപഞ്ചായത്ത് എന്ന ഒറ്റ തസ്തിക ആക്കുകയും ആയതിൻെറ കേഡർ Strength 978 ആയിരിക്കുമെന്നും ആയതിൽ 220 തസ്തിക നേരിട്ട് നിയമനത്തിനായി മാറ്റി വയ്ക്കുമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ അപ്രകാരമുള്ള മാറ്റങ്ങൾ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലും,പഞ്ചായത്ത് സ്റ്റേറ്റ് സർവ്വീസ് റൂളിലും ഉൾപ്പെടുത്തിയിട്ടില്ല. നിലവിലെ 2022 ലെ LSGD പൊതു സർവ്വീസ് സ്റ്റേറ്റ് റൂളിലെ ഗ്രൂപ്പ് I-ജനറൽ വിംഗ്- | |

| | | | | | |
|---|---|---|---|---|---|
| | | | | കാറ്റഗറി 5(A) ലെ LSGI സെക്രട്ടറി തസ്തികയിലെ നിയമന രീതി സംബന്ധിച്ച് പ്രതിപാദിക്കുന്നതിൽ നേരിട്ടുള്ള നിയമനം ,സ്ഥാനക്കയറ്റം വഴിയുള്ള നിയമനം എന്നിവ 40:60 എന്ന അനുപാതത്തിലാണെന്ന് വ്യക്തമാകുന്നു.<br><br>പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടയിരുന്ന സംയോജിത സെക്രട്ടറി ഗ്രാമപഞ്ചായത്ത് തസ്തികയുടെ കേഡർ Strength 978 ആണ്. പല കാലങ്ങളായി പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിലെ ഗ്രൂപ്പ്- I കാറ്റഗറി-3 ൽപ്പെട്ട സെക്രട്ടറി ഗ്രാമപഞ്ചായത്ത് തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച സെക്രട്ടറിമാർ ടി Cadre Strength ൽ ഉൾപ്പെട്ട് വരുന്നുണ്ട്. ഏകീകൃത പൊതു സർവീസിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പുള്ള അനുപാതം ഓരോ വകുപ്പുകളിലെയും അവസാനത്തെ വ്യക്തിക്ക് റൂൾ 12-ലെ ഉപനിയമങ്ങൾ (1 ), (2) എന്നിവയ്ക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ തുടരും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തികയിൽ നേരിട്ടുള്ള നിയമനം 220 ആയി നിജപ്പെടുത്തി സർക്കാർ ഉത്തരവു പുറപ്പെടുവിക്കണമെന്നും ശുപാർശ ചെയ്യുന്നു. | |
| | | | (ബി) പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവീസ് റൂളിൽ ഉൾപ്പെടുത്തണം. ഇവരെ ചട്ടത്തിന്റെ ഭാഗമാക്കണം. | അപേക്ഷകർ ഉന്നയിച്ചിട്ടുള്ള ആവശ്യം സ്പെഷ്യൽ റൂളിന്റെ അനോമലിയായി പരിഗണിക്കാൻ സാധിക്കുന്നതല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 180, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 222(1) എന്നിവയിൽ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ളവർ സർക്കാർ ജീവനക്കാരായിരി ക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണ് നിലവിൽ ഇവരെ ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് റൂൾസിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത്. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾ 1994, മുനിസിപ്പൽ കോമൺ സർവ്വീസിലെ വിശേഷാൽ ചട്ടങ്ങൾ എന്നിവയിലും ഇവർ ഉൾപ്പെട്ടിരുന്നില്ല. ഏകീകൃത തദ്ദേശ സ്വയം ഭരണ പൊതു സർവിസിലെ ഫുൾ ടൈം /പാർട്ട് ടൈം കണ്ടിജൻറ് | ഡി.ഇ.ഡി |

| | | | | | |
|---|---|---|---|---|---|
| | | | | ജീവനക്കാർക്ക് പ്രത്യേക ചട്ടം രൂപീകരിക്കുന്ന നടപടി പുരോഗമിക്കുന്ന സാഹചര്യത്തിൽ ടി ആവശ്യം നിലവിലെ വിശേഷാൽ ചട്ടങ്ങളിൽ പരിഗണിക്കേണ്ടതില്ല എന്ന് കാണുന്നു. | |
| | | | (സി) നിലവിൽ 5 വർഷം സർവീസുള്ളതും മാതൃ വകുപ്പുകളുടെ ഡിപ്പാർട്ട്മെൻറ് ടെസ്റ്റുകൾ പാസായതുമായ ജീവനക്കാരെ മറ്റു ടെസ്റ്റുകളിൽ നിന്നും ഒഴിവാക്കി പൊതു സർവീസിന്റെ ഭാഗമായ വകുപ്പുകളിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ സാഹചര്യം ഉണ്ടാക്കണം. | 1) 27/10/2022 ന് മുമ്പ് മുൻ വകുപ്പുകളിൽ സേവനത്തിൽ പ്രവേശിച്ച് വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത ജീവനക്കാർക്ക് ടി വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വകുപ്പ് തല പരീക്ഷകൾ പാസ്സാകണം എന്ന നിബന്ധന വയ്ക്കാവുന്നതാണ്.<br>2) 27/10/2022 ന് ശേഷവും മുൻ വകുപ്പുകളിൽ നിന്നും ശിപാർശ ചെയ്യപ്പട്ട് സേവനത്തിൽ പ്രവേശിക്കപ്പെട്ട ജീവനക്കാർക്ക് ടി വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വകുപ്പ തല പരീക്ഷകൾ പാസ്സാകണം എന്ന നിബന്ധന വയ്ക്കാവുന്നതാണ്.<br>മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് വിഭാഗവും 2025 ജൂലൈ മാസത്തിനുള്ളിൽ നടക്കുന്ന വകുപ്പുതല പരീക്ഷകൾ പാസ്സാകണമെന്നും അല്ലാത്ത പക്ഷം പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പ തല പരീക്ഷകളാണ് പാസ്സാകേണ്ടത് എന്ന് നിബന്ധന വയ്ക്കാവുന്നതാണ്.<br>3) 27/10/2022 മുതൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട് സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർ പുതിയ വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പ തല പരീക്ഷകൾ പാസ്സാകണം എന്ന നിബന്ധന വയ്ക്കാവുന്നതാണ്. | ഡി.ഇ.ഡി |
| | | | (ഡി) പൊതു സർവീസിന്റെ ഭാഗമായ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് അവരുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനം നൽകുക | ടി ആവശ്യം വകുപ്പ് ഏകീകരണത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. മാത്രവുമല്ല നിലവിൽ സുതാര്യമായ ഓൺലൈൻ സംവിധാനത്തിലൂടെയാണ് ജീവനക്കാർക്ക് സ്ഥലംമാറ്റവും നിയമനവും നൽകി വരുന്നത്.ആയതിൽ ജീവനക്കാർക്ക് സ്ഥലം മാറ്റത്തിന് ഇഷ്ടമുള്ള ഓപ്ഷൻ സമർപ്പിക്കാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകി വരികയുമാണ് ചെയ്യുന്നത് | നടപടി ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | എന്നതിനാൽപരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യത്തിന് പ്രസക്തിയില്ല എന്ന് കാണുന്നു | |
| | | | (ഇ) Applicability of provisions of KSR ,KS & SSR, KCS (CCA) Rules, Conduct rules എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണ് എന്ന പൊതുവ്യവസ്ഥ ഏകീകൃത പൊതു സർവീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചട്ടം 12 ന് ശേഷം ഉൾപ്പെടുത്തണം, KS & SSR ചട്ടം 13A, ഉപചട്ടം 1(b), 3(iii), 4 എന്നീ വ്യവസ്ഥകൾ ചേർക്കണം. | 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 10, 11, 12 എന്നിവ പ്രകാരം ടി വ്യവസ്ഥ ഉൾ പ്പെടുത്തിയിട്ടുള്ളതിനാലാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂളിലും ആയത് ഉൾപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. KSR ,KS & SSR, KCS (CCA) Rules, Conduct rules എന്നിവയിലെ വ്യവസ്ഥകൾ പൊതുവായി എല്ലാ സർക്കാർ ജീവനക്കാർക്കും ബാധകമാണ്. | നടപടി ഇല്ല |
| | | | (എഫ്) പേ റിവിഷൻ ഓർഡറുകളിലാണ് ജൂനിയർ സൂപ്രണ്ട് തത്തുല്യ തസ്തിക.യുടെ 1/3 ഭാഗം ഹയർ ഗ്രേഡിലായിരിക്കും എന്ന് പ്രതിവദിച്ചിരിക്കുന്നത്. അസിസ്റ്റൻറ് സെക്രട്ടറി തസ്തിക ജൂനിയർ സൂപ്രണ്ടിന് തത്തുല്യമായതുകൊണ്ടാണ് റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നത്. അതിനാൽ name after intergration -ൽ അസിസ്റ്റൻറ് സെക്രട്ടറി /ജൂനിയർ സൂപ്രണ്ട് എന്ന് വരണം. | സ.ഉ (എം എസ് ) 152/2013/തസ്വഭ തീയതി 19.04.2013 ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികക്ക് സമാനമായി 864 അസിസ്റ്റൻറ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചിരുന്നു. പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റൻറ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവ Interchangable തസ്തികകൾ ആയതിനാൽ ടി തസ്തികയിലെ Cadre Strength ഒരുമിച്ചാണ് കണക്കാക്കിയിട്ടുള്ളത്. ടി ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളായി അസിസ്റ്റൻറ് സെക്രട്ടറി / ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അനുവദിച്ച് നൽകുന്നത്. കൂടാതെ ഇവരുടെ ആകെ എണ്ണം അടിസ്ഥാനപ്പെടുത്തി ജൂനിയർ സൂപ്രണ്ട് /അസ്സിസ്സൻറ് സെക്രട്ടറി തസ്തികയിലെ സീനിയോരിറ്റി / ഗ്രഡേഷൻ ലിസ്റ്റുകൾ ഒരുമിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. | നടപടി ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | പ്രസ്തുത ഫീഡർ ലിസ്റ്റിൽ നിന്നാണ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്. പുതിയ വിശേഷാൽ ചട്ടങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ പേര് പഴയ വകുപ്പിലെ ആറ് തസ്തികകൾ ഏകീകരിച്ചാണ് ഉൾ പ്പെടുത്തിയിട്ടുള്ളത്. ആയതിൽ ഒരു തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തിക മാത്രം ഏകീകൃത വകുപ്പിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയോട് ചേർത്ത് പുനർ നാമകരണം ചെയ്യാൻ കഴിയുന്നതല്ല. ആയതിനാൽ ടി ആവശ്യം പരിഗണിക്കാവുന്നതല്ല. | |
| | | | (ജി) – Name before integration ൽ head clerk, senior clerk, clerk എന്നീ പേരുകൾ കാണാനില്ല. ആയത് കൂടി ഉൾപ്പെടുത്തണം. | ഹെഡ് ക്ലർക്ക് 5–ാം കാറ്റഗറി ആയും, സീനിയർ ക്ലർക്ക് 12–ാം കാറ്റഗറി ആയും ക്ലർക്ക് 19–ാം കാറ്റഗറി ആയി പ്രത്യേക വിഭാഗങ്ങളായി സബോര്ഡിനേറ്റ് വിഭാഗങ്ങളില് ചേർത്തിരിക്കുന്നതിനാൽ അവ ചട്ടം 3 (5) ന്റെ താഴെയുള്ള Name of post before integration എന്ന കോളത്തിൽ ചേർ ക്കേണ്ട ആവശ്യമില്ല. | നടപടി ഇല്ല |
| | | | (എച്ച്) ആക്ഷേപം:-വകുപ്പുതല പരീക്ഷകളുടെ സംഗതിയിൽ ഏകീകൃത പൊതു സർവീസിലെ ഉദ്യോഗസ്ഥർ പ്രമോഷൻ ലഭിക്കുന്നതിനായി അക്കൗണ്ട് ടെസ്റ്റ്, എം.ഒ.പി , പഞ്ചായത്ത് ടെസ്റ്റ് (4 പേപ്പർ )മുൻസിപ്പൽ ടെസ്റ്റ് (4 പേപ്പർ ) പിഡബ്ല്യുഡി എ കോഡ് , പിഡബ്ല്യുഡി ഡി കോഡ് എന്നിങ്ങനെ 15 പേപ്പറുകൾ പാസാകണമെന്ന് വ്യവസ്ഥ പുനഃ പരിശോധിക്കണം. നിലവിലുള്ള ജീവനക്കാരെ | ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിൽ വകുപ്പുതല പരീക്ഷകൾ സംബന്ധിച്ച് അക്കൗണ്ട് ടെസ്റ്റ്, MOP എന്നിവയ്ക്ക് പുറമേയുള്ള മറ്റു പേപ്പറുകളുടെ എണ്ണം ചുരുക്കി ഒരു പൊതു സിലബസ് രൂപീകരിച്ച് പി.എസ്.സി യെ കൊണ്ട് പരീക്ഷ നടത്തുന്നതിന് അനുമതിയ്ക്കായി സർ ക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഡി.ഇ.ഡി സെക്ഷനെ ചുമതലപ്പെടുത്തി . | ഡി.ഇ.ഡി |

| | | | | | |
|---|---|---|---|---|---|
| | | | ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണം | | |
| 31 | 4 | കേരള പഞ്ചായത്ത് എംപ്ലോയീസ് ഫെഡറേഷൻ സമർപ്പിച്ച ആക്ഷേപം | (എ)<br>ഒന്നാം ഗസറ്റ് തസ്തികയായ സെക്രട്ടറി തസ്തികയുടെ 40% നേരിട്ടുള്ള നിയമനം പൂർണ്ണമായി അവസാനിപ്പിക്കണം.ഫീഡർ കാറ്റഗറിയിലെ നിലവിലുള്ള ജീവനക്കാർ പ്രമോഷൻ ആകുന്നത് വരെ നിലവിലുള്ള റേഷ്യോ തുടരുമെന്നും എന്നും ശേഷം മാത്രമേ 40% ആരംഭിക്കും എന്ന് ചട്ടത്തിൽ കൂട്ടിച്ചേർത്താലും നേരിട്ട് നിയമനത്തിലൂടെ നിയമിതരായ സെക്രട്ടറിമാരുടെ എണ്ണം 220 ൽ നിന്ന് കുറയുന്നതോടെ പുതിയ നിയമനത്തിന് സാധ്യത നിലനിൽക്കുന്നതിനാൽ നേരിട്ടുള്ള നിയമനം പ്രമോഷനു വേണ്ടി കാത്തിരിക്കുന്ന നിരവധി ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്.<br>ആയതിനാൽ ഒന്നാം ഗസറ്റഡ് തസ്തികയിൽ നേരിട്ട് നിയമനം പൂർണ്ണമായും അവസാനിപ്പിക്കണം. | എൻ.ജി.ഒ അസോസിയേഷൻ സമർപ്പിച്ച പരാതിയിൽ സമാനമായ വിഷയം ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിലെ ആക്ഷേപം (എ) യ്ക്ക് നൽകിയിട്ടുള്ള റിമാർക്ക്സ് കാണാവുന്നതാണ്. | ഡി.ഇ.എ |
| | | | (ബി) | കേരള പഞ്ചായത്ത് ലൈബ്രറിയൻസ് അസോസിയേഷൻ | ഡി.ഇ.ഇ |

| | | | | | |
|---|---|---|---|---|---|
| | | | 1987 മുതൽ 2006 വരെ പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ തസ്തികകൾ 6:4:3:2 എന്ന അനുപാതത്തിൽ ലൈബ്രേറിയൻ ഗ്രേഡ് 4,3,2,1 എന്നിങ്ങനെയാണ് ഉണ്ടായിരുന്നത്. എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ ടി തസ്തികകൾ 5:3:2 എന്ന അനുപാതത്തിൽ ലൈബ്രേറിയൻ, ലൈബ്രേറിയൻ (സീനിയർ ഗ്രേഡ്), ലൈബ്രേറിയൻ (സെലക്ഷൻ ഗ്രേഡ്) എന്നിങ്ങനെ മൂന്ന് ആക്കി ചുരുക്കി. നിലവിലെ ലൈബ്രേറിയൻ സീനിയർ ഗ്രേഡ് തസ്തികയിലുള്ളവരെ 2:1 എന്ന റേഷ്യോയിൽ ലൈബ്രേറിയൻ ഗ്രേഡ് 3 & കൾച്ചറൽ അസിസ്റ്റന്റ് , ലൈബ്രേറിയൻ ഗ്രേഡ് 2 & കൾച്ചറൽ അസിസ്റ്റന്റ് എന്ന് പരിവർത്തനം നടത്തി ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തണം. | സമർപ്പിച്ച അപേക്ഷയിൽ സമാനമായ വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ആക്ഷേപത്തിന് നൽകിയിട്ടുള്ള റിമാർക്സ് കാണാവുന്നതാണ്. | |
| | | | (സി) ഓഫീസ് അറ്റന്റൻസ് തസ്തികയുടെ 60% വേക്കൻസികൾ നേരിട്ടുള്ള നിയമനം വഴിയും 40% | 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ കണ്ടിജന്റ് ജീവനക്കാർക്ക് 4:6 എന്ന റേഷ്യോയിൽ (40% കണ്ടിജന്റ് ജീവനക്കാരിൽ നിന്നും 60% നേരിട്ടുള്ള നിയമനവും) പ്യൂൺ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നോട്ടായി കൂട്ടിച്ചേർത്തിരുന്നു. എന്നാൽ ബഹു ഹൈക്കോടതി | ഡി.ഇഎഫ് |

| | | | | | |
|---|---|---|---|---|---|
| | | | നിലവിലുള്ള കണ്ടിജന്റ് ജീവനക്കാരിൽ നിന്നും നടത്തുമെന്ന്. കമ്മീഷന്റെ ആദ്യഘട്ട രേഖയിൽ പറഞ്ഞത് പിന്നീട് വെട്ടിക്കുറച്ചു .ആയത് വർദ്ധിപ്പിക്കണമെന്നാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യം | യുടെ വിധിന്യായ പ്രകാരം ടി വ്യവസ്ഥ റദ്ദ് ചെയ്യപ്പെടുകയും തുടർന്ന് കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് പൂർണ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അവസാനിപ്പിക്കുകയും ചെയ്തിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ ചട്ടം 5 ലെ കാറ്റഗറി 29 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഓഫീസ് അറ്റന്റൻഡ് ഗ്രേഡ് 2 ന്റെ നിയമന വ്യവസ്ഥകളിൽ നേരിട്ടുള്ള നിയമനം, നാലുവർഷം സർവീസുള്ള കണ്ടിജന്റ് ജീവനക്കാരിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനം എന്നിവ 9:1 അനുപാതത്തിൽ നിജപ്പെടുത്തി വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് ചട്ടങ്ങളിലെ വ്യവസ്ഥകൾ വിവിധ സംഘടനകളുമായി ചർച്ച നടത്തിയും സർക്കാർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷവുമാണ് 9:1 അനുപാതത്തിൽ എത്തിച്ചേർന്നിട്ടുള്ളത്. ആയതിനാൽ പ്രസ്തുത അനുപാതം നിലവിൽ പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല.<br>"Special Rule of Appointment by promotion or by transfer and by direct recruitment shall be made int he ratio 9:1 " എന്ന് ചേർത്തിരിക്കുന്നതിനാൽ by promotion / by transfer എന്നതിന് ' 9 ' എന്ന റേഷ്യോയും നേരിട്ടുള്ള നിയമനത്തിന് ' 1 ' എന്ന റേഷ്യോയും ആയി വ്യാഖ്യാനിക്കപ്പെടാമെന്നുള്ളതിനാൽ അത് 1 : 9 എന്ന് മാറ്റേണ്ടതാണ്. | |
| | | | (ഡി) ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർ തസ്തിക മറ്റു വകുപ്പുകളിൽ നിന്നും വിഭിന്നമായി കേരള സ്റ്റേറ്റ് ലാസ്റ്റ് ഗ്രേഡ് സർവീസ് ചട്ടത്തിൽ ഉൾപ്പെട്ടു വരുന്നില്ല. | എൻ.ജി.ഒ അസോസിയേഷൻ സമർപ്പിച്ച പരാതിയിൽ സമാനമായ വിഷയം ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിലെ ആക്ഷേപം (ബി) യ്ക്ക് നൽകിയിട്ടുള്ള റിമാർക്സ് കാണാവുന്നതാണ്. | ഡി.ഇഡി |

| | | | | | |
|---|---|---|---|---|---|
| | | | നിലവിലെ കരട് ചട്ടത്തിലും പ്രസ്തുത ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. ടി അപാകത പരിഹരിക്കണമെന്നാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്. | | |
| | | | (ഇ) നിലവിലുള്ള ജീവനക്കാരിൽ വകുപ്പ് തല പരീക്ഷകൾ പാസായിട്ടില്ലാത്ത സർവീസിൽ ഉള്ള ജീവനക്കാർക്ക് പഞ്ചായത്ത് ടെസ്റ്റ്, മുൻസിപ്പൽ ഡിപ്പാർട്ട്മെൻറ് ടെസ്റ്റ് എന്നിവയിൽ ഒന്ന് തിരഞ്ഞെടുക്കാൻ അവസരം നൽകണം രണ്ടു പരീക്ഷകളും വിജയിക്കണമെന്ന നിർദ്ദേശം ഒഴിവാക്കണം. | എൻ.ജി.ഒ അസോസിയേഷൻ സമർപ്പിച്ച പരാതിയിൽ സമാനമായ വിഷയം ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിലെ ആക്ഷേപം (സി) യ്ക്ക് നൽകിയിട്ടുള്ള റിമാർക്സ് കാണാവുന്നതാണ്. | ഡി.ഇ.ഡി |
| | | | (എഫ്) Health inspector ഏകീകൃത സർവീസിലെ സ്പെഷ്യൽ റൂളിൽ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരെ നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാർക്കൊപ്പമാണ് ക്രമപ്പെടുത്തിയിരിക്കുന്നത് പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 2 എന്നിവയുടെ ഗ്രേഡ് ഉയർത്തി നഗരസഭയിലെ | കേരള പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർസ് യൂണിയൻ സമർപ്പിച്ച പരാതിയിലും സമാനമായ വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ആക്ഷേപത്തിന് നൽകിയിട്ടുള്ള റിമാർക്സ് കാണാവുന്നതാണ്. | ഡി.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| | | | തത്തുല്യ പേരിലുള്ള തസ്തികവുമായി തുല്യപ്പെടുത്തണം. | | |
| 32 | 5 | ശ്രീ വിഷ്ണു എ.എസ്, ഓഫീസ് അറ്റൻഡന്റ്, ശ്രീമതി ഗീത എൽ, ഓഫീസ് അറ്റൻഡന്റ്, ശ്രീമതി വർഷ സി.എ, ഓഫീസ് അറ്റൻഡന്റ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് എന്നിവർ സമർപ്പിച്ച ആക്ഷേപം | പഞ്ചായത്ത് വകുപ്പിന് ഒപ്പം ഏകീകരിക്കപ്പെട്ട മറ്റു വകുപ്പുകളിൽ ഓഫീസ് അറ്റൻഡന്റ് മാർക്ക് ഏകീകരണത്തിന് മുൻപ് ശേഷവും പ്രബേഷൻ കാലാവധി ഒരു വർഷമാണ്. ഏകീകരണത്തിന് മുൻപ് അഡ്വൈസ് ലഭിച്ച പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡന്റ്മാർക്ക് രണ്ടുവർഷവും 23.02.2023 തീയതിയിൽ കേരള പി എസ് സി യിൽ നിന്നും പുറപ്പെടുവിച്ച അഡ്വൈസ് ചാർട്ട് പ്രകാരം LSG (Panchayat) Hqv എന്ന ഒഴിവിലേക്ക് ശുപാർശ ചെയ്യപ്പെട്ട നിയമന ഉത്തരവ് ലഭിച്ച ജോലിയിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡിന് ഒരു വർഷവുമാണ് നിയമന ഉത്തരവ് പ്രകാരം പ്രബേഷൻ കാലാവധി.ഒരേ ലിസ്റ്റിൽ നിന്നും ഒരേ തസ്തികയിലേക്ക് ജോലിയിൽ പ്രവേശിക്കുന്ന കാലാവധിയിലെ വൈരുദ്ധ്യം കണക്കിലെടുത്ത് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ | 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ പ്രബേഷൻ കാലയളവ് രണ്ട് വർഷമാണ്. എന്നാൽ പഞ്ചായത്ത് വകുപ്പിനോടൊപ്പം ഏകീകരിക്കപ്പെട്ടിട്ടുള്ള മറ്റു വകുപ്പുകളുടെയും, ഇതര സർക്കാർ വകുപ്പുകളിലെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ഒരു വർഷമാണ് . വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ വിശേഷാൽ ചട്ടമായ Special Rules for the Local Self Government Department Subordinate Service Rules, 2022 ലെ ചട്ടം 9 (ii) പ്രകാരം ഓഫിസ് അറ്റൻഡന്റ് തസ്തികയിലെ നിരീക്ഷണ കാലയളവ് ഒരു വർഷമാണ്. ഏകീകൃത തദ്ദേശ സ്വയം വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 (5) ൽ Appointment to various posts included in the integrated service which were notified for appointment by Kerala Public Service Commission prior to integration will be based on the special rules then in force എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഏകീകൃത പൊതു സർവീസുമായി ബന്ധപ്പെട്ട വിശേഷങ്ങൾ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് കേരള പബ്ലിക് സർവീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച നടത്തിയ പരീക്ഷയിലൂടെ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച അപേക്ഷകർക്ക് പഴയ പഞ്ചായത്ത് വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും ഇവരുടെ നിരീക്ഷണ കാലയളവ് രണ്ടുവർഷം ആയിരിക്കുന്നതുമാണ് . എന്നാൽ വകുപ്പ് ഏകീകരണത്തിന് ശേഷം വിജ്ഞാപനം | ഡി.ഇ.എഫ് |

| | | | | | |
|---|---|---|---|---|---|
| | | | പ്രവേശിക്കുന്നവരുടെ പ്രൊബേഷൻ കാലാവധി ഒരു വർഷമാക്കി നിജപ്പെടുത്തി നൽകണം. | ചെയ്യപ്പെടുന്നതസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ഓഫീസ് അറ്റൻഡന്റിന്റെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഏകീകരണത്തിന് തൊട്ടുമുൻപ് പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച ഒരു ഓഫീസ് അറ്റൻഡന്റിന് നിരീക്ഷണ കാലയളവ് പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന വൈരുദ്ധ്യം നിലനിൽക്കുന്നതിനാൽ വകുപ്പ് ഏകീകരണത്തിന് തൊട്ടു മുമ്പ് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്കും ഏകീകൃത വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിലെ റൂൾ 9 (iii) ലെ വ്യവസ്ഥ ബാധകമാക്കുന്നത് സബോർഡിനേറ്റ് സർവ്വീസിലെ പ്രൊമോഷൻ സംബന്ധിച്ചുള്ള 9-ാം ചട്ടം (ii) ഖണ്ഡത്തിന്റെ ക്ലിപ്തം വ്യവസ്ഥയിൽ LSGD Service ൽ പ്രവേശിക്കുന്ന ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 നും മറ്റു താഴ്ന്ന ശമ്പളമുള്ള ജീവനക്കാർക്കും ഒരു വർഷമാണ് പ്രൊബേഷൻ കാലയളവ് എന്ന് പ്രത്യേകം പറഞ്ഞിട്ടുള്ളതിനാൽ 27.10.2022 നു ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന മേൽ പറഞ്ഞ വിഭാഗം ജീവനക്കാർക്കെല്ലാം തന്നെ പ്രൊബേഷൻ കാലാവധി ഒരു വർഷമാണ്. ചട്ടം 12(4) ലെ പൊതുവായ വ്യവസ്ഥചട്ടം 9 (ii) ൽ പറഞ്ഞിരിക്കുന്ന പ്രത്യേക വ്യവസ്ഥയും ബാധകമാക്കേണ്ടതില്ല. ആവശ്യമെങ്കിൽ സർക്കാർ ഒരു സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കാമെന്ന് പരിഗണിക്കുന്നതിന് സർക്കാരിൽ ശുപാർശ സമർപ്പിക്കാവുന്നതാണെന്ന് കാണുന്നു. | |
| 33 | 6 | അഴിയൂർ ഗ്രാമപഞ്ചായത്തിലെ എൾ | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ ഗ്രാമ | എൻ.ജി.ഒ അസോസിയേഷൻ സമർപ്പിച്ച പരാതിയിൽ സമാനമായ വിഷയം ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിലെ ആക്ഷേപം (ബി) യ്ക്ക് നൽകിയിട്ടുള്ള റിമാർക്സ് | ഡി.ഇ.ഡി |

| | | | | | |
|---|---|---|---|---|---|
| | | ടൈം സ്വീപ്പർ മാരായ ശ്രീമതി പ്രസീന പി.പി, രാജീവൻ വി എന്നിവർ സമർപ്പിച്ച പരാതി | പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർമാരെ ഉൾപ്പെടുത്തണം. | കാണാവുന്നതാണ്. | |
| 34 | 7 | ലൈബ്രേറിയൻമാരായ കെ ആർ സുനിൽ കുമാർ, ആർ പ്രമോദ് എന്നിവർ സമർപ്പിച്ച പരാതി | (ബി) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ ഹോണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാരെയും വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് 4, തസ്തികയോടൊപ്പം ഉയർത്തണമെന്നും ടി വിഷയത്തിൽ നേരത്തെ ഉണ്ടായിരുന്ന തടസ്സം ഇപ്പോൾ വന്നിട്ടുള്ള റൂൾ ഭേദഗതിയോടെ മാറിയിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമാക്കണം | ടി പരാതി വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ചുള്ള ആക്ഷേപം അല്ലാത്തതിനാൽ ആയത് പരിഗണിക്കേണ്ടതില്ല. | ഡി.ഇ.ഇ |
| 35 | 8 | തൃശ്ശൂർ ജില്ലയിലെ കടങ്കോട് ഗ്രാമപഞ്ചായത്തിലെ | ഏകീകൃത തദ്ദേശ സ്വയംഭരണം പൊതുസ് സർവീസിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിക്കേഷൻ ഓഫീസർ | G.0 (P) No.75/2022/LSGD dtd 27/10/2022 നമ്പർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഗ്രൂപ്പ് I ൻ കാറ്റഗറി 5 b ആയി കമ്മ്യൂണിക്കേഷൻ അസിസ്റ്റൻറ് തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ പൊതു സർവീസിന്റെ സ്പെഷ്യൽ റൂളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ | ഡി.ഇ.സി |

| | | | | | |
|---|---|---|---|---|---|
| | | സീനിയർ ക്ലർക്ക് ശ്രീ പ്രസാദ് കെ കെ സമർപ്പിച്ച ആക്ഷേപം | കമ്മ്യൂണിക്കേഷൻ അസിസ്റ്റൻറ് എന്നീ തസ്തികകളിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്ന് യോഗ്യതയുള്ളവർക്ക് തസ്തികമാറ്റം മുഖേനയോ പ്രമോഷൻ മുഖേനയോ നിയമനം നൽകുന്നത് പരിഗണിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. | (കാറ്റഗറി 1(b) യിൽ നിന്നും യോഗ്യതയുള്ള ആളിനെയാണ് അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസറായി നിയമിക്കുന്നത്. ആയതിലേയ്ക്ക് ഹെഡ് ക്ലാർക്ക് സീനിയർ /എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ നിന്നും ജേർണലിസം /മാസ് കമ്മ്യൂണിക്കേഷനിൽ ബിരുദം/ ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും 'by transfer appointment' മുഖേനയാണ് കമ്മ്യൂണിക്കേഷൻ അസ്സിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നത്. G.0 (P) No.75/2022/LSGD dtd 27/10/2012 നമ്പർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഗ്രൂപ്പ് 1 കാറ്റഗറി I C ആയി ഉൾപ്പെട്ടിട്ടുള്ള അസിസ്റ്റൻറ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലും സമാനമായ രീതിയിൽ ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റൻറ് സെക്രട്ടറി തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ 'by transfer appointment' മുഖേന നിയമിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. Communication Assistant തസ്തിക ഹെഡ് ക്ലാർക്ക് / അക്കൗണ്ടന്റ് /സീനിയർ എക്സ്റ്റൻഷൻ ഓഫീസർ /റവന്യൂ ഇൻസ്പെക്ടർ തസ്തികളുമായി തുല്യപ്പെടുത്തിയിട്ടുള്ളതിനാലും, സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്ക് /സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിച്ച ഹെഡ് ക്ലാർക്ക് /സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ജീവനക്കാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെയാണ് കമ്മ്യൂണിക്കേഷൻ അസിസ്റ്റൻറ് തസ്തികയിൽ നിയമിക്കുന്നതെന്നതിനാലും ടി തസ്തികളുടെ താഴത്തെ കേഡറിലുള്ളതും താഴ്ന്ന ശമ്പള സ്കെയിലിലുള്ളതുമായ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ കമ്മ്യൂണിക്കേഷൻ അസിസ്റ്റൻറ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കണമെന്നുള്ള ആവശ്യം പരിഗണിക്കാൻ സാധിക്കുന്നതല്ല . | |

M. G. RAJAMANICKAM IAS
PEN: 428158
PRINCIPAL DIRECTOR
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar P.O, Tvpm - 695003

| 3. അർബൻ അഫയേഴ്സ് വകുപ്പ് & മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പ് | | | | | |
|---|---|---|---|---|---|
| തീരുമാനം നം | ക്രമ നം. | പരാതിക്കാർ | പരാതികൾ | പരാതികളിന്മേലുള്ള പരാതി പരിഹാര സെല്ലിന്റെ ശിപാർശ | നടപടി സ്വീകരിക്കേണ്ട സെക്ഷൻ |
| 36 | 1. | കേരള ഗവൺമെന്റ് ഡ്രൈവേഴ്സ് അസോസിയേഷൻ | a) തദ്ദേശ സ്വയം ഭരണ പൊതു സർവ്വീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ വിജ്ഞാപനം ഭരണ ഭാഷയായ മലയാളത്തിൽ പ്രസിദ്ധീകരിക്കണം | ആയത് പരാതി പരിഹാര സെല്ലിന്റെ പരിധിയിൽ വരാത്തതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട സെക്ഷനെ (DED2) ചുമതലപ്പെടുത്താവുന്നതാണ്.. | DED2 |
| 37 | 2. | കേരള മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റാഫ് അസ്സോസിയേഷൻ | a) മുനിസിപ്പൽ ജീവനക്കാർക്ക് ട്രഷറി മുഖാന്തിരം സർക്കാർ നേരിട്ട് ശമ്പളം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം<br>b) ഏകീകരണ വകുപ്പ് വന്നപ്പോൾ മുനിസിപ്പൽ ജീവനക്കാരെ നഗരകാര്യ വകുപ്പിൽ ഉൾപ്പെടുത്തിയത് നിമിത്തം അർഹതപ്പെട്ട പ്രമോഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നു | a) ടി വിഷയം പരാതി പരിഹാര സെല്ലിന്റെ പരിധിയിൽ വരുന്നതല്ല.<br>b) പ്രമോഷനും സീനിയോറിറ്റിയും അതാത് വകുപ്പിൽ തന്നെ നിലനിർത്തിയാണ് ഏകീകൃത വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ ടി പരാതിക്ക് കഴമ്പില്ലെന്ന് കാണുന്നു. | a. AE<br>b. നടപടി ഇല്ല |
| 38 | 3. | A. ചേർത്തല നഗരസഭയിലെ HS ശ്രീ. സുധീപ്.എസ് | A. GO(P) 74/2022/LSGD 27/10/2022-ാം നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി | ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസിലെ സ്റ്റേറ്റ് സർവ്വീസിനായുള്ള special rules പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ്, അർബൻ | a. നടപടി ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | പരാതി<br><br>B. നഗരകാര്യ വകുപ്പിലെ ശ്രീ. എസ് ജയകൃഷ്ണൻ മുതൽ പേരുടെ പരാതി.<br><br>C. നഗരകാര്യ വകുപ്പിലെ ടൈപ്പിസ്റ്റുമാരായ സിജു.പി, വിനീഷ്.വി.പി, ശോഭ, വിജയലക്ഷ്മി എന്നിവർ നൽകിയ പരാതി. | പോസ്റ്റിലേയ്ക്കുള്ള പ്രമോഷൻ ഹെൽത്ത് വിഭാഗത്തിന് നിഷേധിച്ചിരിക്കുന്നു<br><br>B. സ്പെഷ്യൽ റൂളിലെ പേജ് നമ്പർ 12-ൽ കാറ്റഗറി 5 ലുള്ള 5 (a) (Senior Secretary, Local Self Government Institution) 5 (b) Secretary , Local Self Government Institution) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 60% റേഷ്യോ പ്രമോഷനും, 40% നേരിട്ടുള്ള നിയമനത്തിനുമാണ് മാറിയിട്ടുള്ളത്. എന്നാൽ റേഷ്യോ വഴി ഉദ്യോഗക്കയറ്റം നൽകുന്നതിന് നഗരകാര്യ വകുപ്പിലെ ജീവനക്കാരും കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരേയും തമ്മിലുള്ള റേഷ്യോ നിശ്ചയിച്ചിട്ടില്ല. ആയതിനാൽ നഗരകാര്യ വകുപ്പിലെ ജീവനക്കാർക്ക് (25) ഉം കോമൺ സർവ്വീസ് ജീവനക്കാർക്ക് (35) ആയത് പ്രകാരം (25:35) റേഷ്യോ നിശ്ചയിച്ച് ടി തസ്തികകളിലേക്ക് | അഫയേഴ്സ് ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബൈട്രാൻസ്ഫർ ആനുകൂല്യം നിലവിൽ നഷ്ടപ്പെട്ടിട്ടുള്ളതാണ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ ഒഴിവുകൾ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ sanctioned strength 4:3:1 (Direct/Municipal Common Service/ Urban Affairs) direct/by transfer മുഖേനയാണ് നികത്തിയിരുന്നത് para 5 ലെ 5(b) ക്ക് താഴെയുള്ള കുറിപ്പ് (2) പ്രകാരവും para 12(1)(2) പ്രകാരവും പ്രൊമോഷനുകളിൽ വകുപ്പിലെ അവസാന ജീവനക്കാർക്കുപോലും integration ന് മുമ്പ് നിലവിലുണ്ടായിരുന്ന അതേ അനുപാതത്തിൽ സീനിയോരിറ്റി പ്രൊമോഷൻ, ബൈ ട്രാൻസ്ഫർ നിയമനത്തിൽ അർഹതയുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്നതിനാൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിൽ ഉണ്ടാവുന്ന ഒഴിവുകളിൽ ആനുപാതികമായി അർബൻ അഫയേഴ്സ്, മുനിസിപ്പൽ കോമൺ സർവീസ് എന്നിവയിലെ ജീവനക്കാർക്ക് ഇൻറഗ്രേഷനു മുൻപ് ലഭിച്ച ലഭിച്ചുകൊണ്ടിരുന്ന അതെ രീതിയിൽ പി എസ് സി മുഖേന സെക്രട്ടറി LSGI തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രകാരം നിയമനം | b, c, e, f ഡി.ഇ.എ |

| | | | | | |
|---|---|---|---|---|---|
| | 7. | D. കെ എം.സെയ്യദ്ദീൻ പ്രൊവിഷണൽ സെക്രട്ടറി<br><br>E. ശ്രീ. വിമൽ സീനിയർ ക്ലാർക്ക് അപേക്ഷ.<br><br>F. നഗരകാര്യവകുപ്പി | തസ്തികയ്ക്ക് സമാനമാണ്. ഫെയർകോപ്പി സൂപ്രണ്ട് തസ്തികയ്ക്ക് മുകളിലായി പ്രൊമോഷൻ തസ്തിക നിലവിലില്ലാത്തതാണ്. സ്പെഷ്യൽ റൂൾ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലെ നിയമനം ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ന് മാത്രമായി നിജപ്പെടുത്തിയ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിലെ ടൈപ്പിസ്റ്റുമാർക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലേയ്ക്ക് ലഭിക്കുമായിരുന്ന നിയമനം നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ നഗരകാര്യ വകുപ്പിലെ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയ്ക്ക് സമാനമാക്കി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലെ നിയമനത്തിന് ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയോടൊപ്പം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയും പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും | | |

| | | | | | |
|---|---|---|---|---|---|
| 111 | 2 | അസിസ്റ്റന്റ് ടൗൺ പ്ലാനർ/ ടൗൺ പ്ലാനിംഗ് സർവ്വേയർ Gr I II മാരായ ബീറ്റാ ഭദ്രൻ, സനീഷ് എസ് എ , സുജിത്ത് പി, വിഷ്ണു പ്രസാദ് യു , സ്മിത കെ ജി , സൈഫുദീൻ പി എ , ജ്യോതി എൻ ചിത്ര, രേഷ്മ പി രാജ്, അഭി ജെ മിലൻ | ക്രമ നം. 1 ൽ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങളാൽ തന്നെ, ഏകീകൃത വകുപ്പ് നിലവിൽ വരുന്നതിനു മുൻപ് അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്ക്, മുൻപുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രോമോഷനുകൾ ഉറപ്പ് വരുത്തണമെന്നും, അത് വരെ സ്പെഷ്യൽ റൂൾ 2022 പ്രകാരം ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം നടത്താനുള്ള നടപടികൾ | ■ *നിലവിലെ ചട്ടങ്ങൾ പ്രകാരം* അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനും *പ്രവർത്തി പരിചയം വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല.* അസിസ്റ്റന്റ് ടൗൺ പ്ലാനറുടെ തസ്തികയിൽ പ്രവർത്തിക്കേണ്ട ചുമതലകൾ അനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയാണ് നേരിട്ടുള്ള നിയമനത്തിന് നിഷ്കർഷിചിട്ടുള്ളത്. ഇതേ തത്വം അവലംബിചിട്ടാണ് *ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനത്തിനും പ്രവർത്തി പരിചയം നിഷ്കര്ഷിചിട്ടില്ലാത്തത് .* കൂടാതെ നേരിട്ടുള്ള നിയമനത്തിന് *പ്രവർത്തി പരിചയം വേണമെന്ന് നിഷ്കർഷി* ക്കുന്നത് അഭിലഷണീയം അല്ല. ഇത്തരത്തിൽ *പ്രവർത്തി പരിചയം* നിഷ്കർഷിക്കുമ്പോൾ പുതുതായി സ്പെഷ്യ ലൈസ്ഡ് | DEA |

| | | | | | |
|---|---|---|---|---|---|
| | | | കൈകൊള്ളരുതെന്നും സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | വിഷയങ്ങളിൽ വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാര്ത്ഥികൾക്ക് അപേക്ഷിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നതാണ് . കൂടാതെ (സർക്കാർ/അർദ്ധ സർക്കാർ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ / കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തി പരിചയം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും വളരെ അധികം സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതാണ്. മേൽ വിഷയങ്ങൾ കണക്കിൽ എടുത്ത് *ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനത്തിനും പ്രവർത്തി പരിചയം വേണമെന്ന് നിഷ്കര്ഷിക്കേണ്ടതില്ല. നിലവിലെ ചട്ടങ്ങൾക്കുള്ള ഭേദഗതി ആവശ്യമില്ലായെന്നു അറിയിക്കുന്നു.* | |
| 112 | 3 | ടൗൺ പ്ലാനിംഗ് സർവ്വേയർ Gr I & Gr II / അസിസ്റ്റന്റ് ടൗൺ പ്ലാനർമാരായ ശ്രുതി പ്രകാശ്, ഷൈമ എസ് എസ്, ഗീത കെ, രമ്യ വി, മൻമോഹൻ എം, നീരജ പ്രകാശ്, സതീഷ് വി സി, അഖിൽ വി | ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾ 2022 നിലവിൽ വന്ന 2022 ഒക്ടോബർ 27-നു മുൻപ് ജോലിയിൽ പ്രവേശിച്ച അവസാനത്തെ ഉദ്യോഗസ്ഥനും 2001 സ്പെഷ്യൽ റൂൾ പ്രകാരം അർഹമായ സീനിയോറിറ്റിയും പ്രമോഷനും ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ നടപ്പാക്കാവൂ എന്ന് സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | | DEA |

| | | | | | |
|---|---|---|---|---|---|
| 113 | 4 | അൻസർ എം, ട്രേസർ | • നിലവിൽ ഉണ്ടായിരുന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് Diploma, K.G.T.E/M.G.T.E യോഗ്യത വേർതിരിവില്ലാതെ രണ്ടു വർഷം കൊണ്ടു 1st ഗ്രേഡ് സർവേയർ / ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിനു അർഹത ലഭിച്ചിരുന്നു. എന്നാൽ ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന് വേണ്ടി പുറത്തിറക്കിയ സ്പെഷ്യൽ റൂൾ അനുസരിച്ച് K.G.T.E/M.G.T.E യും Section B-യിൽ പറഞ്ഞിരിക്കുന്ന മറ്റു യോഗ്യതകളും ഉള്ള 2nd ഗ്രേഡ് സർവേയർ / ഡ്രാഫ്റ്റ്മാൻ ജീവനക്കാർക്ക് സീനിയോറിറ്റിയും ഉദ്യോഗക്കയറ്റത്തിനുള്ള അർഹതയും നഷ്ടമാകുന്ന അവസ്ഥയാണ് ഉള്ളത് എന്ന് അറിയിച്ചിരിക്കുന്നു.<br>• ആയതിനാൽ പുതിയ | ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1) പ്രകാരം ചട്ടം നിലവിൽ വന്ന തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും സീനിയോറിറ്റി പരിരക്ഷിക്കപ്പെടുമെന്നും പ്രമോഷനുകൾക്കു ടി സീനിയോറിറ്റി മാനദണ്ഡമായിരിക്കുമെന്നും ചട്ടം 12(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, സബ് ഓർഡിനേറ്റ് അപ്പോയ്ന്റ്മെന്റിലേക്ക് ട്രാൻസ്ഫർ മുഖേനയുള്ള നിയമനം എന്നിവയ്ക്ക് 2022 ലെ ചട്ടം വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം പരിരക്ഷിക്കപ്പെടുമെന്നും വ്യക്തമായി മേൽ ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ വളരെ വ്യക്തമായി ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റു saving clause കൾ ആവശ്യമുള്ളതായി കാണുന്നില്ല. കൂടാതെ ഇത് ഒരു പൊതു ചട്ടം ആയതിനാൽ പ്ലാനിംഗ് വിങ്ങിനു മാത്രമായി ഒരു Saving Clause പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് | DEE |

| | | | | | |
|---|---|---|---|---|---|
| | | | സ്പെഷ്യൽ റൂൾ വരുന്നതിനു മുൻപ് നിലവിലുണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും പഴയ റൂൾ അനുസരിച്ച് പ്രൊമോഷൻ നൽകുന്നതിനു ഉത്തരവ് നൽകുകയോ അല്ലെങ്കിൽ പുതിയ റൂളിൽ Annexure-ലെ section B-യിലെ യോഗ്യതയും 2nd ഗ്രേഡ് സർവേയർ / ഡ്രാഫ്റ്റ്മാൻ തസ്തികയിൽ രണ്ടു വർഷത്തെ സർവീസും യോഗ്യതയായി നിശ്ചയിച്ച (നിലവിലുണ്ടായിരുന്ന റൂൾ) റൂൾ പുതുക്കി നൽകുകയോ ചെയ്യണമെന്നു സമർപ്പിത അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | കൂടി അഭിപ്രായപെടുന്നു. | |
| 114 | 5 | കിരൺ ജെ, ടൗൺ പ്ലാനിംഗ് സർ വ്വേയർ Gr I | • പുതിയ സർവീസ് ചട്ട പ്രകാരം വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള സ്വതന്ത്ര യോഗ്യതയായി "Associate of the Institute of Town Planners, India" ഉൾപ്പെടുത്തിയിട്ടുണ്ട് | ◦ 1976 ലെയും 2001 ലെയും സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടി ടൌൺ പ്ലാനർ മുതൽ മുകളിൽ ഉള്ള തസ്തികകൾക്ക് യോഗ്യതയായി Associate of the Institute of Town Planners India (AITP) ഉൾപ്പെടുത്തിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൌൺ പ്ലാനേർസ് ഇന്ത്യ (ITPI) , | DEA |

| | | | | | |
|---|---|---|---|---|---|
| | | | എന്ന് അറിയിച്ചിരിക്കുന്നു.<br><br>• നിലവിൽ പ്രസിദ്ധീകരിച്ച LSGD വിശേഷാൽ ചട്ടത്തിൽ Group IV: LSGD Planning wing ലെ Assistant Town Planner തസ്തികയുടെ നിർദിഷ്ട യോഗ്യതകൾക്കൊപ്പം "Associate of the Institute of Town Planners, India" യോഗ്യത ഉൾപ്പെടുത്തിയിട്ടില്ല. ടി തസ്തികയിലേക്കുള്ള യോഗ്യതകൾക്കൊപ്പം പ്ലാനിംഗ് സംബന്ധിയായ "Associate of the Institute of Town Planners, India" യോഗ്യത കൂടി സ്വതന്ത്ര യോഗ്യതയായി ഉൾപ്പെടുത്തുകയാണെങ്കിൽ നിശ്ചിത യോഗ്യതയുള്ള In-service candidates ന നൽകുന്ന റിസർവേഷനിൽ ടി "Associate of the Institute of Town Planners, India" യോഗ്യത നേടിയ താഴെ തട്ടിലുള്ള ജീവനക്കാർക്ക് Assistant Town | 1951 ൽ സ്ഥാപിതമായിട്ടുള്ളതും നഗരങ്ങളുടെയും പട്ടണങ്ങളുടെയും ഗ്രാമപ്രദേശങ്ങളുടെയും ശാസ്ത്രീയവും സാമ്പത്തികവും ആസൂത്രിതവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും നഗരാസൂത്രണമെന്ന തൊഴിലിനെ അഭിവൃദ്ധിപെടുത്തുന്നത്തിനും നഗര ഗ്രാമാസൂത്രണവുമായി ബന്ധപെട്ട പഠനവും ഗവേഷണവും മുന്നോട്ട് കൊണ്ട് പോകുന്നതിനായി യത്നിക്കുന്ന ഒരു സ്ഥാപനമാണ്. മേൽ സൂചിത കാലഘട്ടത്തിൽ ദേശിയ തലത്തിൽ ഉള്ള പ്ലാനിംഗ് സ്കൂളുകൾ/കോളേജുകൾ (like SPA, SAP, CEPT, IIT Kharagpur etc.)പരിഗണിക്കുമ്പോൾ തന്നെ വളരെ കുറച്ച് സ്ഥാപനങ്ങളിൽ മാത്രമേ Post Graduate Diploma/ Post Graduate Degree in Planning എന്ന ബിരുദാനന്തര ബിരുദം നൽകി വന്നിരുന്നുള്ളൂ. AITP എന്നത് ITPI വിദൂര പഠനത്തിലൂടെ പ്ലാനിങ്ങിൽ നൽകി വന്നിരുന്ന ഒരു ഡിഗ്രി ആയിരുന്നു. 1976 ലെ ചട്ടങ്ങളിൽ തന്നെ Associate of the Institute of Town Planners India (AITP) എന്നത് ജൂനിയർ ടൌൺ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | Planner തസ്തികയിലേക്ക് പ്രൊമോഷൻ നേടാൻ സഹായകരമാവും എന്ന് സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | പ്ലാനർ എന്ന തസ്തികയിലേക്കുള്ള സ്ഥാനകയറ്റത്തിനുള്ള യോഗ്യതയായി കണക്കാകിയിരുന്നു. Associate of the Institute of Town Planners India യുടെ syllabus, കാലാവധി എന്നിവ പ്ലാനിംഗ് സ്കൂളുകളിൽ/ കോളേജുകളിൽ നടത്തി വരുന്ന Post Graduate Degree in Planning കോഴ്സുകൾക്ക് സമാനമായിട്ടുള്ളതു കൊണ്ടും Post Graduate Diploma/ Post Graduate Degree in Planning നൽകുന്ന പ്ലാനിംഗ് സ്കൂളുകളുടെ പരിമിത എണ്ണം പരിഗണിച്ചാണ് AITP എന്ന യോഗ്യത 1976 ലെയും 2001 ലെയും സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് കാണാവുന്നതാണ് . എന്നാൽ നിലവിൽ കേരളത്തിൽ മാത്രം നാല് കോളേജുകളിൽ പ്ലാനിംഗിലെ ബിരുദാനന്തര ബിരുദം നൽകി വരുന്നു (CET , TKM , GEC Thrissur , NIT Calicut). ഇതിലൂടെ പ്രതിവർഷം 70 ത്തോളം പ്ലാനർമാർ പഠിച്ചിറങ്ങുന്നു. ഇതിനു പുറമെ നമ്മുടെ സംസ്ഥാനത്ത് നിന്നും ഉള്ള നിരവധി വിദ്യാർഥികൾ കേരളത്തിന് പുറത്തു നിന്നുള്ള പ്ലാനിംഗ് | |

| | | | | | |
|---|---|---|---|---|---|
| | | | | സ്കൂളുകൾ/കോളേജുകൾ നിന്നും ബിരുദാനന്തര ബിരുദം പഠിച്ചിറങ്ങുന്നും ഉണ്ട്. ഈ എണ്ണം ഭാവിയിൽ അധികരിക്കുന്നതും ആണ്. ഈ സാഹചര്യത്തിൽ കോളേജുകളിൽ നടത്തുന്ന റെഗുലർ കോർസുകളിൽ നിന്നും പ്ലാനിങ്ങിൽ ബിരുദവും ബിരുദാനന്തര ബിരുദം ഉള്ള ഉദ്യോഗാര്ത്ഥികൾ ഭാവിയിൽ സുലഭം ആയി ലഭ്യം ആകുന്നതാണ്. ടി സാഹചര്യത്തിൽ നേരത്തെ ആവശ്യം ഉള്ള ഉധ്യോഗാര്ത്ഥികൾ ലഭ്യം അല്ലാതിരുന്ന സമയത്ത് നിലവിൽ ഉള്പ്പെടുത്തിയിരുന്ന AITP യോഗ്യത ഇനി തുടരേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്ത് 2022 ലെ സ്പെഷ്യൽ റൂൾസിൽ നിന്നും വകുപ്പിൽ പുതുതായി നേരിട്ടുള്ള നിയമനം വഴി പ്രവേശിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കുള്ള AITP എന്ന യോഗ്യത ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള യോഗ്യതകളിൽ നിന്നും ഒഴിവാക്കാവുന്നതിനായി സർക്കാരിനു പരിഗണിക്കാവുന്നതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | | | മേൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ Assistant Town Planner തസ്തികയുടെ നിർദിഷ്ട യോഗ്യതകൾക്കൊപ്പം "Associate of the Institute of Town Planners, India" യോഗ്യത ചേർക്കേണ്ടതില്ല എന്ന് കൂടി അറിയിക്കുന്നു. | |
| 115 | 6 | ഓഫീസ് അസിസ്റ്റന്റ്/ ചെയിൻ മാൻ/ വാച്ച്മാൻ മാരായ ശരണ്യ എം കെ, ബാലകൃഷ്ണൻ കെ, പ്രവീൺ കുമാർ ടി ബി,<br><br>ശ്രീജിത്ത് ടി, ബാബു സുരേഷ് പി എം | ◦ 27 /10/ 2022 ലെ LSGD സംയോജനവുമായി ബന്ധപ്പെട്ട GO (P ) NO 75 / 2022 / LSGD SRO നമ്പർ 1031 / 2022 ൽ LSGD സബോർഡിനേറ്റ് സർവീസ് ലിസ്റ്റിൽ LSGD പ്ലാനിംഗ് വിങ്ങിലെ ഒ .എ / ചെയിൻമാൻ /വാച്ച്മാൻ തസ്തിക ഉൾപ്പെട്ടതായി കാണുന്നില്ല. ഭൂവിനിയോഗ ഭൂപടം തയ്യാറാക്കൽ, വിവിധ തരം സർവ്വേ ജോലികൾ എന്നിവ യുമായി ബന്ധപ്പെട്ട ഫീൽഡ് ജോലികളികളിലെ വർഷങ്ങളുടെ പരിചയം കൂടി ഉള്ള LSGD പ്ലാനിംഗിലെ ഒ .എ / ചെയിൻമാൻ /വാച്ച്മാൻ തസ്തിക കൂടി LSGD സബോർഡിനേറ്റ് സർവീസിലെ LSGD പ്ലാനിംഗ് വിങ്ങിൽ ഉൾപെടുത്തപ്പെടുത്താൻ വേണ്ട | നിലവിൽ ഒ .എ II //ദഫേദാർ/കെയർ ടേക്കർ /ചെയിൻമാൻ /വാച്ച്മാൻ എന്നിവർ ഗ്രൂപ്പ് V ൽ പെടുന്നു. LSGD പ്ലാനിംഗിലെ ഒ .എ / ചെയിൻമാൻ /വാച്ച്മാൻ തസ്തികകൾ വകുപ്പ് സംയോജനത്തിന് മുൻപ് തന്നെ എകീകരിചിട്ടുള്ളവയാണ്. ആയതിനാൽ LSGD സബോർഡിനേറ്റ് സർവീസിലെ ഒ .എ / ചെയിൻമാൻ /വാച്ച്മാൻ എന്നിവ LSGD പ്ലാനിംഗ് വിങ്ങിൽ ഉൾപെടുത്തപ്പെടുത്താൻ ഉള്ള നിർ ദേശം പരിഗണിക്കാൻ കഴിയുന്നതല്ല.<br><br>എന്നാൽ സ്ഥലം മാറ്റം നടപ്പിൽ വരുത്തുമ്പോൾ ഒരു പ്ലാനിംഗ് ഓഫീസിലെ മൊത്തം | DEF |

| | | | | | |
|---|---|---|---|---|---|
| | | | നടപടികൾ സ്വീകരിക്കണമെന്ന് സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.<br><br>◦ LSGD പ്ലാനിംഗിലെ ഒ. എ. / ചെയിൻമാൻ / വാച്ച്മാൻ ജീവനക്കാർക്ക് ഫീൽഡ് ജോലികളിൽ ഉള്ള പരിചയം കൂടി പരിഗണിച്ച് GO (P) NO. 6/2019/LSGD SRO 93/2019 Dated 29/01/2019 നമ്പർ ഉത്തരവ് പ്രകാരം ട്രേസർ തസ്തികയിലേക്ക് 2 വർഷത്തെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുടെ അടിസ്ഥാനത്തിൽ ബൈ പ്രൊമോഷൻ ലഭിക്കുമായിരുന്നു എന്നും എന്നാൽ സംയോജനത്തിനു ശേഷം വന്ന GO (P) NO 75 / 22 / LSGD SRO നമ്പർ 1031 / 22 ഉത്തരവ് പ്രകാരം ബൈ പ്രൊമോഷൻ എന്നതിനു പകരം BY TRANSFER APPOINTMENT FROM ANY OTHER SUBORDINATE CATEGORY എന്നാക്കി മാറ്റി എന്നും LSGD പ്ലാനിങ്ങിലെ ട്രേസർ ബൈ പ്രൊമോഷൻ (1:1 ) LSGD പ്ലാനിംഗിലെ ഒ .എ / ചെയിൻമാൻ /വാച്ച്മാൻ | ചെയിൻമാൻമാർ പ്രവർത്തി പരിചയം ഇല്ലാത്തവർ ആകുവാൻ ഉള്ള സാധ്യത കണക്കിലെടുത്ത് പ്ലാനിംഗ് ഓഫീസുകളിൽ നിലവിൽ ഉള്ള ചെയിൻമാൻമാറിൽ നിന്നും മിനിമം 50% എങ്കിലും നിലനിർത്തി മാത്രം സ്ഥലം മാറ്റം നടപ്പിൽ വരുത്തുന്ന കാര്യം ട്രാൻസ്ഫർ പോളിസിയിൽ ഉൾപ്പെടുതാവുന്നതാണ്.<br><br>2000-ലെ G.O.(P) No.183/2000/LSGD dt 29/06/2000 & G.O.(P) No.6/2019/LSGD dt. 29/01/2019 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്) ലെ (മുൻ നഗര ഗ്രാമാസൂത്രണ വകുപ്പിലെ) O A / Chainman / Watchman ജീവനക്കാർക്ക് മാത്രം Tracer തസ്തികയിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ചിരുന്നു.<br><br>ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1) പ്രകാരം ചട്ടം നിലവിൽ വന്ന തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്ന എല്ലാ ഉദ്യോഗ സ്ഥരുടെയും സീനിയോറിറ്റി | |

| | | | | | |
|---|---|---|---|---|---|
| | | | തസ്തികയിലെ ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു..<br><br>◦ ആയതിനാൽ ടൗൺ പ്ലാനിംഗ് അഥവാ LSGD പ്ലാനിംഗ് വകുപ്പിലെ ട്രൈസർ പ്രമോഷൻ LSGD പ്ലാനിംഗ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തുകയോ അല്ലെങ്കിൽ LSGD ഇൻറഗ്രേഷന് ശേഷം ഒന്നായ 5 വകുപ്പുകളിലെയും നിലവിൽ വരുന്ന ക്ലാർക്ക് തസ്തികയിലെ 10 % ഒഴിവുകളിലെ നിയമനത്തിന് 5 വിങ്ങിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഒരേ പോലെ പരിഗണിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | പരിരക്ഷിക്ക പെടുമെന്നും പ്രമോഷനുകൾക്കു ടി സീനിയോറിറ്റി മാനദണ്ഡ മായിരിക്കുമെന്നും ചട്ടം 12(2) പ്രകാരം സീനിയോറിറ്റി, പ്രമോഷൻ, സബ് ഓർഡിനേറ്റ് അപ്പോയ്ന്റ്മെന്റിലേക്ക് ട്രാൻസ്ഫർ മുഖേനയുള്ള നിയമനം എന്നിവയ്ക്ക് 2022 ലെ ചട്ടം വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം പരിരക്ഷിക്കപെടുമെന്ന വ്യക്തമായി മേൽ ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ Tracer തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 2022 ലെ ഏകീകൃത ചട്ടം വന്ന തീയതിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്) ൽ സർവ്വീസിൽ ഉണ്ടായിരുന്ന O A / Chainman / Watchman എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തി 2000-ലെ G.O.(P) No.183/2000/LSGD dt 29/06/2000 & G.O.(P) No.6/2019/LSGD dt. 29/01/2019 ലെ എന്നീ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകാവുന്നതാണ്. ഈ | |

| | | | | | |
|---|---|---|---|---|---|
| | | | | വിഷയത്തിൽ ആവശ്യമുള്ള പക്ഷം ഒരു സ്പഷ്ടീകരണം കൂടി സർക്കാരിനു ഇറക്കാവുന്നതാണ്.<br><br>ഒന്നായ 5 വകുപ്പുകളിലെയും നിലവിൽ വരുന്ന ക്ലാർക്ക് തസ്തികയിലെ 10 % ഒഴിവുകളിലെ നിയമനത്തിന് 5 വിങ്ങിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഒരേ പോലെ പരിഗണിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള അപേക്ഷ ചട്ടം 12 (2) ന് വിരുദ്ധം ആണ്. കൂടാതെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ചട്ടം 19 (iii) " By transfer recruitment from the low paid employees in Subordinate Service" പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് അപേക്ഷിച്ച് നിയമനം വാങ്ങുന്നതിനുള്ള വ്യവസ്ഥയുണ്ട്. മേൽ കാരണങ്ങൾ പരിഗണിച്ച ഈ അപേക്ഷ പരിഗണിക്കേണ്ടതില്ല. | |
| 116 | 7 | ഓഫീസ് അസിസ്റ്റന്റ്/ ചെയിൻ മാൻ/ | ◦ നഗരാസൂത്രണ വകുപ്പിൽ ക്ലാർക്ക് തസ്തികയുടെ എണ്ണം മറ്റ് വകുപ്പുകളുമായി | ഒന്നായ 5 വകുപ്പുകളിലെയും നിലവിൽ വരുന്ന ക്ലാർക്ക് തസ്തികയിലെ 10 % ഒഴിവുകളിലെ നിയമനത്തിന് 5 | DEF, DEC |

| | | | | | |
|---|---|---|---|---|---|
| | | വാച്ച്മാന്മാരായ ആര്യ രാജു, മോളി എ എ, രാജേഷ് കെ ജി, പ്രകാശൻ എം സി,<br><br>അരുൺ രാജ് പി വി, മഞ്ജുള കെ, അശോകൻ എ കെ , വർഗ്ഗീസ് തോമസ് എൻ | താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ് എന്നും അതുകൊണ്ട് തന്നെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള 10% വകുപ്പുതല പ്രൊമോഷൻ ലഭിക്കണമെങ്കിൽ സർവ്വീസിൽ ചേർന്ന് 22, 23 വർഷം വരെ കാത്തിരിക്കേണ്ടി വരുന്നുണ്ട് എന്നും സമർപ്പിത അപേക്ഷകൾ പ്രകാരം അറിയിച്ചിരിക്കുന്നു.<br><br>◦ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ തങ്ങളെ, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതിന് ശേഷമുള്ള പൊതുസർവ്വീസിന് കീഴിൽ ലാസ്റ്റ് ഗ്രേഡ് പൊതുസീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നും മേൽ വസ്തുതകൾ പരിഗണിച്ച് പൊതു സീനിയോറ്റി ലിസ്റ്റിൽ നിന്ന് അർഹമായ 10% പ്രൊമോഷൻ ക്ലാർക്ക് തസ്തികയിലേക്ക് നൽകികൊണ്ട് മാത്രമേ പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ സർവ്വീസുകൾക്ക് കീഴിൽ വരുന്ന ഓഫീസുകൾക്ക് കീഴിൽ വരുന്ന | വിങ്ങിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഒരേ പോലെ പരിഗണിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള അപേക്ഷ ചട്ടം 12 (2) ന് വിരുദ്ധം ആണ്. കൂടാതെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ചട്ടം 19 (iii) " By transfer recruitment from the low paid employees in Subordinate Service" പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് അപേക്ഷിച്ച് നിയമനം വാങ്ങുന്നതിനുള്ള വ്യവസ്ഥയുണ്ട്. മേൽ കാരണങ്ങൾ പരിഗണിച്ച ഈ അപേക്ഷ പരിഗണിക്കേണ്ടതില്ല. | |

| | | | | | |
|---|---|---|---|---|---|
| | | | ഓഫീസുകളിലേക്ക് സ്ഥലം മാറ്റം നൽകി നിയമിക്കാവൂ എന്നും അതുവരെ മേൽപ്പറഞ്ഞ പൊതു സ്ഥലംമാറ്റ നിയമനങ്ങൾ ഒഴിവാക്കി തരണമെന്നും സമർപ്പിത അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | | |
| 117 | 8 | ഡോ. പ്രദീപ് ആർ<br>ടൗൺ പ്ലാനർ | a. ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പുതുതായി വന്നിട്ടുള്ള റൂളിൽ, Note ആയി "Appointment by promotion and by direct recruitment to this category shall be made in the ratio 3:1" ചേർത്തതും "and in the absence of suitable hands for appointment by Promotion, the Post Shall be filled up by direct recruitment", എന്നതും നഗരഗ്രാമസൂത്രണം പോലെ മൾട്ടി ഡിസിപ്ലിനറി ആയിട്ടുള്ള ഒരു പ്രൊഫഷനിൽ വർഷങ്ങളുടെ പ്രവൃത്തി പരിചയത്തിനുപരി കേവലം നാലോ ആറോ | • സ്പെഷ്യൽ റൂൾസ് 2022 നിലവിൽ വന്ന 27.10.2022 തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നേരത്തെ നിലവിലുണ്ടായിരുന്ന Special Rules for the Kerala Town and Country Planning Service 2001 & Special Rules for the Kerala Town and Country Planning Sub ordinate Service 2001 എന്നിവ പ്രകാരം ഏതു പോസ്റ്റ് വരെ പ്രൊമോഷൻ ലഭിക്കുമായിരുന്നോ ആ പോസ്റ്റ് വരെ ലഭിക്കുന്നതിനായി ചട്ടം 12(2) | DEA |

| | | | | | |
|---|---|---|---|---|---|
| | | | വർഷത്തെ സിലബസിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ യോഗ്യതയ്ക്ക്, ഡെപ്യൂട്ടി ടൗൺ പ്ലാനർ എന്ന സൂപ്പർവൈസറി തസ്തികയിലേക്ക് മുൻതൂക്കം കൊടുക്കുന്നതും, നേരിട്ട് യാതൊരു പ്രവൃത്തി പരിചയവും ഇല്ലാതെ നിയമനം നടത്തുന്നത് പ്ലാനിങ്ങിന്റെ പ്രൊഫഷണൽ ഇന്റെഗ്രിറ്റിയെ പ്രതിലോമകരമായി ബാധിക്കുമെന്നും, ആയത് അനുചിതമെന്ന് സർക്കാരിന് ബോധ്യപ്പെട്ടത് കൊണ്ട് 2001-ലെ സ്പെഷ്യൽ റൂൾസ് ഭേദഗതിയിൽ ഇത്തരത്തിലുള്ള ചട്ടങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് എന്നും സമർപ്പിത അപേക്ഷ പ്രകാരം അറിയിച്ചിരിക്കുന്നു.<br>b. ഡെപ്യൂട്ടി ടൗൺ പ്ലാനറുടെ തസ്തികയിലേക്ക് വിദ്യാഭ്യാസ യോഗ്യത മാത്രം പരിഗണിച്ച് | പ്രകാരം പരിരക്ഷ നല്കിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ ചേർത്തിട്ടുള്ള ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം നിലവിലെ ഉദ്യോഗസ്ഥരെ ബാധിക്കുകയില്ല. കൂടാതെ കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിൽ സംസ്ഥാനത്തെ നഗരഗ്രാമാസൂത്രണ വകുപ്പിൽ Qualified Planner മാർ ഉണ്ടായിരിക്കണം എന്ന വിഷയത്തിൽ മുൻഗണന നല്കുന്നുണ്ട്.ആയതിനു യോഗ്യത അടിസ്ഥാനത്തിൽ incentive ഫണ്ടും സ്കീമുകളിൽ പ്രതിപാദിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നും നഗരാസൂത്രണത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നൽകി വരുന്നുമുണ്ട് . മേൽ | |

| | | | | | |
|---|---|---|---|---|---|
| | | | നേരിട്ട് നിയമനം നടത്തുകയാണെങ്കിൽ പ്രൊഫഷണൽ ഇന്റഗ്രിറ്റിയെ മാത്രമല്ല ഒർഗനൈസേഷണൽ ഇന്റഗ്രിറ്റിയെ കൂടി പ്രതിലോമകരമായി ബാധിക്കുമെന്നും അറിയിച്ചിരിക്കുന്നു.<br>c. സൂപ്പർവൈസറി തസ്തികയായ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് യോഗ്യതയില്ലാത്തവരുടെ അഭാവത്തിൽ തസ്തിക നികത്തുവാനായി പ്രവൃത്തി പരിചയമില്ലാത്തവരെ പരിഗണിക്കുന്നതിന് പകരം നിലവിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം ഉള്ള നിരീക്ഷണ കാലാവധി വിജയകരമായി | വിഷയങ്ങൾ പരിഗണിച്ച ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം 3 : 1 അനുപാദത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നിലനിർത്താവുന്നതാണ്.<br>• *നിലവിലെ ചട്ട പ്രകാരം* അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനും *പ്രവർത്തി പരിചയം വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല.* അസിസ്റ്റന്റ് ടൗൺ പ്ലാനറുടെ തസ്തികയിൽ പ്രവർത്തിക്കേണ്ട ചുമതലകൾ അനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയാണ് നേരിട്ടുള്ള നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ളത്. ഇതേ തത്വം അവലംബിച്ചിട്ടാണ് *ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനത്തിനും പ്രവർത്തി പരിചയം നിഷ്കർഷിച്ചിട്ടില്ലാത്തത്.* | |

| | | | | | |
|---|---|---|---|---|---|
| | | | പൂർത്തിയാക്കിയവരെ സ്ഥാനക്കയറ്റം വഴി ഒറ്റത്തവണ പരിഗണിക്കാവുന്നതാണ്. ഇത് മൂലം യാതൊരു പ്രവൃത്തി പരിചയം ഇല്ലാത്തവർ സൂപ്പർവൈസറി തസ്തികയായ ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ തസ്തികയിലേക്ക് നിയമിക്കപെടുന്ന സാഹചര്യം ഒഴിവാക്കുവാനാകും എന്നും സമർപ്പിത അപേക്ഷ പ്രകാരം അറിയിച്ചിരിക്കുന്നു.<br>d. Group IV Planning wing, LSGD – യുമായി ബന്ധപെട്ട് റൂളിൽ വന്നിട്ടുള്ള കരടിൽ, ഗവഃ വകുപ്പ് ഏകീകരണത്തിൻറെ ഭാഗമായി നിലവിലുള്ള ജീവനക്കാർക്ക് സീനിയോറിറ്റിയിലോ പ്രമോഷനിലോ യാതൊരു നഷ്ടവും വരില്ല എന്ന ഉറപ്പിന് വിരുദ്ധമായ, നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനെ പ്രതികൂലമായി ബാധിക്കുന്ന | *കൂടാതെ* നേരിട്ടുള്ള നിയമനത്തിന് *പ്രവർത്തി പരിചയം വേണമെന്ന് നിഷ്കർഷി*ക്കുന്നത് അഭിലഷണീയം അല്ല. ഇത്തരത്തിൽ *പ്രവർത്തി പരിചയം* നിഷ്കർഷിക്കുമ്പോൾ പുതുതായി വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാര്തികൾക്ക് അപേക്ഷിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം നിലവിൽ വരുന്നതാണ്. കൂടാതെ (സർക്കാർ/അർദ്ധ സർക്കാർ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ / കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തി പരിചയം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും വളരെ അധികം സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതാണ്. മേൽ വിഷയങ്ങൾ കണക്കിൽ എടുത്ത് *ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ* | |

| | | | | | |
|---|---|---|---|---|---|
| | | | രീതിയിലാണ് സ്പെഷ്യൽ റൂൾ വന്നിട്ടുള്ളത് എന്നും സമർപ്പിത അപേക്ഷ പ്രകാരം അറിയിച്ചിരിക്കുന്നു.<br>e. സമാനമായ സാങ്കേതിക വകുപ്പുകളിൽ ഇല്ലാത്തതും, കീഴ്തസ്തികകളിൽ പ്രവൃത്തി പരിചയം പരിഗണിക്കാതെ, യോഗ്യത മാത്രം മുൻനിറുത്തി ഉയർന്ന പോസ്റ്റിൽ നേരിട്ടുള്ള നിയമനത്തിന് ആക്കം കൂട്ടുന്ന മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ഒഴിവാക്കുന്നതിനുള്ള നപടികൾ സ്വീകരിക്കണമെന്നും, സർക്കാർ ഉറപ്പ് നൽകിയിട്ടുള്ള പുതിയ വകുപ്പ രൂപീകരണത്തിൽ നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനെ ബാധിക്കില്ല എന്ന തത്വം പാലിക്കാൻ മേൽ റൂളിൽ വന്നിട്ടുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ | *നേരിട്ടുള്ള നിയമനത്തിനും പ്രവർത്തി പരിചയം വേണമെന്ന് നിഷ്ക്കര്ഷിക്കേണ്ടതില്ല. നിലവിലെ ചട്ട പ്രകാരം ഉള്ള* വിദ്യാഭ്യാസ യോഗ്യത മാത്രം ആയി തുടരാവുന്നതാണ്.<br>1. സൂപ്പർവൈസറി തസ്തികയായ ഡെപ്യൂട്ടി ടൌൺ പ്ലാനർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് യോഗ്യതയില്ലാത്തവരുടെ അഭാവത്തിൽ തസ്തിക നികത്തുവാനായി പ്രവൃത്തി പരിചയമില്ലാത്തവരെ പരിഗണിക്കുന്നതിന് പകരം നിലവിലെ അസിസ്റ്റന്റ് ടൌൺ പ്ലാനർ തസ്തികയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം ഉള്ള നിരീക്ഷണ കാലാവധി വിജയകരമായി പൂർത്തിയാക്കിയവരെ | |

| | | | | | |
|---|---|---|---|---|---|
| | | | കൈക്കൊള്ളണമെന്നും സമർപ്പിത അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.<br>f. നിലവിൽ ഒരു അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തിക മാത്രമാണ് വകുപ്പിൽ ഉള്ളതെന്നും, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ നിന്നും പ്രൊമോഷനായി പരിഗണിക്കുന്ന മൂന്ന് ചീഫ് ടൗൺ പ്ലാനർ തസ്തിക ഉണ്ടെന്നുള്ളതും, ഓർഗനൈസേഷണൽ ഹയർ ആർകൽ പിരമിഡ് പൊതുതത്വപ്രകാരം താഴേക്കുള്ള തസ്തികകൾ മേൽ തസ്തികളേക്കാൾ എണ്ണത്തിൽ കൂടിയിരിക്കണമെന്ന മാനദണ്ഡം പാലിക്കപ്പെടുന്നില്ല എന്നും, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തിക, ചീഫ് ടൗൺ പ്ലാനർ (ട്രെയിനിങ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്) തസ്തികയായി | സ്ഥാനക്കയറ്റം വഴി ഒറ്റത്തവണ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്ത വിഷയമായതിനാൽ പരിഗണിക്കേണ്ടതില്ല.<br>2. നിലവിൽ ഒരു അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തിക മാത്രമാണ് വകുപ്പിൽ ഉള്ളതെന്നും, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ നിന്നും പ്രൊമോഷനായി പരിഗണിക്കുന്ന മൂന്ന് ചീഫ് ടൗൺ പ്ലാനർ തസ്തിക ഉണ്ടെന്നുള്ളതും, ഓർഗനൈസേഷണൽ ഹയർ ആർകൽ പിരമിഡ് പൊതുതത്വപ്രകാരം താഴേക്കുള്ള തസ്തികകൾ മേൽ തസ്തികളേക്കാൾ എണ്ണത്തിൽ കൂടിയിരിക്കണമെന്ന മാനദണ്ഡം പാലിക്കപ്പെടുന്നില്ല എന്നും, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തിക, ചീഫ് ടൗൺ പ്ലാനർ (ട്രെയിനിങ് | |

| | | | | | |
|---|---|---|---|---|---|
| | | | ഉയർത്തി തദ്ദേശ സ്വയം ഭരണ വകുപ്പ് ജീവനക്കാർക്കായുള്ള ട്രെയിനിങ്, റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് തുടങ്ങിയവയുടെ മുഴുവൻ ചുമതലയും നൽകാവുന്നതാണ് എന്നും സമർപ്പിത അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്) തസ്തികയായ ഉയർത്തണമെന്ന നിർദേശം ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂളുമായി നേരിട്ട് ബന്ധപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ, ഈ വിഷയം Grievance Redressal Cell ന്റെ പരിധിയിൽപെടുന്നതല്ല എന്ന് അറിയിക്കുന്നു. | |
| 118 | 9 | ജനറൽ സെക്രട്ടറി, കെ.ജി.ഒ.എ | a. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ റൂൾ, തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്) വിംഗിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ മുതൽ താഴെയുള്ള സാങ്കേതിക ജീവനക്കാരുടെ പ്രമോഷൻ സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതിന് മുൻപുള്ള സ്പെഷ്യൽ റൂളിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തിക അസിസ്റ്റന്റ് ടൗൺ പ്ലാനറുടെ പ്രമോഷൻ തസ്തിക ആയിരുന്നു. അർഹരായ | a. സ്പെഷ്യൽ റൂൾസ് 2022 നിലവിൽ വന്ന 27.10.2022 തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നേരത്തെ നിലവിലുണ്ടായിരുന്ന Special Rules for the Kerala Town and Country Planning Service 2001 & Special Rules for the Kerala Town and Country Planning Sub ordinate Service 2001 എന്നിവ പ്രകാരം ഏതു പോസ്റ്റ് വരെ പ്രൊമോഷൻ ലഭിക്കുമായിരുന്നോ | DEA |

| | | | | | |
|---|---|---|---|---|---|
| | | | ജീവനക്കാർ ഇല്ലാതിരുന്നാൽ മാത്രമാണ് നേരിട്ടുള്ള നിയമനം നടത്താൻ ചട്ടം ഉണ്ടായിരുന്നത്. എന്നാൽ പുതുതായി നിലവിൽ വന്ന സ്പെഷ്യൽ റൂൾ പ്രകാരം 3:1 എന്ന അനുപാതത്തിൽ പ്രൊമോഷനും നേരിട്ടുള്ള നിയമനവും എന്നാണ് പറഞ്ഞിരിക്കുന്നത് എന്ന് അറിയിചിരുക്കുന്നു.<br><br>b. പുതിയ സ്പെഷ്യൽ റൂൾ പ്രകാരം ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് വേണ്ട യോഗ്യത പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ AITP (AITP എന്നുള്ളത് INSTITUTE OF TOWN PLANNERS INDIA-യുടെ Associate Membership-ന്റെ ചുരുക്കപേരാണ്). പ്ലാനിംഗിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള ആളുകളുടെ മാത്രം | ആ പോസ്റ്റ് വരെ ലഭിക്കുന്നതിനായി ചട്ടം 12(2) പ്രകാരം പരിരക്ഷ നല്കിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ ചേർത്തിട്ടുള്ള ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം നിലവിലെ ഉദ്യോഗസ്ഥരെ ബാധിക്കുകയില്ല.<br><br>b. കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിൽ സംസ്ഥാനത്തെ നഗരഗ്രാമാസൂത്രണ വകുപ്പിൽ Qualified Planner മാർ ഉണ്ടായിരിക്കണം എന്ന വിഷയത്തിൽ മുൻഗണന നല്കുന്നുണ്ട്.ആയതിനു യോഗ്യത അടിസ്ഥാനത്തിൽ incentive ഫണ്ടും സ്കീമുകളിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ നിലവിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നും നഗരാസൂത്രണത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ | |

| | | | | | |
|---|---|---|---|---|---|
| | | | സംഘടനയായ ഈ സംഘടന UGC/AICTE മാനദണ്ഡങ്ങൾ അഥവാ അംഗീകാരം ഒന്നും തന്നെ ഇല്ലാതെ നടത്തുന്ന ഒരു കോഴ്സ് വഴിയാണ് അവരുടെ AITP മെമ്പർഷിപ്പ് നൽകിവരുന്നത്. ഒരു രണ്ടാം ഗസറ്റഡ് പോസ്റ്റിലേക്ക് യാതൊരു പ്രവൃത്തിപരിചയവും ആവശ്യപ്പെടാതെ എന്നാൽ ഈ സംഘടനയുടെ മെമ്പർഷിപ്പ് ഒരു യോഗ്യത ആയി നിശ്ചയിക്കുന്നത് അഭികാമ്യമല്ലെന്നാണ് KGOA അറിയിക്കുന്നത്.<br>c. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതിനു മുൻപ് അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്ക്, മുൻപുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രോമോഷനുകൾ ഉറപ്പ് വരുത്തണമെന്നും, അത് വരെ സ്പെഷ്യൽ റൂൾ 2022 പ്രകാരം | നൽകി വരുന്നുണ്ട് . ഈ വിഷയങ്ങൾ എല്ലാം പരിഗണിച്ചിട്ടാണ് ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുള്ള സ്പെഷ്യൽ റൂൾസ് 2022 ൽ ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം ഒഴിവാക്കേണ്ടതില്ല.<br>c. 1976 ലെയും 2001 ലെയും സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടി ടൌൺ പ്ലാനർ മുതൽ മുകളിൽ ഉള്ള തസ്തികകൾക്ക് യോഗ്യതയായി Associate of the Institute of Town Planners India (AITP) ഉൾപ്പെടുത്തിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൌൺ പ്ലാനേഴ്സ് ഇന്ത്യ (ITPI), 1951 ൽ സ്ഥാപിതമായിട്ടുള്ളതും നഗരങ്ങളുടെയും | |

| | | | | | | |
|---|---|---|---|---|---|---|
| | | | ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം നടത്താനുള്ള നടപടികൾ കൈകൊള്ളരുതെന്നും ഈ സാഹചര്യത്തിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ ഫലമായി നിലവിലുള്ള ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഡെപ്യൂട്ടി ടൌൺ പ്ലാനർ തസ്തികയിലേക്ക് നിലവിലുള്ള ജീവനക്കാരിൽ നിന്ന് പ്രൊമോഷൻ നൽകി നിയമനം നടത്തണമെന്നും സമർപ്പിത അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. | പട്ടണങ്ങളുടെയും ഗ്രാമപ്രദേശങ്ങളുടെയും ശാസ്ത്രീയവും സാമ്പത്തികവും ആസൂത്രിതവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും നഗരാസൂത്രണമെന്ന തൊഴിലിനെ അഭിവൃദ്ധിപെടുത്തുന്നതിനും നഗര ഗ്രാമാസൂത്രണവുമായി ബന്ധപെട്ട പഠനവും ഗവേഷണവും മുന്നോട്ട് കൊണ്ട് പോകുന്നതിനായി യത്നിക്കുന്ന ഒരു സ്ഥാപനമാണ്. മേൽ സൂചിത കാലഘട്ടത്തിൽ ദേശിയ തലത്തിൽ ഉള്ള പ്ലാനിംഗ് സ്കൂളുകൾ/കോളേജുകൾ (like SPA, SAP, CEPT, IIT Kharagpur etc.)പരിഗണിക്കുമ്പോൾ തന്നെ വളരെ കുറച്ച് സ്ഥാപനങ്ങളിൽ മാത്രമേ Post Graduate Diploma/ Post Graduate Degree in Planning എന്ന ബിരുദാനന്തര ബിരുദം | |

| | | | | | |
|---|---|---|---|---|---|
| | | | | നൽകി വന്നിരുന്നുള്ളൂ. AITP എന്നത് ITPI വിദൂര പഠനത്തിലൂടെ പ്ലാനിങ്ങിൽ നൽകി വന്നിരുന്ന ഒരു ഡിഗ്രി ആയിരുന്നു. 1976 ലെ ചട്ടങ്ങളിൽ തന്നെ Associate of the Institute of Town Planners India (AITP) എന്നത് ജൂനിയർ ടൌൺ പ്ലാനർ എന്ന തസ്തികയിലേക്കുള്ള സ്ഥാനകയറ്റത്തിനുള്ള യോഗ്യതയായി കണക്കാകിയിരുന്നു. Associate of the Institute of Town Planners India യുടെ syllabus, കാലാവധി എന്നിവ പ്ലാനിംഗ് സ്കൂളുകളിൽ/ കോളേജുകളിൽ നടത്തി വരുന്ന Post Graduate Degree in Planning കോഴ്സുകൾക്ക് സമാനമായിട്ടുള്ളതു കൊണ്ടും Post Graduate Diploma/ Post Graduate Degree in Planning നൽകുന്ന പ്ലാനിംഗ് സ്കൂളുകളുടെ പരിമിത എണ്ണം പരിഗണിച്ചാണ് | |

| | | | | | |
|---|---|---|---|---|---|
| | | | | AITP എന്ന യോഗ്യത 1976 ലെയും 2001 ലെയും സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് കാണാവുന്നതാണ് . എന്നാൽ നിലവിൽ കേരളത്തിൽ മാത്രം നാല് കോളേജുകളിൽ പ്ലാനിംഗിലെ ബിരുദാനന്തര ബിരുദം നൽകി വരുന്നു (CET , TKM , GEC Thrissur , NIT Calicut). ഇതിലൂടെ പ്രതിവർഷം 70 ത്തോളം പ്ലാനർമാർ പഠിച്ചിറങ്ങുന്നു. ഇതിനു പുറമെ നമ്മുടെ സംസ്ഥാനത്ത് നിന്നും ഉള്ള നിരവധി വിദ്യാർഥികൾ കേരളത്തിന് പുറത്തു നിന്നുള്ള പ്ലാനിംഗ് സ്കൂളുകൾ/കോളേജുകൾ നിന്നും ബിരുദാനന്തര ബിരുദം പഠിച്ചിറങ്ങുന്നും ഉണ്ട്. ഈ എണ്ണം ഭാവിയിൽ അധികരിക്കുന്നതും ആണ്. ഈ സാഹചര്യത്തിൽ കോളേജുകളിൽ നടത്തുന്ന റെഗുലർ കോർസുകളിൽ നിന്നും | |

| | | | | | |
|---|---|---|---|---|---|
| | | | | പ്ലാനിങ്ങിൽ ബിരുദവും ബിരുദാനന്തര ബിരുദം ഉള്ള ഉദ്യോഗാർത്ഥികൾ ഭാവിയിൽ സുലഭം ആയി ലഭ്യം ആകുന്നതാണ്. ടി സാഹചര്യത്തിൽ നേരത്തെ ആവശ്യം ഉള്ള ഉധ്യോഗാർത്തികൾ ലഭ്യം അല്ലാതിരുന്ന സമയത്ത് നിലവിൽ ഉള്പെടുതിയിരുന്ന AITP യോഗ്യത ഇനി തുടരേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്ത് 2022 ലെ സ്പെഷ്യൽ റൂൾസിൽ നിന്നും വകുപ്പിൽ പുതുതായി നേരിട്ടുള്ള നിയമനം വഴി പ്രവേശിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കുള്ള AITP എന്ന യോഗ്യത ഒഴിവാക്കാവുന്നതിനായി ശുപാർശ ചെയ്യുന്നു. | |

| | | | | | |
|---|---|---|---|---|---|
| 119 | 10 | ജനറൽ സെക്രട്ടറി, TPSA | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി പ്ലാനിംഗ് വിംഗ് ആശങ്കകളും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള അഭിപ്രായങ്ങൾ | അപേക്ഷ പരിശോധിച്ചതിൽ, പ്രസ്തുത അപേക്ഷ ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂളുമായി നേരിട്ട് ബന്ധപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ, സ്പെഷ്യൽ റൂളുകളിന്മേലുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിൽ ടി അപേക്ഷ സംബന്ധിച്ച് ശിപാർശ ഉൾപ്പെടുതിയിട്ടില്ല . | നടപടി ഇല്ല |
| 120 | 11 | ആശ റ്റി. ആർ.മുതൽ പേർ. | a. 27/10/2022-നു മുൻപ് (ഏകീകൃത സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുൻപ്) സേവനത്തിൽ പ്രവേശിച്ചവർക്ക്, സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസിന്റെ പേജ് നമ്പർ 8-ൽ, ചട്ടം 3-ൽ രേഖപ്പെടുത്തിയിരിക്കുന്ന Inter-se-seniority, സ്ഥാനക്കയറ്റത്തിനായുള്ള സീനിയോറിറ്റി, പ്രബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് വേണ്ടിയും സ്ഥാനക്കയറ്റത്തിനായും | a. 27/10/2022-നു മുൻപ് (ഏകീകൃത സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുൻപ്) സേവനത്തിൽ പ്രവേശിച്ചവർക്ക്, അവരുടെ സീനിയോറിറ്റി, പ്രബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് വേണ്ടിയും സ്ഥാനക്കയറ്റത്തിനായും ആവശ്യമായ വകുപ്പ്തല പരീക്ഷകൾ , സ്ഥാനക്കയറ്റത്തിനായുള്ള യോഗ്യതകൾ, ആവശ്യമായ In Service Training, തൊട്ടടുത്ത | DEA & DEE |

| | | | | | |
|---|---|---|---|---|---|
| | | | ആവശ്യമായ വകുപ്പ്തല പരീക്ഷകൾ , In Service Training (ചട്ടം 11 (1) & (2)), മുൻ സീനിയോറിറ്റി / യോഗ്യതാ / വ്യസ്വസ്ഥകൾ ജീവനക്കാരുടെ തൊട്ടടുത്ത സ്ഥാനക്കയറ്റത്തിന് മാത്രമായോണോ, എന്നിങ്ങനെയുള്ള നിരവധി വ്യവസ്ഥകളിൽ വ്യക്തത തേടിയിരിക്കുന്നു.<br>b. തദ്ദേശ സ്വയഭരണ വകുപ്പ് പ്ലാനിംഗിൽ നിലവിൽ ഉണ്ടായിരുന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് ട്രേസർ തസ്തികയിലേക്ക് ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയിലെ മതിയായ യോഗ്യതയുള്ള ജീവനക്കാരിൽ നിന്നുമാണ് ഉദ്യോഗക്കയറ്റം നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ പുറത്തിറങ്ങിയ സ്പെഷ്യൽ റൂൾ ഉത്തരവിൽ ട്രേസർ തസ്തികയിലേക്കുള്ള | സ്ഥാനക്കയറ്റത്തിനും തുടർന്നുള്ള സ്ഥാനക്കയട്ടങ്ങൾക്കും ബാധകമായ ചട്ടങ്ങൾ, By Transfer (Departmental Quota) മുഖേന സ്ഥാനക്കയറ്റം നേടുന്നവരുടെ സീനിയോറിറ്റി, അവരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് ബാധകമായ ചട്ടങ്ങൾ, എന്നിവ വിശദീകരിച്ചിട്ടുള്ള സർക്കുലർ (ER2/192/2023 /LSGD dated 23.01.2024) സർക്കാർ ഇറക്കിയുള്ളതാണ്. ടി സർക്കുലരിൽ ഈ വിഷയത്തിൽ സർക്കാർ വ്യക്തത വരുത്തിയ സാഹചര്യത്തിൽ ഈ വിഷയം പരിഗണിക്കേണ്ടതില്ല.<br>b. ട്രേസർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ വഴി ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയിലെ മതിയായ യോഗ്യതയുള്ള ജീവനക്കാരെ | |

| | | | | | |
|---|---|---|---|---|---|
| | | | ബൈടാൻസ്ഫർ വഴി സ്ഥാനക്കയറ്റത്തിനർഹത any other category in subordinate service എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയതിൽ വ്യക്തത തേടിയിരിക്കുന്നു.<br>c. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തസ്തികയിലെ പ്രൊമോഷൻ തസ്തികയായ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് KS&SSR ഭാഗം II ചട്ടം (2) ബാധകമാണോ എന്നത് സംബന്ധിച്ച് വ്യക്തത ആവശ്യമാണ്.<br>d. സ്പെഷ്യൽ റൂൾ നിലവിൽ വന്ന 27/10/2022-ന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും | നിയമിക്കുന്നത് സംബന്ധിച്ച് ക്രമ നം. 28 മുതൽ 32 വരെയുള്ള അപേക്ഷകളിൽ ശിപാർശ (Para 17) നൽകിയിട്ടുള്ളതാണ്.<br>c. മുൻപ് നഗര-ഗ്രാമാസൂത്രണ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് KS&SSR ഭാഗം II ചട്ടം (2) അനുസൃതമായി സ്ഥാനക്കയറ്റം നൽകുന്നതിനു പരിഗണിക്കുന്നത് ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1)&(2) ന് വിരുദ്ധം ആകുമെന്നതിനാൽ ടി അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല.<br>d. സ്പെഷ്യൽ റൂൾ നിലവിൽ വന്ന 27/10/2022-ന് ശേഷം ഓഫീസ് | |

| | | | | | |
|---|---|---|---|---|---|
| | | | (By Transfer) മുഖേന ക്ലാർക്ക്/ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി കണക്കാക്കുന്നത് ഏകീകൃത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ എന്നത് സംബന്ധിച്ച് വ്യക്തത ആവശ്യമാണ്.<br>e. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ Group General Wing (page No.12) കാറ്റഗറിയിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് സെക്രട്ടറി തസ്തികയുടെ സ്ഥാനക്കയറ്റത്തിൽ 60 % സ്ഥാനക്കയറ്റം മുഖേനയും 40 % നേരിട്ടുള്ള നിയമനവും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നും എന്നാൽ നേരിട്ടുള്ള നിയമനത്തിന്റെ 15% ഏകീകരിക്കപ്പെട്ട വകുപ്പിലെ | അറ്റൻഡന്റ് തസ്തികയിൽ നിന്നും (By Transfer) മുഖേന ക്ലാർക്ക്/ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി ഏകീകൃത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നത് ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1)&(2) ന് വിരുദ്ധം ആകുമെന്നതിനാൽ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല.<br>e. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ Group General Wing (page No.12) കാറ്റഗറിയിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് സെക്രട്ടറി എന്നീ തസ്തികളിലെ നേരിട്ടുള്ള നിയമനത്തിന്റെ 15% ഏകീകരിക്കപ്പെട്ട വകുപ്പിലെ ജീവനക്കാരിൽ നിന്നും By | |

| | | | | | |
|---|---|---|---|---|---|
| | | | ജീവനക്കാരിൽ നിന്നും By Transfer (Departmental Quota) മുഖേന സ്ഥാനക്കയറ്റം നൽകിയാൽ ജീവനക്കാർക്ക് ഒരു പരിധിവരെ സഹായകരമാകും എന്ന് സമർപ്പിത അപേക്ഷ പ്രകാരം അറിയിച്ചിരിക്കുന്നു. | Transfer (Departmental Quota) മുഖേന സ്ഥാനക്കയറ്റം നൽകുന്നത് ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1)സ്&(2) ന് വിരുദ്ധം ആകുമെന്നതിനാൽ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല. | |
| | | | f. സ്റ്റേറ്റ് സർവ്വീസ് 2022 റൂൾ 5 (7) പ്രകാരം പഞ്ചായത്ത് വകുപ്പിലെ സീനിയർ മോസ്റ്റ് പെർഫോമൻസ് സൂപ്പർവൈസർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് തസ്തിക ഇന്റേണൽ വിജിലൻസ് ഓഫീസറായി പുനഃനാമകരണം ചെയ്ത് അസ്സിസ്റ്റന്റ് ഡയറക്ടറാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ ഏകീകരിക്കപ്പെട്ട മറ്റ് നാല് വകുപ്പുകളിലുമുള്ള സമാന തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയാക്കി അപ്ഗ്രേഡ് | f. ഏകീകരണം നടപ്പിൽ വരുത്തിയപ്പോൾ പഞ്ചായത്ത് വകുപ്പിലെ സീനിയർ സെക്രട്ടറി തസ്തികകൾ AD ആയി ഉയർത്തിയിരുന്നു. കൂടാതെ പുതുതായി JD, അഡീ ഷണൽ ഡയരക്ടർ എന്നീ തസ്തികകളും ഏകീകൃത വകുപ്പിൽ ഉണ്ടാക്കുകയുണ്ടായി . എന്നാൽ നിലവിൽ വന്ന AD, JD എന്നിവ ഒന്നും തന്നെ സാങ്കേതിക വിഭാഗകാർക്ക് നൽകിയിരുന്നില്ല, ആയതിനെ സംബന്ധിച്ചുള്ള പരാതികൾ സാങ്കേതിക വിഭാഗത്തിൽ നിന്നും ലഭിക്കുകയുണ്ടായി . | |

| | | | | | |
|---|---|---|---|---|---|
| | | | ചെയ്തിട്ടില്ല. അതിനാൽ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ സീനിയർ സൂപ്രണ്ട് (HG) തസ്തിക ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്യണം. | ഇത്തരം പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഇതിനോടകം AD, JD എന്നീ തസ്തികകളിലേക്ക് പുതിയതായി അനുവദിച്ച തസ്തികകളുടെയും Up grade ചെയ്ത തസ്തികകളുടെയും എണ്ണം പരിശോധിച്ച് എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകമായി അനുവദിച്ച തസ്തികകളും പരിഗണിച്ച് ഏതെങ്കിലും വിഭാഗത്തിന് ആനുപാതികമായി കുറവ് വന്നിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം ടി വിഭാഗത്തിലെയും ജീവനക്കാർക്ക് കൂടി തസ്തികൾ ഉണ്ടാക്കി നൽകുന്നതിനുള്ള ഒരു നിർദേശം സർക്കാരിലേക്ക് നൽകുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. • ഈ അപേക്ഷ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ | |

| | | | | | |
|---|---|---|---|---|---|
| | | | | നടപടികൾ കൈകൊള്ളുന്നതിനായി തീരുമാനിച്ചു. | |
| 121 | 12 | വിജയൻ മുള്ളോറ<br>സീനിയർ സൂപ്രണ്ട് (HG) | a. പഞ്ചായത്ത് വകുപ്പിലെ സമാന തസ്തിക (സീനിയർ സൂപ്രണ്ട് തസ്തിക) അസ്സിസ്റ്റന്റ് ഡയറക്ടറാക്കി അപ്ഗ്രേഡ് ചെയ്തതുപോലെ, നഗര-ഗ്രാമാസൂത്രണ വകുപ്പിൽ ലഭ്യമായിരുന്ന സീനിയർ സൂപ്രണ്ട് (HG) തസ്തിക അസ്സിസ്റ്റന്റ് ഡയറക്ടറാക്കി അപ്ഗ്രേഡ് ചെയ്യണം എന്ന് ആപേക്ഷിച്ചിരിക്കുന്നു. | a. ഏകീകരണം നടപ്പിൽ വരുത്തിയപ്പോൾ പഞ്ചായത്ത് വകുപ്പിലെ സീനിയർ സെക്രട്ടറി തസ്തികകൾ AD ആയി ഉയർത്തിയിരുന്നു. കൂടാതെ പുതുതായി JD, അഡീ ഷണൽ ഡയരക്ടർ എന്നീ തസ്തികകളും ഏകീകൃത വകുപ്പിൽ ഉണ്ടാക്കുകയുണ്ടായി . എന്നാൽ നിലവിൽ വന്ന AD, JD എന്നിവ ഒന്നും തന്നെ സാങ്കേതിക വിഭാഗകാർക്ക് നൽകിയിരുന്നില്ല, ആയതിനെ സംബന്ധിച്ചുള്ള പരാതികൾ സാങ്കേതിക വിഭാഗത്തിൽ നിന്നും ലഭിക്കുകയുണ്ടായി . ഇത്തരം പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഇതിനോടകം AD, JD എന്നീ തസ്തികകളിലേക്ക് പുതിയതായി അനുവദിച്ച | DEA |

| | | | | | |
|---|---|---|---|---|---|
| | | | b. വിവിധ തസ്തികകളിലെ പ്രമോഷൻ വിവിധ വകുപ്പകളിൽ വ്യത്യസ്ത രീതിയിൽ ആയതിനാൽ, ഓരോ വകുപ്പിലെയും സർ | തസ്തികകളുടെയും Up grade ചെയ്ത തസ്തികകളുടെയും എണ്ണം പരിശോധിച്ച് എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകമായി അനുവദിച്ച തസ്തികകളും പരിഗണിച്ച് ഏതെങ്കിലും വിഭാഗത്തിന് ആനുപാതികമായി കുറവ് വന്നിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്ന പക്ഷം ടി വിഭാഗത്തിലെയും ജീവനക്കാർക്ക് കൂടി തസ്തികൾ സൃഷ്ടിച്ച നൽകുന്നതിനുള്ള ഒരു ശുപാർശ സർക്കാരിലേക്ക് നൽകുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. ഈ അപേക്ഷ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈകൊള്ളുന്നതിനായി തീരുമാനിച്ചു.<br><br>b. ജീവനക്കാരുടെ സീനിയോറിറ്റി ഏകീകൃത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നത് | |

| | | | | | |
|---|---|---|---|---|---|
| | | | വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ KSSR General Rule പ്രകാരം ഏകീകൃത Seniority List തയ്യാറാക്കി പ്രമോഷൻ അനുവദിക്കുക. | ഏകീകൃത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2022 ലെ ചട്ടം 12(1)&(2) ന് വിരുദ്ധം ആകുമെന്നതിനാൽ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല. | നടപടി ഇല്ല |
| 122 | 13 | അഖിൽ പി. ആർ.<br>അസിസ്റ്റന്റ് ടൗൺ പ്ലാനർ | a. Planning Wing-ലെ Deputy Town Planner മുതൽ Chief Town Planner വരെയുള്ളവരുടെ യോഗ്യതയിൽ "Post Graduate Diploma in Town and Country Planning / Regional Planning / City Planning / Urban Planning" എന്നും "Post Diploma in Town and Country Planning / Regional Planning / City Planning / Urban Planning" എന്നുമുള്ള യോഗ്യതകൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും,<br>b. Deputy Town Planner | 1. നിലവിൽ പ്ലാനിങ്ങിൽ ബിരുദം Physical Planning എന്ന നാമധേയത്തിൽ നൽകുന്നുണ്ടോ എന്നും അല്ലാത്ത പക്ഷം ഈ പേരിലുള്ള പ്ലാനിംഗ് ബിരുദം നിർത്തലാക്കിയോ എന്നതിൽ വ്യക്തത കുറവുള്ളതിനാൽ Physical Planning എന്ന specialisation വിശേഷാൽ ചട്ടങ്ങളിൽ ചീഫ് ടൌൺ പ്ലാനർ മുതൽ ഡെപ്യൂട്ടി ടൌൺ പ്ലാനർ വരെ ഉള്ള തസ്തികകളുടെ യോഗ്യതയിൽ നിന്നും ഒഴിവാക്കാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. | DEA |

| | | | | | |
|---|---|---|---|---|---|
| | | | മുതൽ Town Planner വരെയുള്ളവരുടെ യോഗ്യതയിൽ "Degree in Physical Planning" എന്നുള്ള യോഗ്യത ഉൾ പ്പെടുത്തിയിരിക്കുന്നു എന്നും, നിലവിൽ ഇന്ത്യയിൽ ഒരു സ്ഥാപനവും / College-ഉം മേൽ യോഗ്യതകൾ നല്കുന്നില്ലാ എന്നും ആയതിനാൽ മേൽ യോഗ്യതകൾ സ്പെഷ്യൽ റൂളിൽ നിന്നും ഒഴിവാക്കണം എന്നും ആപേക്ഷിചിരിക്കുന്നു. | 2. 2001 ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിലും നിലവിൽ ഇപ്പോൾ വിജ്ഞാപനം ചെയ്തിട്ടുള്ള 2022 ലെ വിശേഷാൽ ചട്ടങ്ങളിലും Post Graduate Degree or Post Graduate Diploma എന്നിവ തുല്യമായി പരിഗണിച്ചതായി കാണുന്നത്, മുൻപ് ഇന്ത്യയിലെ പ്രധാനപ്പെട്ട പ്ലാനിംഗ് സ്കൂളുകൾ ആയ School of Planning & Architecture Delhi, Centre for Environmental Planning and Technology Ahmedabad എന്നിവയിൽ Post Graduation in Planning ന് നൽകിയിരുന്ന ഡിഗ്രി Post Graduate Diploma എന്ന നാമധേയത്തിൽ ആയിരുന്നു എന്ന വസ്തുത പരിഗണിച്ചാണ്. എന്നാൽ മേൽ യൂണിവേഴ്സിറ്റി/ പ്ലാനിംഗ് സ്കൂളുകളിൽ നിലവിൽ PG Diploma കോഴ്സുകൾ നിർത്തലാക്കി | |

| | | | | | |
|---|---|---|---|---|---|
| | | | | പ്ലാനിങ്ങിലുള്ള PG Degree കോഴ്സുകൾ ആണ് നൽകി വരുന്നത്. മേൽ യൂണിവേറിസ്റ്റികളിൽ നല്കിയിരുന്ന PG Diploma കോഴ്സുകൾ പഠിച്ച ജീവനക്കാർ നിലവിൽ ഇപ്പോൾ സർവീസിൽ ഇല്ലാത്തതുമാണ് .ഇപ്പോൾ യൂണിവേഴ്സിറ്റികളോ പൊതു സ്ഥാപനങ്ങളോ നൽകി വരുന്ന PG Diploma കോഴ്സുകളിലെ പാഠ്യവിഷയങ്ങളും അവയുടെ എണ്ണവും കോഴ്സ് കാലാവധിയും മുൻപ് CEPT പോലെയുള്ള ഉയർന്ന university കളിൽ നൽകി വന്നിരുന്ന Post Graduate Diploma in Town & Country Planning എന്ന കോഴ്സ് / PG Degree in Planning കോഴ്സ് എന്നിവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. CEPT പോലെയുള്ള രാജ്യത്തെ പ്രമുഖ University കളിൽ മുൻപ് നൽകി വന്നിരുന്ന Post Graduate Diploma | |

| | | | | | |
|---|---|---|---|---|---|
| | | | | in Town & Country Planning എന്ന കോഴ്സ് ഒന്നര വർഷത്തെ കോഴ്സായിരുന്നു . ടികോഴ്സിൽ 4 trimester ലായി 19 വിഷങ്ങളും, ആദ്യ മൂന്ന് trimester ലും ഓരോ പ്ലാനിംഗ് ലാബ് (Area Planning/ Rural Planning, Urban Planning, Regional Planning) വർക്ക് വീതവും 4-ആം trimester ൽ ഒരു Mini Project Work-ഉം Dissertation ആണ് ഉൾപ്പെടുന്നത് . എന്നാൽ ഇപ്പോൾ IGNOU പോലെയുള്ള സ്ഥാപനങ്ങൾ നൽകി വരുന്ന PG Diploma Programme ൽ, നാല് theory വിഷയങ്ങളും Optional ആയ ഒരു project work-ഉം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്ലാനിങ് കോഴ്സിൽ വളരെ പ്രാധാന്യം ഉള്ള Project work പോലും IGNOU നൽകുന്ന programme ൽ ഒരു optional വിഷയമായതിനാൽ, IGNOU നൽകി വരുന്ന programme | |

| | | | | | |
|---|---|---|---|---|---|
| | | | | ലൂടെ പ്ലാനിങ്ങിലെ ഒരു പൊതു ധാരണ മാത്രമാണ് ലഭിക്കുന്നത്. IGNOU നല്കുന്ന മേൽ കോഴ്സ് ഏതു വിഷയത്തിലും ബിരുദം ഉള്ളവർക്ക് പഠിക്കാൻ കഴിയുന്നതാണ്. എന്നാൽ പ്ലാനിംഗ് സ്കൂളുകളിൽ നൽകിവരുന്ന Post Graduate Degree in Planning എന്ന കോഴ്സ് സിവിൽ എഞ്ചിനീയർമാർ / ആർക്കിടെക്ടുകൾ / B. Plan ബിരുദധാരികൾ/Geography, Sociology, Economics, Statistics എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് മാത്രം പഠിക്കാൻ പറ്റുന്ന കോഴ്സാണ്.<br><br>കൂടാതെ ഇപ്പോൾ നടന്നു വരുന്ന PG course in Planning രണ്ടു വർഷ കാലാവധി (4 semester) ഉള്ളതും മേൽ കോഴ്സിൽ 18 വിഷയങ്ങൾക്കും 3 പ്രൊജക്ട് വർക്കുകൾക്കും dissertation നും പുറമേ അവസാന semester ൽ | |

| | | | | | |
|---|---|---|---|---|---|
| | | | | thesis work മാണ് ചെയ്തു വരുന്നത്. ദ്വിവത്സര Planning course ൽ Master Plan, Regional Plan, Area Development Plan തുടങ്ങിയ വിവിധ തരത്തിലുള്ള പ്ലാനുകൾ ഓരോ semester ലെ project വർക്കുകളായി ( team work ആയും മേഖല തിരിച്ചുള്ള ജോലികൾ individual work ആയും) വിശദമായി പഠിക്കുകയും ടി പഠനങ്ങളിൽ report & Map prepration നു തനതായ ഊന്നൽ നല്കിയുമാണ് PG Degree course പൂർത്തിയാക്കി വരുന്നത്. പ്രസ്തുത PG Degree course ലെ രണ്ടാം വർഷത്തിൽ (3rd semester) planning ലെ ഒരു വിഷയത്തിന്മേൽ വ്യക്തിഗതമായ ജോലിയായി ഗവേഷണ ശൈലിയിൽ ഒരു dissertation work ഉം തുടർന്ന് 4th semester ൽ Thesis work ഉം വ്യക്തിഗതമായി ചെയ്യുന്നുണ്ട്. ആയതിൽ നിന്നും നിലവിൽ ഉള്ള ദ്വിവത്സര Planning course മുന്പ് | |

| | | | | | |
|---|---|---|---|---|---|
| | | | | ഉണ്ടായിരുന്ന PG Diploma കോഴ്സിൽ നിന്നും കൂടുതൽ വിഷയങ്ങൾക്കും ആഴത്തിലുള്ള പ്ലാനിംഗ് വർക്കുകളും ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്.<br>മേൽ വിഷയങ്ങൾ പരിഗണിച്ച് PG ഡിപ്ലോമ എന്ന യോഗ്യത PG Degree course ന് തുല്യമായി പരിഗണിക്കുന്നത് അഭിലക്ഷണീയമല്ല. മേൽ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ വിശേഷാൽ ചട്ടങ്ങളിൽ ചീഫ് ടൌൺ പ്ലാനർ മുതൽ ഡെപ്യൂട്ടി ടൌൺ പ്ലാനർ വരെ ഉള്ള തസ്തികകളുടെ യോഗ്യതയിൽ നിന്നും Post Graduate Diploma എന്ന യോഗ്യത ഒഴിവാക്കുന്നതിനായി സർക്കാരിലെക്ക് ശുപാർശ ചെയ്യുന്നു. | |
| 123 | 14 | ഷാരോൺ ഡബ്ല്യ. ജി. & Others, Town | Planning Wing-ൽ "Post Graduate Diploma"-യെ "Post Graduate | 2001 ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ | DEA |

| | | | | | |
|---|---|---|---|---|---|
| | | Planning ഉദ്യോഗാർഥികൾ | Degree"-യ്ക്ക് തുല്യമായി സ്പെഷ്യൽ റൂളിൽ സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കണം എന്ന് ആപേക്ഷിചിരിക്കുന്നു. മറ്റ് അപേക്ഷകൾ സ്പെഷ്യൽ റൂളുമായി നേരിട്ട് ബന്ധപ്പെട്ടതല്ലാ എന്ന് കാണുന്നു. | റൂൾസിലും നിലവിൽ ഇപ്പോൾ വിജ്ഞാപനം ചെയ്തിട്ടുള്ള 2022 ലെ വിശേഷാൽ ചട്ടങ്ങളിലും Post Graduate Degree or Post Graduate Diploma എന്നിവ തുല്യമായി പരിഗണിച്ചതായി കാണുന്നത്, മുൻപ് ഇന്ത്യയിലെ പ്രധാനപ്പെട്ട പ്ലാനിംഗ് സ്കൂളുകൾ ആയ School of Planning & Architecture Delhi, Centre for Environmental Planning and Technology Ahmedabad എന്നിവയിൽ Post Graduation in Planning ന് നൽകിയിരുന്ന ഡിഗ്രി Post Graduate Diploma എന്ന നാമധേയത്തിൽ ആയിരുന്നു എന്ന വസ്തുത പരിഗണിച്ചാണ്. എന്നാൽ മേൽ യൂണിവേഴ്സിറ്റി/ പ്ലാനിംഗ് സ്കൂളുകളിൽ നിലവിൽ PG Diploma കോഴ്സുകൾ നിർത്തലാക്കി പ്ലാനിങ്ങിലുള്ള PG Degree കോഴ്സുകൾ ആണ് നൽകി വരുന്നത്. മേൽ യൂണിവേറിസ്റ്റികളിൽ നല്കിയിരുന്ന | |

| | | | | | |
|---|---|---|---|---|---|
| | | | | PG Diploma കോഴ്സുകൾ പഠിച്ച ജീവനക്കാർ നിലവിൽ ഇപ്പോൾ സർവീസിൽ ഇല്ലാത്തതുമാണ്.<br><br>ഇപ്പോൾ യൂണിവേഴ്സിറ്റികളോ പൊതു സ്ഥാപനങ്ങളോ നൽകി വരുന്ന PG Diploma കോഴ്സുകളിലെ പാഠ്യവിഷയങ്ങളും അവയുടെ എണ്ണവും കോഴ്സ് കാലാവധിയും മുൻപ് CEPT പോലെയുള്ള ഉയർന്ന university കളിൽ നൽകി വന്നിരുന്ന Post Graduate Diploma in Town & Country Planning എന്ന കോഴ്സ് / PG Degree in Planning കോഴ്സ് എന്നിവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. CEPT പോലെയുള്ള രാജ്യത്തെ പ്രമുഖ University കളിൽ മുൻപ് നൽകി വന്നിരുന്ന Post Graduate Diploma in Town & Country Planning എന്ന കോഴ്സ് ഒന്നര വർഷത്തെ കോഴ്സായിരുന്നു . ടികോഴ്സിൽ 4 trimester ലായി 19 വിഷങ്ങളും, ആദ്യ മൂന്ന് trimester ലും | |

| | | | | | |
|---|---|---|---|---|---|
| | | | | ഓരോ പ്ലാനിംഗ് ലാബ് (Area Planning/ Rural Planning, Urban Planning, Regional Planning) വർക്ക് വീതവും 4-ആം trimester ൽ ഒരു Mini Project Work-ഉം Dissertation ആണ് ഉൾപ്പെടുന്നത് . എന്നാൽ ഇപ്പോൾ IGNOU പോലെയുള്ള സ്ഥാപനങ്ങൾ നൽകി വരുന്ന 'PG Diploma Programme ൽ, നാല് theory വിഷയങ്ങളും Optional ആയ ഒരു project work-ഉം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്ലാനിങ് കോഴ്സിൽ വളരെ പ്രാധാന്യം ഉള്ള Project work പോലും IGNOU നൽകുന്ന programme ൽ ഒരു optional വിഷയമായതിനാൽ, IGNOU നൽകി വരുന്ന programme ലൂടെ പ്ലാനിങ്ങിലെ ഒരു പൊതു ധാരണ മാത്രമാണ് ലഭിക്കുന്നത്. IGNOU നല്കുന്ന മേൽ കോഴ്സ് ഏതു വിഷയത്തിലും ബിരുദം ഉള്ളവർക്ക് പഠിക്കാൻ കഴിയുന്നതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | | | എന്നാൽ പ്ലാനിംഗ് സ്കൂളുകളിൽ നൽകിവരുന്ന Post Graduate Degree in Planning എന്ന കോഴ്സ് സിവിൽ എഞ്ചിനീയർമാർ / ആർക്കിടെക്റ്റുകൾ / B. Plan ബിരുദധാരികൾ/Geography, Sociology, Economics, Statistics എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് മാത്രം പഠിക്കാൻ പറ്റുന്ന കോഴ്സാണ്.<br><br>കൂടാതെ ഇപ്പോൾ നടന്നു വരുന്ന PG course in Planning രണ്ടു വർഷ കാലാവധി (4 semester) ഉള്ളതും മേൽ കോഴ്സിൽ 18 വിഷയങ്ങൾക്കും 3 പ്രൊജക്റ്റ് വർക്കുകൾക്കും dissertation നും പുറമേ അവസാന semester ൽ thesis work മാണ് ചെയ്തു വരുന്നത്. ദ്വിവത്സര Planning course ൽ Master Plan, Regional Plan, Area Development Plan തുടങ്ങിയ വിവിധ തരത്തിലുള്ള | |

| | | | | | |
|---|---|---|---|---|---|
| | | | | പ്ലാനുകൾ ഓരോ semester ലെ project വർക്കുകളായി ( team work ആയും മേഖല തിരിച്ചുള്ള ജോലികൾ individual work ആയും) വിശദമായി പഠിക്കുകയും ടി പഠനങ്ങളിൽ report & Map prepration നു തനതായ ഊന്നൽ നല്കിയുമാണ് PG Degree course പൂർത്തിയാക്കി വരുന്നത്. പ്രസ്തുത PG Degree course ലെ രണ്ടാം വർഷത്തിൽ (3rd semester) planning ലെ ഒരു വിഷയത്തിന്മേൽ വ്യക്തിഗതമായ ജോലിയായി ഗവേഷണ ശൈലിയിൽ ഒരു dissertation work ഉം തുടർന്ന് 4th semester ൽ Thesis work ഉം വ്യക്തിഗതമായി ചെയ്യുന്നുണ്ട്. ആയതിൽ നിന്നും നിലവിൽ ഉള്ള ദ്വിവത്സര Planning course മുന്പ് ഉണ്ടായിരുന്ന PG Diploma കോഴ്സിൽ നിന്നും കൂടുതൽ വിഷയങ്ങൾക്കും ആഴത്തിലുള്ള പ്ലാനിംഗ് വർക്കുകളും | |

| | | | | | |
|---|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്.<br>മേൽ വിഷയങ്ങൾ പരിഗണിച്ച PG ഡിപ്ലോമ എന്ന യോഗ്യത PG Degree course ന് തുല്യമായി പരിഗണിക്കുന്നത് അഭിലക്ഷണീയമല്ല. മേൽ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ വിശേഷാൽ ചട്ടങ്ങളിൽ ചീഫ് ടൌൺ പ്ലാനർ മുതൽ ഡെപ്യൂട്ടി ടൌൺ പ്ലാനർ വരെ ഉള്ള തസ്തികകളുടെ യോഗ്യതയിൽ നിന്നും Post Graduate Diploma എന്ന യോഗ്യത ഒഴിവാക്കുന്നതിനായി സര്കാരിലെക്ക് ശുപാർശ ചെയ്യുന്നു. | |
| 124 | 15 | ജനറൽ സെക്രട്ടറി, Town Planning Staff Association | a. ഡെപ്യൂട്ടി ടൗൺപ്ലാനർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾ ചട്ടം റദ്ദാക്കണമെന്നും 2001 സ്പെഷ്യൽ റൂൾ പ്രകാരമുള്ള | 1. സ്പെഷ്യൽ റൂൾസ് 2022 നിലവിൽ വന്ന 27.10.2022 തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നേരത്തെ | DEA |

| | | | | | |
|---|---|---|---|---|---|
| | | | നിയമന രീതി തുടരണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.<br>b. ഉയർന്ന തസ്തികകളിലേക്ക് വേണ്ടുന്ന യോഗ്യതകളിൽ മാറ്റം വരുത്തിയത് സംബന്ധിച്ച്, Special rule 2001 -പ്രകാരം, സീനിയർ ടൗൺ പ്ലാനർ പോസ്റ്റിലേക്കുള്ള പ്രൊമോഷന് വേണ്ടുന്ന യോഗ്യതകളിൽ Civil Engineering / B.Arch ബിരുദം എന്നുള്ളത് പുനസ്ഥാപിക്കണം എന്നും അഭ്യർത്ഥിച്ചിരിക്കുന്നു.<br>c. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പിലെ ട്രേസർ തസ്തികയിലേക്ക് ലഭിച്ചിരുന്ന പ്രൊമോഷൻ LSGD പ്ലാനിംഗ് വിംഗിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മാത്രമായി സംരക്ഷിച്ചു തരുവാൻ അപേക്ഷിച്ചിരിക്കുന്നു.<br>d. അസിസ്റ്റന്റ് ടൗൺപ്ലാനർ | നിലവിലുണ്ടായിരുന്ന Special Rules for the Kerala Town and Country Planning Service 2001 & Special Rules for the Kerala Town and Country Planning Sub ordinate Service 2001 എന്നിവ പ്രകാരം ഏതു പോസ്റ്റ് വരെ പ്രൊമോഷൻ ലഭിക്കുമായിരുന്നോ ആ പോസ്റ്റ് വരെ ലഭിക്കുന്നതിനായി ചട്ടം 12(2) പ്രകാരം പരിരക്ഷ നല്കിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ ചേർത്തിട്ടുള്ള ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം നിലവിലെ ഉദ്യോഗസ്ഥരെ ബാധിക്കുകയില്ല. കൂടാതെ കേന്ദ്ര സർക്കാരിന്റെ വിവിധ സ്കീമുകളിൽ സംസ്ഥാനത്തെ നഗരഗ്രാമാസൂത്രണ വകുപ്പിൽ Qualified Planner മാർ ഉണ്ടായിരിക്കണം എന്ന വിഷയത്തിൽ മുന്ഗണന | |

| | | | | | |
|---|---|---|---|---|---|
| | | | തസ്തികയുടെ അടുത്ത പ്രമോഷൻ തസ്തികയായ ഡെപ്യൂട്ടി ടൗൺ പ്ലാനറിലേക്ക് അർഹരാകണമെങ്കിൽ എം.പ്ലാൻ യോഗ്യതയുമായി സർവ്വീസിൽ പ്രവേശിച്ചവർക്ക് 2 വർഷവും (പ്രൊബേഷൻ കാലാവധി) മറ്റുള്ളവർക്ക് അതായത് ബി.ടെക്ക്/ബി.ആർക്ക് യോഗ്യതയുള്ളവർക്ക് 5 വർഷവും പ്രവൃത്തി പരിചയവും വേണ്ടതായി നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് അടുത്ത പ്രമോഷൻ തസ്തികയായ ടൗൺ പ്ലാനറിലേക്ക് ബി.ടെക്ക്/ബി.ആർക്ക് യോഗ്യതയുള്ളവർക്ക് വീണ്ടും 6 വർഷം കൂടി പ്രവർത്തി പരിചയം വേണമെന്ന് പറയുന്നു എന്നും സംയോജിത വകുപ്പിലെ മറ്റു സമാന തസ്തികകളിൽ ഈ രീതിലുള്ള വിവേചനം കാണുന്നില്ല എന്നും ആയതിനാൽ വിശേഷാൽ | നല്കുന്നുണ്ട്.ആയതിനു യോഗ്യത അടിസ്ഥാനത്തിൽ incentive ഫണ്ടും സ്കീമുകളിൽ പ്രതിപാദിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നും നഗരാസൂത്രണത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നൽകി വരുന്നുമുണ്ട് . മേൽ വിഷയങ്ങൾ പരിഗണിച്ച് ഡെപ്യൂട്ടി ടൌൺ പ്ലാനറുടെ നേരിട്ടുള്ള നിയമനം 3 : 1 അനുപാദത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നിലനിർത്താവുന്നതാണ്.<br>2. മറ്റു സംസ്ഥാനങ്ങളിൽ പ്ലാനിംഗ് തസ്തികകളിൽ പ്ലാനിങ്ങിൽ ബിരുദാന്തര ബിരുദം യോഗ്യത ഉള്ളവരെ മാത്രം ആണ് നിയമനത്തിനായി പരിഗണിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ പ്ലാനിംഗ് വിംഗ് കെട്ടിട നിർമാണ അപേക്ഷകൾ | |

| | | | | | |
|---|---|---|---|---|---|
| | | | ചട്ടങ്ങളിൽ അസിസ്റ്റന്റ് ടൗൺ പ്ലാനറിൽ നിന്നും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തി പരിചയം എന്നത് 5 വർഷത്തിൽ നിന്നും മൂന്ന് വർഷമായി നിജപ്പെടുത്തേണ്ടതും ഡെപ്യൂട്ടി ടൗൺ പ്ലാനറിൽ നിന്നും ടൗൺ ടൗൺ പ്ലാനർ തസ്തികയിലേക്കുള്ള പ്രവർത്തിപരിചയം സമാനമായി കുറക്കുകയോ ഒഴിവാക്കുകയോ ചെയ്യേണ്ടതാണെന്നും അപേക്ഷിച്ചിരിക്കുന്നു. | കൂടി പരിശോധിക്കുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചര് ബിരുദ ധാരികളെ അസിസ്റ്റന്റ് ടൌൺ പ്ലാനർ തസ്തികയിൽ എടുക്കാറുണ്ട്. പ്ലാനിംഗ് വിങ്ങിന്റെ പ്രധാന പ്രവർത്തന മണ്ഡലം സ്ഥല പര ആസൂത്രണം ആയതിനാൽ ഇത്തരത്തിൽ അസിസ്റ്റന്റ് ടൌൺ പ്ലാനര്മാരായി സർവീസിൽ കയറുന്ന ഉദ്യോഗസ്ഥർ പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം എടുക്കുന്നതിനായി പരമാവധി പ്രേരിപ്പിക്കുന്ന തത്വം ആണ് നിലവിലെ ചട്ടങ്ങളിൽ അവലംബിച്ചിരിക്കുന്നത് . ടി തത്വത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഉയർന്ന തസ്തികളിലേക്ക് ( സീനിയർ ടൌൺ പ്ലാനർ മുതൽ ചീഫ് ടൌൺ പ്ലാനർ വരെ) സ്ഥാനകയറ്റം ലഭിക്കുന്നതിനു | |

| | | | | | |
|---|---|---|---|---|---|
| | | | | പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം വേണമെന്നും കൂടാതെ ഡെപ്യൂട്ടി ടൌൺ പ്ലാനർ മുതൽ ഉള്ള എല്ലാ തസ്തികകൾക്കും ബിരുദാനന്തര ബിരുദം ഇല്ലാത്തവർക്ക് അധിക പ്രവർത്തി പരിചയവും നിശ്ചയിച്ചിട്ടുള്ളത്. ഇത്തരത്തിൽ എല്ലാ തലത്തിലും അധിക പ്രവർത്തി പരിചയവും , ഉയർന്ന തസ്തികളിലേക്ക് ( സീനിയർ ടൌൺ പ്ലാനർ മുതൽ ചീഫ് ടൌൺ പ്ലാനർ വരെ) സ്ഥാനകയറ്റം ലഭിക്കുന്നതിനു പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം വേണമെന്നും നിഷ്കർഷിക്കുമ്പോൾ കൂടുതൽ ഉദ്യോഗസ്ഥർ പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം നേടുന്നതിനു നിർബന്ധിതരാകും എന്നാണ് അനുമാനിക്കാൻ സാധിക്കുന്നത്.<br><br>ബി.ടെക്ക്/ബി.ആർക്ക് യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | ടൗൺ പ്ലാനറിൽ നിന്നും ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്കും ഡെപ്യൂട്ടി ടൗൺ പ്ലാനറിൽ നിന്നും ടൗൺ ടൗൺ പ്ലാനർ തസ്തികയിലേക്കും<br>നിർദ്ദേശ്ശിച്ചിരിക്കുന്ന പ്രവർത്തി പരിചയയങ്ങൾ (അഞ്ച് വർഷവും ആറു വർഷവും യഥാക്രമം ) കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്. കൂടാതെ സീനിയർ ടൗൺ പ്ലാനർ പോസ്റ്റിലേക്കുള്ള പ്രൊമോഷന് വേണ്ടുന്ന യോഗ്യതകളിൽ Civil Engineering / B.Arch ബിരുദം എന്നുള്ളത് പുനസ്ഥാപിക്കണം എന്നും ആവശ്യപെട്ടിട്ടുണ്ട് .ഈ നിർദേശങ്ങൾ നിലവിലുള്ള ചട്ടങ്ങളിൽ നയപരവും ഘടനാ പരമവുമായ മാറ്റം ആവശ്യപെടുന്നതും ആണ്. ഇത്തരത്തിൽ നിർദേശങ്ങളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | മേൽ വിശധമായ പഠനവും ചർച്ചകളും ആവശ്യം ആണ് . ഈ സാഹചര്യത്തിൽ ഈ അപേക്ഷ തത്കാലം Grievance Redressal Cell പരിഗണിക്കേണ്ടതില്ലായെന്നും ടി നിർദേശം, വേണ്ട പക്ഷം സര്കാരിനു വിശദമായ പഠനവും ചർച്ചകളും നടത്തിയ ശേഷം തീരുമാനം എടുക്കവുന്നതാനെന്നും അറിയിക്കുന്നതിനായി തീരുമാനിച്ചു. | |

M. G. RAJAMANICKAM IAS
PEN: 428158
PRINCIPAL DIRECTOR
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar P.O, Tvpm - 695003